VOL NO: 07 | ISSUE 19
www.nerpatham.com
mail@nerpatham.com
2023 MAY 13 | ₹10

# നേർപഥം
വാരിക

# ദൈവാസ്തിക്യം പ്രപഞ്ചം നാസ്തികത



സ്രഷ്ടാവിന്റെ അസ്തിത്വത്തെ കുറിച്ചുള്ള ചോദ്യങ്ങൾക്ക് നാഗരികതകളുടെ സംവാദപാരമ്പര്യമുണ്ട്. ജ്ഞാനശാസ്ത്രപരമായ ഒരു അസ്തിത്വത്തെ പൂർണമായി നിഷേധിക്കാൻ സാധ്യമല്ല എന്ന തത്ത്വശാസ്ത്ര ചിന്തയിലൂന്നിയ പൊതുനിലപാടിലേക്ക് ആസ്തിക-നാസ്തിക ചർച്ചകൾ കൊണ്ടുചെന്നെത്തിച്ചു എന്നത് ശുഭോദർക്കമാണ്. പ്രപഞ്ച സൃഷ്ടിപ്പിനെപറ്റിയുള്ള ചിന്തകളിലും മനുഷ്യാസ്തിക്യത്തിന്റെ വിശദീകരണത്തിലുമെല്ലാം നവനാസ്തികരുടെ നയംമാറ്റത്തിൽ ചെറിയൊരു പ്രതീക്ഷ നിഴലിക്കുന്നുണ്ട്.

## മണിപ്പൂർ കലാപം നൽകുന്ന സന്ദേശം

|| വഹ്‌യുകൾ തിരുത്തുന്ന അനുയായികൾ

|| ബദ്‌രീങ്ങളെ വിളിച്ചുതേടൽ ആരുടെ പാരമ്പര്യമാണ്

|| കേരളത്തിൽ ട്രാൻസ്ജൻഡർ ആത്മഹത്യകൾ തുടർക്കഥയാകുമ്പോൾ



സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

Enrol Now!

# GreenHome
RESIDENTIAL CAMPUS

## സവിശേഷ പഠന മേഖലകൾ:

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

**For Boys Grade 5 to 8**
**For Girls Grade 6 & 7**

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0329
# നേർപഥം
വാരിക

2023 മെയ് 13
1444 ശവ്വാൽ 20
പുസ്തകം 07 / ലക്കം 19




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
## ദൈവാസ്തിക്യം പ്രപഞ്ചം നാസ്തികത
ഷാഹുൽ പാലക്കാട്

മുഖമൊഴി
05
മണിപ്പൂർ കലാപം
നൽകുന്ന സന്ദേശം

വിമർശനം
06
ബദ്‌രീങ്ങളെ
വിളിച്ചുതേടൽ
ആരുടെ പാരമ്പര്യമാണ്?
മൂസ സ്വലാഹി കാര

ലേഖനം
26
കേരളത്തിൽ ട്രാൻസ്ജൻഡർ
ആത്മഹത്യകൾ
തുടർക്കഥയാകുമ്പോൾ
ഡോ. അബ്ദുല്ല ബാസിൽ സി.പി

ലേഖനം
18
മരണപ്പെട്ടവരുടെ
ആഗ്രഹങ്ങൾ!
ഡോ. ടി. കെ യൂസുഫ്

ലേഖനം
29
വഹ്‌യുകൾ തിരുത്തുന്ന
അനുയായികൾ!
പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ

ക്വുർആൻ ദർശനം
24
സൂറ: ഫുസ്സിലത്ത്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

വനിതാപഥം
34
രക്ഷിതാക്കൾ
മാതൃകയാവുക
ഡോ.യാസ്മിൻ
എം അബ്ബാസ്, പട്ടാമ്പി



# വിസ്ഡം ജില്ലാ ഓറിയന്റേഷൻ ക്യാമ്പുകൾക്ക് തുടക്കമായി

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ റമദാനിനു മുമ്പ് തുടങ്ങിവച്ച ഓറിയന്റേഷൻ ക്യാമ്പിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു. തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ സ്ഥലങ്ങളിലാണ് ക്യാമ്പ് നടന്നത്.

കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അഷ്‌റഫ്, ഫൈസൽ മൗലവി, ഷമീർ മദീനി, അബ്ദുറഹ്മാൻ മദനി, ഫൈസൽ ഇബ്‌റാഹീം എന്നിവർ നേതൃത്വം നൽകി. കാസറഗോഡ്, കണ്ണൂർ ജില്ലകളിൽ സി.പി. സലീം, അബ്ദുൽ മാലിക് സലഫി, മുജീബ് ഒട്ടുമ്മൽ, അബ്ദുല്ല ഫാസിൽ, അശ്‌റഫ് കല്ലായ് തുടങ്ങിയവരും; വയനാട് ജില്ലാ ക്യാമ്പിൽ നാസിർ ബാലുശ്ശേരി, അബൂബക്കർ സലഫി, ഹാരിസ് ബിൻ സലീം, കെ. സജ്ജാദ്, റഷീദ് കൊടക്കാട്ട് എന്നിവരും നേതൃത്വം നൽകി. ആദർശം, സംഘടന, സംഘാടനം, നയനിലപാടുകൾ, സംസ്കരണം തുടങ്ങി വിവിധ വിഷയങ്ങൾ ക്യാമ്പുകളിൽ ചർച്ച ചെയ്തു. ■

# 'സമകാലിക ഇന്ത്യയും ന്യൂനപക്ഷ നിലപാടുകളും' ടേബിൾ ടോക്ക് ശ്രദ്ധേയമായി

ജിദ്ധ: 'സമകാലിക ഇന്ത്യയും ന്യൂനപക്ഷ നിലപാടുകളും' എന്ന വിഷയത്തിൽ ജിദ്ദ ദഅ്‌വ കോഡിനേഷൻ കമ്മിറ്റി ശറഫിയ്യയിൽ സംഘടിപ്പിച്ച ടേബിൾ ടോക്ക് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി.കെ അഷ്‌റഫ് മോഡറേറ്ററായി. ജിദ്ദയിലെ രാഷ്ട്രീയ, മത, സാമൂഹിക, മാധ്യമ രംഗത്തെ പ്രമുഖർ ടേബിൾ ടോക്കിനെ ധന്യമാക്കി. ശൈഖ് ഫായിസ് അസ്സഹ്‌ലി മുഖ്യാതിഥിയായിരുന്നു. പീസ് റേഡിയോ സി.ഇ.ഒ പ്രൊഫ. ഹാരിസ് ബിൻ സലീം ചർച്ചക്ക് തുടക്കം കുറിച്ചു.

ചർച്ചയിൽ പങ്കെടുത്ത എല്ലാവരും സമകാലിക ഇന്ത്യൻ സാഹചര്യത്തെ ഓഡിറ്റ് ചെയ്തുകൊണ്ട് സംസാരിച്ചു. എണ്ണത്തിൽ കുറവ് എന്ന അർഥത്തിൽ യഥാർഥ ന്യൂനപക്ഷം ഫാസിസമാണെന്ന് വിലയിരുത്തി. വോട്ടിംഗ് പാറ്റേൺ വെച്ചുതന്നെ നോക്കിയാൽ ഇപ്പോൾ വെറും 35 ശതമാനത്തിന്റെ പിന്തുണയാണ് ഇവർക്കുള്ളതെന്നു കാണാം. മഹാഭൂരിപക്ഷം വരുന്ന മതനിരപേക്ഷ സമൂഹത്തിന്റെ ഐക്യം യാഥാർഥ്യമായാൽ ഫാസിസം നിഷ്പ്രഭമാകും.

ന്യൂനപക്ഷങ്ങളെ ഭിന്നിപ്പിച്ചും ഭീഷണിപ്പെടുത്തിയും പ്രീണിപ്പിച്ചും തങ്ങളുടെ അധികാരം നിലനിർത്താൻ നടക്കുന്ന ശ്രമങ്ങളെ തിരിച്ചറിയണം. ഭരണം ലഭിക്കുന്നതുവരെ ന്യൂനപക്ഷങ്ങളെ പരിഗണിക്കുന്നുവെന്ന് വരുത്തുകയും ശേഷം ഭരണമുപയോഗിച്ച് അവരെ വേട്ടയാടുകയും ചെയ്യുന്നതിന്റെ നേർക്കാഴ്ചയാണ് മണിപ്പൂരിൽ ഇപ്പോൾ കാണുന്നത്. ഈ അനുഭവം കേരളത്തിലെ ന്യൂനപക്ഷങ്ങൾക്ക് പാഠമാകണം.

സമുദായങ്ങൾ തമ്മിലുള്ള തർക്കം മതനിരപേക്ഷ വോട്ട് ഭിന്നിക്കാൻ ഇടയാക്കരുത്. അഭിപ്രായ വ്യത്യാസങ്ങൾ ഗുണകാംക്ഷയോടെ കൈകാര്യം ചെയ്യണം. ന്യൂനപക്ഷ സമുദായങ്ങൾ തമ്മിലും വിവിധ സമുദായത്തിലെ സംഘടനകൾ തമ്മിലും ആരോഗ്യകരമായ ഡയലോഗുകൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ടേബിൾ ടോക്ക് വിലയിരുത്തി. സോഷ്യൽ മീഡിയ വിതക്കുന്ന വിദ്വേഷത്തിന്റെ വിത്തുകളെ പ്രായോഗിക ജീവിതത്തിന്റെ ഊഷ്മളമായ സൗഹാർദം കൊണ്ട് പിഴുതെറിയാൻ നമുക്കാവണമെന്നും സംസാരിച്ച പ്രതിനിധികളെല്ലാം ഓർമപ്പെടുത്തി. ■

# മണിപ്പൂർ കലാപം നൽകുന്ന സന്ദേശം

ഇന്ത്യയുടെ ഒരു വടക്കു കിഴക്കൻ സംസ്ഥാനമാണ് മണിപ്പൂർ. തലസ്ഥാനം ഇംഫാൽ. വടക്ക് നാഗാലാന്റ്, തെക്ക് മിസോറാം, പടിഞ്ഞാറ് അസം, കിഴക്ക് മ്യാന്മർ എന്നിവയാണ് അതിർത്തികൾ. 1972ൽ നിലവിൽ വന്ന ഈ സംസ്ഥാനം 'ഇന്ത്യയുടെ രത്നം' എന്ന പേരിൽ അറിയപ്പെടുന്നു.

മണിപ്പൂരിലെ ഒരു കവയിത്രിയും പത്രപ്രവർത്തകയും സന്നദ്ധപ്രവർത്തകയുമായ ഇറോം ചാനു ശർമ്മിള സംസ്ഥാനത്ത് നിലവിലുള്ള ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട് 1958 (പട്ടാളത്തിന്റെ പ്രത്യേക അധികാര നിയമം) പൂർണമായും പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് 16 വർഷം നീണ്ടുനിന്ന നിരാഹാര സമരം നടത്തിയതിലൂടെ (2000 നവംബർ 2-2016 ആഗസ്റ്റ് 9) ലോകശ്രദ്ധ നേടിയ സംസ്ഥാനമാണ് മണിപ്പൂർ.

മണിപ്പൂർ ഇന്ന് അശാന്തമാണ്. അക്ഷരാർഥത്തിൽ കത്തിയെരിയുകയാണ്. സംസ്ഥാനത്തെ പ്രബല വിഭാഗമായ മെയ്തികൾക്ക് പട്ടികവർഗ പദവി നൽകുന്നതുമായി ബന്ധപ്പെട്ട് നാലാഴ്ച്ചയ്ക്കുള്ളിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശുപാർശ നൽകണമെന്ന കോടതിയുത്തരവ് വന്ന പശ്ചാത്തലത്തിലാണ് ഈ ചെറുസംസ്ഥാനം കലാപഭൂമിയായി മാറിയിരിക്കുന്നത് എന്നാണ് പറയപ്പെടുന്നത്.

എന്നാൽ ഇത് ആകസ്മികമായ, കേവലം പ്രതിഷേധ പ്രകടനം അക്രമത്തിലേക്ക് വഴിമാറിയതല്ല. മറിച്ച് തികച്ചും ആസൂത്രിതമായ ഒരു അജണ്ടയുടെ ഭാഗമാണ്.

2017ലെ തെരഞ്ഞെടുപ്പിൽ 60ൽ 28 സീറ്റുകൾ നേടിയ കോൺഗ്രസിനെ പ്രതിപക്ഷമാക്കി 22 സീറ്റുകൾ നേടിയ ബിജെപി അധികാരത്തിലെത്തുകയുണ്ടായി. കോൺഗ്രസ് എംഎൽഎമാരെ അടർത്തിയെടുത്താണ് അതിനു സാധിച്ചത്. താമസിയാതെ ചെറിയ ചില വികസന പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ നേരിട്ട് നടത്തിത്തുടങ്ങിയതോടെ ശങ്കിച്ചു മാറിനിന്നിരുന്ന കുറെ വിഭാഗം ക്രിസ്ത്യാനികൾ കൂടി കാവിക്കൊടി വാഹകരായി. അങ്ങനെ 2022ലെ തെരഞ്ഞെടുപ്പിൽ ആകെയുള്ള 60 സീറ്റിൽ 33 ഉം നേടി ബിജെപി ഒറ്റക്ക് ഭരണത്തിലേറി.

ഇനി വേണ്ടത് 42 ശതമാനം വരുന്ന ഹിന്ദുക്കളെ പൂർണമായും കൈയിലെടുക്കുക എന്നതാണ്. അതിനായി മെയ്തി വിഭാഗമായ നിങ്ങളാണ് മണിപ്പൂരിന്റെ ഡോമിനന്റ് കാസ്റ്റ് എന്നും ക്രിസ്ത്യാനികൾ നിങ്ങളുടെ അവകാശങ്ങളും ഭൂമിയും സംസ്കാരവും പതിയെ പതിയെ കൈയേറി ഒടുവിൽ നിങ്ങൾ ഇല്ലാതാകുമെന്നും പറഞ്ഞു വിഭാഗീയതയുടെയും ശത്രുതയുടെയും വിത്തു പാകി. അതോടൊപ്പം സംഘ പരിവാർ ഏജന്റ് മെയ്തി വിഭാഗത്തിനും റിസേർവേഷൻ വേണം എന്ന് പറഞ്ഞു കോടതിയിൽ കേസ് ഫയൽ ചെയ്തു. ഉടനെ അത് പരിശോധിക്കാൻ കോടതി നിർദേശം നൽകുകയായി.

ട്രൈബൽ മേഖലയിൽ അധഃസ്ഥിതരായി കഴിയുന്ന തങ്ങളുടെ അനുകൂല്യങ്ങൾ മെയ്തികൾ തട്ടിയെടുക്കുന്നു എന്ന സംശയത്താൽ ക്രിസ്ത്യൻ വിഭാഗം തെരുവിലിറങ്ങുന്നു. സംഘ പരിവാർ ആഗ്രഹിച്ചത് പോലെ കാര്യങ്ങൾ നീങ്ങുന്നു. ഏതാനും മണിക്കൂറുകൾ കൊണ്ട് അതൊരു ഉഗ്ര കലാപത്തിലേയ്ക്ക് എത്തുന്നു. പിന്നീട് കാര്യങ്ങൾ ഏറ്റെടുത്തത് പതിനായിരക്കണക്കിന് ആർഎസ്എസ് കേഡർമാരായിരുന്നു. അതോടെ ശേഷം അവിടെ നടന്നതെന്തെന്ന് വിവരിക്കേണ്ടതില്ല!

രാജ്യത്തെങ്ങും ക്രൈസ്തവർ സുരക്ഷിതരാണെന്ന് അവകാശപ്പെട്ട് സംഘപരിവാറിനെ പ്രീണിപ്പിക്കാൻ പ്രയത്നിക്കുന്ന സഭാ നേതൃത്വം മണിപ്പൂർ വിഷയത്തിൽ മൗനത്തിലാണ്.

കേവലം ഗോത്രവിഭാഗങ്ങൾക്കിടയിലെ അവകാശത്തർക്കമായല്ലാതെ, മതനിരപേക്ഷതയുടെ പ്രത്യക്ഷ ലംഘനമായി മണിപ്പൂർ സംഭവം മാറിയിരിക്കെ, ഈ വിഷയത്തിൽ മുഖ്യധാരാ മാധ്യമങ്ങൾ പുലർത്തുന്ന നിശ്ശബ്ദത വലിയൊരു അപകടസൂചന തന്നെയാണ്.



# ബദ്‌രീങ്ങളെ വിളിച്ചുതേടൽ ആരുടെ പാരമ്പര്യമാണ്?

**മൂസ സ്വലാഹി കാര**
:97473 45768

തൗഹീദിന്റെ പടഹധ്വാനി മുഴക്കിയ ബദ്ർ യുദ്ധ ചരിത്രത്തെ പ്രമാണങ്ങൾ പറഞ്ഞതു പ്രകാരം മനസ്സിലാക്കാതെ അടിവേരില്ലാത്ത ആശയ പ്രചാരണങ്ങളും ആചാരങ്ങളുമായി ആഘോഷിക്കുന്നവരാണ് സമസ്തയുടെ മുസ്‌ലിയാക്കന്മാർ. സ്വയം പിഴച്ചും അനുയായികളെ വഴിതെറ്റിച്ചുമാണ് ഇക്കൂട്ടർ കാലം കഴിക്കുന്നത്. ഇവരുടെ മേൽനോട്ടത്തിലുള്ള ആത്മീയ ചൂഷണ കേന്ദ്രങ്ങളിൽ ബദ്ർ ദിനം പ്രമാണിച്ച് കൊണ്ടാടപ്പെടുന്ന ആചാരങ്ങൾക്ക് വിഭിന്ന മുഖങ്ങൾ കാണപ്പെടുന്നു എന്നത് ഇതിന്റെയൊന്നും ഉറവിടത്തിന് ഇസ്‌ലാമുമായി ബന്ധമില്ലെന്ന് വ്യക്തമാകുന്നു.

ഒരുപാട് പേർ മുസ്‌ലിയാക്കന്മാരുടെ കെണിയിൽ വീഴുന്നത് അവർ പഠിപ്പിക്കുന്നതെല്ലാം നന്മയാണെ ന്ന വിചാരത്തിലാണ്. ഭൗതികതയിൽ ഭ്രമിച്ച ഇവർ അല്ലാഹുവിന്റെ താക്കീതുകളെ കാര്യത്തിലെടുക്കായൊണ് പ്രവർത്തിക്കുന്നത്.

അല്ലാഹു പറയുന്നു: “ഐഹികജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റിക്കൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെ

**തൗഹീദിന്റെ പടഹധ്വാനി മുഴക്കിയ ബദ്ർ യുദ്ധ ചരിത്രത്തെ പ്രമാണങ്ങൾ പറഞ്ഞതു പ്രകാരം മനസ്സിലാക്കാതെ അടിവേരില്ലാത്ത ആശയ പ്രചാരണങ്ങളും ആചാരങ്ങളുമായി ആഘോഷിക്കുന്നവരാണ് സമസ്തയുടെ മുസ്ലി യാക്കന്മാർ. സ്വയം പിഴച്ചും അനുയായികളെ വഴിതെറ്റിച്ചുമാണ് ഇക്കൂട്ടർ കാലം കഴിക്കുന്നത്. ഇവരുടെ മേൽനോട്ടത്തിലുള്ള ആത്മീയ ചൂഷണ കേന്ദ്രങ്ങളിൽ ബദ്ർ ദിനം പ്രമാണിച്ച് കൊണ്ടാടപ്പെടുന്ന ആചാരങ്ങൾക്ക് വിഭിന്ന മുഖങ്ങൾ കാണപ്പെടുന്നു എന്നത് ഇതിന്റെയൊന്നും ഉറവിടത്തിന് ഇസ്ലാമുമായി ബന്ധമില്ലെന്ന് വ്യക്തമാകുന്നു. ഒരുപാട് പേർ മുസ്ലിയാക്കന്മാരുടെ കെണിയിൽ വീഴുന്നത് അവർ പഠിപ്പിക്കുന്നതെല്ലാം നന്മയാണെ ന്ന വിചാരത്തിലാണ്. ഭൗതികതയിൽ ഭ്രമിച്ച ഇവർ അല്ലാഹുവിന്റെ താക്കീതുകളെ കാര്യത്തിലെടുക്കായൊണ് പ്രവർത്തിക്കുന്നത്.**

ല്ലാം പൊളിഞ്ഞുപോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ" (11:15,16).

2023 ഏപ്രിൽ ആദ്യലക്കം രിസാല വാരികയിൽ ബദ്രീങ്ങളെ സംബന്ധിച്ച് ഒരു മുസ്ലിയാർ എഴുതിയത് കാണുക: 'പ്രയാസങ്ങളും പ്രാരാബ്ധങ്ങളും നീങ്ങിക്കിട്ടാനും ഉദ്ദേശ്യപൂർത്തീകരണത്തിനും വേണ്ടി ബദ്രീങ്ങളുടെ പേരിലുള്ള മൗലിദുകളും റാതീബുകളും ബൈതുകളും പതിവാക്കിയ മുസ്ലിം കമ്യൂണിറ്റിയാണ് കേരളത്തിൽ. കേരളത്തിന് പുറത്തും അറബ് രാജ്യങ്ങളിലും ഇതേ സംസ്കാരം നിലനിൽക്കുന്നുണ്ട്. നാത് ബദ്റ് എന്ന പേരിൽ ഉറുദു കമ്യൂണിറ്റിയിൽ ബദ്റ് പ്രകീർത്തനം ഏറെ വിശേഷം നിറഞ്ഞതാണ്'(പേജ്:16).

ലോകത്ത് പലയിടങ്ങളിലും സ്ഥാനമുറപ്പിച്ച ശിയാ-സൂഫികൾ ചെയ്യുന്ന ഈ അത്യാചാരങ്ങളുടെ സ്വാധീന ഫലമായി പ്രതിസന്ധിഘട്ടങ്ങളിലും ബുദ്ധിമുട്ട് അനുഭവിക്കുമ്പോഴും അല്ലാഹുവിലേക്ക് അഭയം തേടുന്നതിന് പകരം ഇത്തരം വ്യാജ ഏടുകളെ ആശ്രയിക്കുന്ന അവസ്ഥ കേരള മുസ്ലിംകൾക്കിടയിലു ണ്ടായിട്ടുണ്ട്. പുരോഹിതവർഗം പ്രമാണങ്ങളെ അവഗണിച്ചതും സംസ്കരണത്തിന്റെ പാത തെളിയിച്ച അഹ്ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാരെ പരിഗണിക്കാത്തതും ഇതിന് വലിയ കാരണമാണ്.

'തവക്കുൽ' എന്ന, ആരാധനയുടെ മുഖ്യയിനത്തെയാണ് ഇതിലൂടെ ഇവർ ബദ്ർ ശുഹദാക്കൾക്ക് വകവെച്ച് കൊടുക്കുന്നത്. അല്ലാഹുവിന്റെ കൽപനകളോടും നബി(സ്വ)യുടെ അധ്യാപനങ്ങളോടും വിശ്വാസികളുടെ ജീവിതത്തോടുമുള്ള മുസ്ലിയാക്കന്മാരുടെ അവജ്ഞയാണ് ഇവിടെ പരസ്യമാകുന്നത്. അല്ലാഹു പറയുന്നു: "അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്നപക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്"(65:3).

നബി(സ്വ)യോടുള്ള അല്ലാഹുവിന്റെ കൽപന കാണുക: "അതിനാൽ നീ അല്ലാഹുവിൽ ഭരമേൽപിച്ചു കൊള്ളുക. തീർച്ചയായും നീ സ്പഷ്ടമായ സത്യത്തിൽ തന്നെയാകുന്നു"(27:79).

സത്യവിശ്വാസികളോടാകമാനമുള്ള അല്ലാഹുവിന്റെ കൽപന കാണുക: "നിങ്ങൾ വിശ്വാസികളാണെ ങ്കിൽ അല്ലാഹുവിൽ നിങ്ങൾ ഭരമേൽപിക്കുക" (5:23).

ഇമാം ഇബ്നു ഖുസൈമ (റഹ്) പറയുന്നു: 'അല്ലാഹുവിന്റെ സൃഷ്ടികളുടെ ഉപദ്രവത്തിൽ നിന്നും കഅ്ബയെ കൊണ്ട് ഞാൻ കാവലിനെ തേടുന്നു, അല്ലെങ്കിൽ അല്ലാഹുവിന്റെ സൃഷ്ടികളുടെ ദോഷത്തിൽ നിന്നും സ്വഫയെ കൊണ്ടും മർവയെ കൊണ്ടും, അല്ലെങ്കിൽ അറഫയെ കൊണ്ടും മിനയെ കൊണ്ടും ഞാൻ കാവലിനെ തേടുന്നു എന്ന് പ്രാർഥിക്കാൻ അനുവാദം നൽകിയ ഏതെങ്കിലുമൊരു പണ്ഡിതനെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? അല്ലാഹുവിന്റെ ദീൻ പഠിച്ച ആരും അപ്രകാരം പറയുകയോ പറയാൻ അനുവദിക്കുകയോ ഇല്ല. സൃഷ്ടിക



**ബദ്‌രീങ്ങളുടെ പേരിൽ സമൂഹത്തിൽ നിലനിൽക്കുന്ന തെറ്റായ കാര്യങ്ങളെ പാരമ്പര്യവിശ്വാസമായും സത്യത്തിന്റെ പക്ഷത്തെ സലഫിസത്തിന്റെ തെറ്റായ സംവേദനമായും അവതരിപ്പിക്കുന്നത് വ്യർഥ വാദങ്ങൾക്ക് കൂടുതൽ സ്വാധീനം ലഭിക്കുവാൻ വേണ്ടിയാണ്. അജ്ഞതയും അവിവേകവും കാരണമായി ഇസ്‌ലാമിന്റെ അടിത്തറയുടെ കടയ്ക്കൽ കത്തിവെക്കുന്ന ഈ പുരോഹിതന്മാർ അല്ലാഹുവിന്റെ താക്കീതിനെ ഭയക്കട്ടെ: "പക്ഷേ, അക്രമം പ്രവർത്തിച്ചവർ യാതൊരു അറിവുമില്ലാതെ തങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരിക്കുകയാണ്. അപ്പോൾ അല്ലാഹു വഴിതെറ്റിച്ചവരെ ആരാണ് സന്മാർഗത്തിലാക്കുക? അവർക്ക് സഹായികളായി ആരുമില്ല''** (30:29).

ളുടെ കെടുതിയിൽനിന്നും സൃഷ്ടികളെ കൊണ്ട് കാവലിനെ തേടുക എന്നത് അസംഭവ്യമായ കാര്യമാണ്' (കിതാബുത്തൗഹീദ്).

ഇമാം ബൈഹഖി(റഹ്) തന്റെ കിതാബുൽ അസ്മാഇ വസ്സിഫാതിൽ അല്ലാഹുവിന്റെ വചനങ്ങളെ കൊണ്ട് കാവൽ ചോദിക്കുന്ന ചില ഹദീസുകൾ സൂചിപ്പിച്ചതിനു ശേഷം പറയുന്നു: 'സൃഷ്ടിയുടെ ശരീരിൽ നിന്നും സൃഷ്ടിയെ കൊണ്ട് തന്നെ കാവൽ ചോദിക്കുന്നത് ശരിയാവുകയില്ല.'

മുസ്‌ലിയാർ കണ്ടെത്തിയ ഒരു നിരീക്ഷണ ഫലത്തെപ്പറ്റി അദ്ദേഹം എഴുതിയത് കാണുക: 'അസ്മാഉൽ ബദ്റ് കേൾക്കാതെയോ ചൊല്ലാതെയോയുള്ള മാപ്പിള മുസ്‌ലിംകൾ ഉണ്ടാവില്ല. സലഫീധാരയിൽ വിശ്വസിക്കുന്നവർക്ക് പക്ഷേ, അസ്മാഉൽ ബദ്ർ ഒരു വിശേഷ കാര്യമല്ല. എന്നല്ല, പുണ്യം പ്രതീക്ഷിച്ച് അവരെ വിളിക്കുന്നതും കേൾക്കുന്നതും മതപരിത്യാഗത്തിന് വഴിവെക്കുമെന്നാണ് അവരുടെ വിശ്വാസം. പാരമ്പര്യ വിശ്വാസികളെ സംബന്ധിച്ച് അത് വലിയ പുണ്യ പ്രവർത്തനവും. ഈ രണ്ടറ്റങ്ങൾക്കിടയിൽ നിന്നു വേണം പാരമ്പര്യവിശ്വാസത്തിന്റെയും സലഫിസത്തിന്റെയും സംവേദനങ്ങൾ നിരീക്ഷിക്കാൻ'(പേജ് 16).

'പാരമ്പര്യ വിശ്വാസികൾ' എന്ന് സ്വയം അവകാശപ്പെടുന്ന, ശിർക്ക്-ബിദ്അത്തുകളെ പുൽകി ജീവിക്കുന്നവരെ മാതൃകയാക്കിയല്ല യഥാർഥ വിശ്വാസികൾ ജീവിക്കേണ്ടത്. വിശ്വാസങ്ങൾക്കും കർമങ്ങൾക്കും നബി(സ്വ)യോളം എത്തുന്ന പാരമ്പര്യമുണ്ടായിരിക്കണം. ആ പാരമ്പര്യത്തിനെതിരായ രീതി സ്വീകരിക്കുന്നവർക്ക് ക്വുർആൻ ശക്തമായ ശാസന നൽകിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: 'തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും (അല്ലാഹുവിന്റെ) ദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്കുതന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!'(4:115).

ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവർക്ക് അല്ലാഹു നൽകിയ ശ്രേഷ്ഠതയെക്കാൾ എത്രയോ മേലെയാണ് അവരുടെ മേൽ ഇക്കൂട്ടർ ചാർത്തുന്ന സ്ഥാനം.

പ്രമാണങ്ങളിൽ എവിടെയെങ്കിലും അവർ പ്രാർഥിക്കപ്പെടണമെന്നൊരു മഹത്ത്വം പഠിപ്പിക്കപ്പെട്ടിട്ടുണ്ടോ? അവരുടെ നാമങ്ങൾ വായിക്കുന്നതും കേൾക്കുന്നതും എഴുതി തൂക്കിയിടുന്നതും പുണ്യമായി കണക്കാക്കിയിട്ടുണ്ടോ? ഇസ്‌ലാം വിശേഷ കാര്യമായി കാണാത്ത ഒന്നിന്നെ ആ നിലക്ക് ഇവർ പരിചയപ്പെടുത്തുന്നതിന്റെ അടിസ്ഥാനമെന്താണ്? അസ്മാഉൽ ബദ്‌രിയ്യീൻ ക്രമത്തിൽ നബി(സ്വ) സ്വഹാബത്തിന് എണ്ണിപ്പഠിപ്പിച്ചതിന്റെയും അതിന്റെ മേന്മ പറഞ്ഞതിന്റെയും സ്വീകാര്യമായൊരു റിപ്പോർട്ട് ഏതെങ്കിലും സസ്ഥക്കാർക്ക് ഹാജറാക്കാൻ കഴിയുമോ?

ബദ്‌രീങ്ങളുടെ പേരിൽ സമൂഹത്തിൽ നിലനിൽക്കുന്ന തെറ്റായ കാര്യങ്ങളെ പാരമ്പര്യവിശ്വാസമായും സത്യത്തിന്റെ പക്ഷത്തെ സലഫിസത്തിന്റെ തെറ്റായ സംവേദനമായും അവതരിപ്പിക്കുന്നത് വ്യർഥ വാദങ്ങൾക്ക് കൂടുതൽ സ്വാധീനം ലഭിക്കുവാൻ വേണ്ടിയാണ്. അജ്ഞതയും അവിവേകവും കാരണമായി ഇസ്‌ലാമിന്റെ അടിത്തറയുടെ കടയ്ക്കൽ കത്തിവെക്കുന്ന ഈ പുരോഹിതന്മാർ അല്ലാഹുവിന്റെ താക്കീതിനെ ഭയക്കട്ടെ: "പക്ഷേ, അക്രമം പ്രവർത്തിച്ചവർ യാതൊരു അറിവുമില്ലാതെ തങ്ങളുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരിക്കുകയാണ്. അപ്പോൾ അല്ലാഹു വഴിതെറ്റിച്ചവരെ ആരാണ് സന്മാർഗത്തിലാക്കുക? അവർക്ക് സഹായികളായി ആരുമില്ല" (30:29).

ജനങ്ങളെ കൂടുതൽ ഇരുട്ടിലേക്കു തള്ളിവിടാൻ സമസ്ത പുതുതായി തുടങ്ങിയ അൽമഹ്ളറതുൽ ബദ്‌രീയ്യ, മജ്‌ലിസുന്നൂർ എന്നിവയെക്കുറിച്ച് മുസ്‌ലിയാർ അഭിപ്രായപ്പെടുന്നത് കാണുക: 'അസ്മാഉൽ ബദ്റുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരളത്തിൽ പ്രചാരം നേടിയ രണ്ടു പ്രകീർത്തന പ്രാർഥനാ സമാഹാരങ്ങളാണ് മഹ്ളറതുൽ ബദ്‌രിയ്യയും മജ്‌ലിസുന്നൂറും. അനുവാചകരുടെ ആത്മീയോന്നതി മുന്നിൽ കണ്ട് സ്ഥാപിക്കപ്പെട്ട രണ്ടു സമാഹാരങ്ങളുടെയും പ്രധാന ഭാഗം അസ്മാഉൽ ബദ്റ് ചൊല്ലുന്ന ബൈത്തുകളാണ്. അഹ്മദ് കോയ ശാലിയാതി തയാറാക്കിയ ബൈത്താണ് മഹ്ളറയുടെ മർമ ഭാഗം. സുൽത്വാനുൽ ഉലമ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരുടെ ഇജാസത്തോടെയാണ് മഹ്ളറ അനുവർത്തിച്ചുപോരുന്ന

ത്. മങ്കരത്തൊടി പാറമ്മൽ മുഹമ്മദ് മുസ്‌ലിയാർ തയാറാക്കിയ ബൈതാണ് മജ്‌ലിസുന്നൂറിലെ പ്രധാന ഭാഗം'(പേജ് 15,16).


സമാധാനവും ആത്മീയ അനുഭൂതിയും നേടിത്തരുന്ന സംഗമങ്ങളായിട്ടാണ് ഇതിനെയെല്ലാം ഇവർ പരിചയപ്പെടുത്തുന്നത്. വ്യക്തി കേന്ദ്രീകൃതമായിട്ടുള്ള ഇതിന്റെയൊക്കെ അപകടം എത്ര വലുതാണെന്ന് ജനം തിരിച്ചറിയുന്നില്ല. അല്ലാഹുവിൽ പങ്കുചേർക്കുന്നതിലേക്ക് നയിക്കുന്ന കഥകളും വാക്കുകളും കവിതാശകലങ്ങളുമാണ് ഈ സമാഹാരങ്ങളിലുള്ളത്. ഇത് പാടിയും പറഞ്ഞുമാണോ റബ്ബിനെ ഓർക്കേണ്ടത്?

അല്ലാഹു പറയുന്നു: "അതായത്, വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത് "(13:28)

നബി(സ്വ) ഇത്തരമൊരു കാര്യം മതമായി കാണിച്ചിട്ടില്ലാത്തതിനാൽ അത് തള്ളപ്പെടേണ്ടതാണ്. ആഇശ(റ)യിൽ നിന്ന് നിവേദനം, നബി (സ) പറഞ്ഞു: 'നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ ) പുതുതായി വല്ലതും ആരെങ്കിലും ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്'(ബുഖാരി).

അല്ലാഹുവിന്റെ ഭവനങ്ങളാണ് ഇതിന് വേദിയാക്കപ്പെടുന്നത്. പള്ളികൾ ശിർക്ക് പ്രചരിപ്പിക്കാൻ സ്ഥാപിക്കപ്പെട്ടവയാണോ? അല്ലാഹു പറയുന്നു: "മസ്ജിദുകൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർഥിക്കരുത്..."(72:18).

സ്വഹാബികൾക്കോ അഹ്‌ലുസ്സുന്നയുടെ ഇമാമുകൾക്കോ പരിചയമുള്ളതല്ലയിത്. മതത്തിൽ മാതൃകയില്ലാത്ത ഏത് കർമമാകട്ടെ അതിൽ ആത്മാർഥത എത്ര



നിറഞ്ഞ് കവിഞ്ഞാലും അത് സ്വീകരിക്കപ്പെടുകയില്ല. അല്ലാഹു പറയുന്നു: "അവിശ്വസിച്ചവരാകട്ടെ, അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായിത്തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന്ന് അവന്റെ കണക്ക് തീർത്തുകൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ" (24:39).

മുസ്‌ലിയാർ നടത്തിയ ദുർവ്യാഖ്യാന ശ്രമം കൂടി കാണുക: 'അല്ലാഹു തൃപ്തിപ്പെട്ടവരാണവർ. അവരോ അല്ലാഹുവിനെയും തൃപ്തിപ്പെട്ടിരിക്കുന്നു. ഇതിലപ്പുറം മുസ്‌ലിംകൾക്ക് ആശ്വസിക്കാൻ മറ്റെന്തു വേണം? ഇതാണ് ന്റെ ബദ്‌രീങ്ങളേ എന്ന വിളിയുടെ കാര്യം. ശുഹദാക്കൾ മരണപ്പെട്ടവരല്ല, അല്ലാഹുവിന്റെ സന്നിധിയിൽ അവർ ജീവിച്ചുകൊണ്ടിരിക്കുന്നു എന്നാണ് ഖുർആൻ പാഠം'(പേജ് 16).

ആലുഇംറാൻ:169, തൗബ:100 എന്നീ ആയത്തുകളിലെ അവസാന ഭാഗങ്ങളാണ് ഇവിടെ എടുത്തുന്നയിച്ചത്. ഈ ആയത്തുകൾ സ്വഹാബികളുടെയും ശുഹദാക്കളുടെയും വിഷയത്തിലാണെന്ന തിൽ സംശയമില്ല. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ അവരെ വിളിച്ചു തേടാൻ ആരാണ് പറഞ്ഞത്? എന്താണ് തെളിവ്?

ക്വുർആൻ നടത്തിയ താക്കീതാണ് ഉണർത്താനുള്ളത്. അല്ലാഹു പറയുന്നു: "ഇത് ലോകരക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു. നമ്മുടെ പേരിൽ അദ്ദേഹം (പ്രവാചകൻ) വല്ല വാക്കും കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ നാം വലതുകൈകൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു. അപ്പോൾ നിങ്ങളിൽ ആർക്കും അദ്ദേഹത്തിൽ നിന്ന് (ശിക്ഷയെ) തടയാനാവില്ല. തീർച്ചയായും ഇത് (ക്വുർആൻ) ഭയഭക്തിയുള്ളവർക്ക് ഒരു ഉൽബോധനമാകുന്നു"(69:43-48).

**"ഇത് ലോകരക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു. നമ്മുടെ പേരിൽ അദ്ദേഹം (പ്രവാചകൻ) വല്ല വാക്കും കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ നാം വലതുകൈകൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു. അപ്പോൾ നിങ്ങളിൽ ആർക്കും അദ്ദേഹത്തിൽ നിന്ന് (ശിക്ഷയെ) തടയാനാവില്ല. തീർച്ചയായും ഇത് (ക്വുർആൻ) ഭയഭക്തി യുള്ളവർക്ക് ഒരു ഉൽബോധനമാകുന്നു''**
(69:43-48).



# ദൈവാസ്തിക്യം പ്രപഞ്ചം നാസ്തികത

ഷാഹുൽ പാലക്കാട്

**സ്രഷ്ടാവിന്റെ അസ്തിത്വത്തെ കുറിച്ചുള്ള ചോദ്യങ്ങൾക്ക് നാഗരികതകളുടെ സംവാദപാരമ്പര്യമുണ്ട്. ജ്ഞാനശാസ്ത്രപരമായ ഒരു അസ്തിത്വത്തെ പൂർണമായി നിഷേധിക്കാൻ സാധ്യമല്ല എന്ന തത്ത്വശാസ്ത്രചിന്തയിലൂന്നിയ പൊതുനിലപാടിലേക്ക് ആസ്തിക-നാസ്തിക ചർച്ചകൾ കൊണ്ടുചെന്നെത്തിച്ചു എന്നത് ശുഭോദർക്കമാണ്. പ്രപഞ്ച സൃഷ്ടിപ്പിനെപറ്റിയുള്ള ചിന്തകളിലും മനുഷ്യാസ്തിക്യത്തിന്റെ വിശദീകരണത്തിലുമെല്ലാം നവനാസ്തികരുടെ നയംമാറ്റത്തിൽ ചെറിയൊരു പ്രതീക്ഷ നിഴലിക്കുന്നുണ്ട്.**

ദൈവമുണ്ടോ എന്ന ചോദ്യത്തിന് മനുഷ്യനാഗരികതകളുടെ സംവാദ പഴക്കമുണ്ടാകും. ദൈവമുണ്ടെന്ന് വാദിക്കുന്നവർ ആസ്തികർ (Theists) എന്നും, ഇല്ലായെന്ന് വാദിക്കുന്നവർ നാസ്തികർ (Atheists) എന്നും തിരിഞ്ഞ് നൂറ്റാണ്ടുകളായി ഈ വിഷയം സംവദിച്ചുകൊണ്ടിരിക്കുന്നു. പ്രാചീന ഗ്രീക്ക് തത്ത്വചിന്തകർ മുതൽ സ്റ്റീഫൻ ഹോക്കിങ്സ് വരെ വിവിധ വാദങ്ങൾ ഉന്നയിച്ച് ഈ സംവാദ ചരിത്രത്തിൽ പങ്കാളികളായി. ഇന്നും ഇതു തന്നെ തുടരുന്നു.

ഇത്തരം സംവാദങ്ങൾകൊണ്ടെല്ലാം എന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഇല്ലായെന്ന് പറയാൻ കഴിയില്ല. ദൈവത്തെ സംബന്ധിച്ചും യുക്തിയെ സംബന്ധിച്ചും പ്രപഞ്ചത്തെ സംബന്ധിച്ചുമൊക്കെ ബുദ്ധിപരമായ ഉൾക്കാഴ്ചയുണ്ടാക്കാനും ചില തീർപ്പുകളിലെത്താനും ഇത്തരം സംവാദങ്ങൾ സഹായിച്ചിട്ടുണ്ട്. പ്രധാനമായും ജ്ഞാനശാസ്ത്രപരമായി ഒരസ്തിത്വത്തെ പൂർണമായും നിരാകരിക്കാൻ കഴിയില്ലെന്നും അതുകൊണ്ട് ദൈവത്തെയും പൂർണമായും നിരാകരിക്കുക സാധ്യമല്ലെന്നും പറയുന്നതുവരെ നവനാസ്തികരെ കൊണ്ടെത്തിച്ചത് ഈ



തത്ത്വശാസ്ത്രപരമായ ബൗദ്ധിക സംവാദങ്ങളാണ്.

നാസ്തികർ ഈ പരിമിതി വ്യക്തമാക്കി തുടങ്ങിയതിന് നവനാസ്തിക തരംഗങ്ങൾക്കെല്ലാം പ്രധാന കാരണമായിയെന്ന് വിശേഷിപ്പിക്കപ്പെടാറുള്ള റിച്ചാർഡ് ഡോകിൻസ് പോലും ഒരു ഉദാഹരണമാണ്. ദൈവമില്ലെന്ന വാദത്തിൽ തനിക്ക് നൂറുശതമാനം ഉറപ്പൊന്നുമില്ലെന്ന് ഡോക്കിൻസ് പറഞ്ഞതായി വാഷിങ്ടൺ പോസ്റ്റ് റിപ്പോർട്ട് ചെയ്തതുകാണാം. ദി നേച്ചർ ഓഫ് ഹ്യൂമൺ ബീയിങ്സ് ആന്റ് ദി ക്വസ്റ്റ്യൻ ഓഫ് ദെയർ അൾട്ടിമേറ്റ് ഒറിജിൻ എന്ന തലക്കെട്ടിൽ 2012 ഫെബ്രുവരിയിൽ ഓക്സ്ഫഡിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ചർച്ചയിലാണ് ഡോക്കിൻസ് തന്റെ അവിശ്വാസത്തിനോടുള്ള വിശ്വാസമില്ലായ്മ പറയുന്നത്.

തങ്ങൾ ഒരിക്കലും ദൈവമില്ലായെന്നല്ല വാദിക്കുന്നത്, മറിച്ച് ദൈവമുണ്ടായിരിക്കാനുള്ള സാധ്യത വളരെ കുറവാണ് എന്നതാണ് തങ്ങളുടെ വാദമെന്നും ഡോക്കിൻസ് കൂട്ടിച്ചേർക്കുന്നു. There is no God (ദൈവമില്ല) എന്ന വാദത്തിൽനിന്നും There is probably no God (ഏറെക്കുറെ ദൈവമില്ലാതിരിക്കാനാണ് സാധ്യത) എന്ന് പറയുന്നതിലേക്ക് നാസ്തികതയെ കൊണ്ടെത്തിച്ചുവെന്ന പ്രശംസനീയമായ ധർമമാണ് ഡോക്കിൻസ് ചെയ്തിട്ടുള്ളത് എന്നു കാണാം.

നിരീക്ഷണമേഖലയ്ക്ക് പുറത്തുള്ള (Unobserved) യാതൊന്നിന്റെ അസ്തിത്വത്തെയും നിരാകരിക്കാൻ കഴിയില്ലെന്നും അത് ശാസ്ത്രവിരുദ്ധമായ കടുംപിടുത്തം കൂടിയാണെന്നും നാം മനസ്സിലാക്കിയതാണ്. അപ്പോൾ ദൈവത്തെ നിഷേധിക്കാൻ കഴിയില്ലെന്നു മാത്രമല്ല അത്

**ദൈവത്തെ സംബന്ധിച്ചും യുക്തിയെ സംബന്ധിച്ചും പ്രപഞ്ചത്തെ സംബന്ധിച്ചുമൊക്കെ ബുദ്ധിപരമായ ഉൾക്കാഴ്ചയുണ്ടാക്കാനും ചില തീർപ്പുകളിലെത്താനും ഇത്തരം സംവാദങ്ങൾ സഹായിച്ചിട്ടുണ്ട്. പ്രധാനമായും ജ്ഞാനശാസ്ത്രപരമായി ഒരസ്തിത്വത്തെ പൂർണമായും നിരാകരിക്കാൻ കഴിയില്ലെന്നും അതുകൊണ്ട് ദൈവത്തെയും പൂർണമായും നിരാകരിക്കുക സാധ്യമല്ലെന്നും പറയുന്നതുവരെ നവനാസ്തികരെ കൊണ്ടെത്തിച്ചത് ഈ തത്ത്വശാസ്ത്രപരമായ ബൗദ്ധിക സംവാദങ്ങളാണ്.**

അശാസ്ത്രീയവുമാണ്. ഇത് ലേശമെങ്കിലും യാഥാർഥ്യബോധമുള്ള പല നാസ്തികർ തന്നെയും അംഗീകരിച്ചു തുടങ്ങിയതായും കാണാം. ഒരസ്തിത്വത്തെയും പൂർണമായി ഇല്ലായെന്ന് തെളിയിക്കാൻ കഴിയില്ലെന്നും അതുകൊണ്ട് നാസ്തികതയുടെ അടിസ്ഥാനം തന്നെ തെളിയിക്കാൻ കഴിയാത്തതാണെന്നും (Unprovable Claim)) മലയാളത്തിലെതന്നെ മുൻനിര നാസ്തിക പ്രഭാഷകർ തന്നെ സമ്മതിച്ചിട്ടുണ്ട്. അപ്പോൾ ദൈവമുണ്ടെന്നു വാദിക്കാനാണ് തെളിവുള്ളത്; അതിനുമാത്രം.


> **ദൈവത്തെ സംബന്ധിച്ച അന്വേഷണങ്ങളുടെയെല്ലാം മർമം പ്രപഞ്ചത്തിന്റെ തന്നെ അസ്തിത്വമാണ്. എന്തുകൊണ്ട് മനുഷ്യനടക്കമുള്ള സർവതും നിലനിൽക്കുന്നുവെന്ന ചോദ്യത്തിൽനിന്നാണ് സകലതിന്റെയും സൃഷ്ടിപ്പിനും സംവിധാനത്തിനും കാരണമായതെന്തെന്ന ചർച്ചയുണ്ടാകുന്നത്. പ്രപഞ്ച നിലനിൽപിന്റെതന്നെ തത്ത്വശാസ്ത്രപരമായ അവലോകനങ്ങളിൽനിന്നാണ് ഒരുപിടി ഫിലോസഫിക്കലായ വാദങ്ങൾ പിന്നെ ദൈവത്തെ സ്ഥാപിക്കുന്നതെന്ന് കാണാം. പ്രപഞ്ചത്തിന്റെ കാരണങ്ങളെ തേടി ഒടുക്കം ദൈവത്തിൽ എത്തലാണിവയെല്ലാം.**

**പ്രപഞ്ചങ്ങളുടെ മൂലകാരണം**

ദൈവത്തെ സംബന്ധിച്ച അന്വേഷണങ്ങളുടെയെല്ലാം മർമം പ്രപഞ്ചത്തിന്റെ തന്നെ അസ്തിത്വമാണ്. എന്തുകൊണ്ട് മനുഷ്യനടക്കമുള്ള സർവതും നിലനിൽക്കുന്നുവെന്ന ചോദ്യത്തിൽനിന്നാണ് സകലതിന്റെയും സൃഷ്ടിപ്പിനും സംവിധാനത്തിനും കാരണമായതെന്തെന്ന ചർച്ചയുണ്ടാകുന്നത്. പ്രപഞ്ച നിലനിൽപിന്റെതന്നെ തത്ത്വശാസ്ത്രപരമായ അവലോകനങ്ങളിൽനിന്നാണ് ഒരുപിടി ഫിലോസഫിക്കലായ വാദങ്ങൾ പിന്നെ ദൈവത്തെ സ്ഥാപിക്കുന്നതെന്ന് കാണാം. പ്രപഞ്ചത്തിന്റെ കാരണങ്ങളെ തേടി ഒടുക്കം ദൈവത്തിൽ എത്തലാണിവയെല്ലാം. ഭൗതികമായി നിലനിൽക്കുന്ന ഏതൊന്നിനും ഒരു ബാഹ്യകാരണം അനിവാര്യമായി വരുന്നു എന്ന നിരീക്ഷണത്തിൽനിന്നാണ് കാര്യകാരണബന്ധങ്ങളെ സംബന്ധിച്ച ഈ ചർച്ച തുടങ്ങുന്നത്.

ഉദാഹരണത്തിന് നിങ്ങളുടെ കൈയിലിരിക്കുന്ന ഈ പുസ്തകം, അതിലെ ഓരോ അക്ഷരവും, നിങ്ങൾ ധരിച്ചിരിക്കുന്ന വസ്ത്രം, മേശ, കസേര... തുടങ്ങി ഏതൊരു ഭൗതിക വസ്തുവിനെയെടുത്താലും അതുണ്ടായി വന്നത് മറ്റു കാരണങ്ങളുടെ പ്രവൃത്തികൊണ്ടാണ്. ഈ ലേഖനം നിങ്ങൾ വായിക്കുന്നത് ഞാൻ അത് എഴുതിയതുകൊണ്ടാണ്. മേശയും കസേരയും വസ്ത്രങ്ങളുമൊക്കെ മറ്റാരോ ഉണ്ടാക്കിയതാണ്. നിങ്ങൾ കാണുന്ന ഓരോ അരിമണിക്കും മൺതരിക്ക് പോലും പിന്നിൽ ഇങ്ങനെ അനേകം കാരണങ്ങളുണ്ട്. ഇതാണ് കലാം കോസ്മോളജിക്കൽ ആർഗ്യുമെന്റ് ആശ്രയിക്കുന്ന ആദ്യത്തെ വസ്തുത.

കലാം കോസ്മോളജിക്കൽ ആർഗ്യുമെന്റ് ഏതൊന്നിനും പിറകിലെ കാരണത്തെയാണ് സ്ഥാപിക്കുന്നത്. എങ്കിൽ ഡിപ്പന്റൻസി ആർഗ്യുമെന്റ് പറയുന്നത് നിലനിൽക്കുന്ന ഭൗതികമായ എന്തിനും ഒരു വിശദീകരണം ആവശ്യമാണെന്നാണ്. ഉദാഹരണത്തിന് നിങ്ങൾ നിലനിൽക്കുന്നതിനുള്ള വിശദീകരണമാണ് (Explanation) നിങ്ങളുടെ മാതാപിതാക്കൾ. ഇങ്ങനെ നിലനിൽക്കുന്ന ഏതൊന്നിനും ബാഹ്യമായ വിശദീകരണം വേണ്ടിവരുന്നുവെന്നു മാത്രമല്ല, ഏതൊരു ഭൗതിക ഗുണത്തിനും അവസ്ഥയ്ക്കുംകൂടി ഇത് ബാധകമാണെന്നു വരുന്നു. അഥവാ നിങ്ങളുടെ കൈയിലെ മൊബൈൽ തന്നെയെടുത്താൽ മൊബൈൽ എന്ന ഒരൊറ്റ വസ്തുവിന്റെ നിലനിൽപിനുള്ള വിശദീകരണത്തെക്കുറിച്ച് മാത്രമല്ല അത് സംസാരിക്കുന്നത്; മറിച്ച് അതിന്റെ ഏതൊരു ഭൗതിക ഗുണത്തിനും ഒരു ബാഹ്യമായ വിശദീകരണം വേണ്ടിവരുന്നുവെന്നിത് പറയുന്നു. എന്തുകൊണ്ട് നിങ്ങളുടെ മൊബൈലിന് നിശ്ചിത രൂപം? (Why a limited shape?) എന്തുകൊണ്ട് നിശ്ചിതമായ ഒരു നിറം? എന്തുകൊണ്ട് നിശ്ചിതമായ ഒരു ഭാരം? എന്തുകൊണ്ട്



ഒരു പ്രത്യേകരൂപത്തിൽ ആന്തരികമായി അത് സംവിധാനിക്കപ്പെട്ടിരിക്കുന്നു? ഇങ്ങനെ ഓരോ ഭൗതികമായ ഗുണത്തിനും വിശദീകരണമെന്താ ണെന്ന് ചോദിക്കാം. ഇങ്ങനെ ചോദിക്കാൻ കഴിയുന്നത് മറ്റു സാധ്യതകൾ നിലനിൽക്കുമ്പോഴും ഒരു പ്രത്യേക ഗുണം മാത്രം അതിന് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് കൊണ്ടാണ്.

നിങ്ങളുടെ മൊബൈൽ കറുത്ത നിറത്തിൽ ഉള്ളതാണെങ്കിൽ ചുവപ്പോ, പച്ചയോ തുടങ്ങി എന്തുനിറവും ആകാനുള്ള സാധ്യതകൾക്ക് പകരം കറുത്ത നിറം തെരഞ്ഞെടുക്കപ്പെടുകയാണ് സംഭവിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ അതെന്തുകൊണ്ട് സംഭവിച്ചുവെന്ന ചോദ്യവുമുണ്ടാകും. തീർച്ചയായും ഇവയ്ക്കെല്ലാം ഉത്തരവും ഉണ്ട്. ഇങ്ങനെ നിലനിൽക്കുന്ന ഭൗതികമായ എന്തൊന്നിനും ഒരു ബാഹ്യകാരണം അനിവാര്യമായി വരുന്നു എന്ന് യുക്തിപരമായി സ്ഥാപിക്കുകയാണ് ഡിപ്പന്റൻസി ആർഗ്യുമെന്റ് ചെയ്യുന്നത്.

ഡിപ്പന്റൻസി ആർഗ്യുമെന്റ് സർവതിനെയും രണ്ടുതരത്തിൽ വേർതിരിക്കുന്നു:

1. അനിവാര്യമായ അസ്തിത്വം (Necessary Existence).
2. മറ്റൊന്നിനെ ആശ്രയിച്ച് മാത്രം നിലനിൽപുള്ളത് (Contingent Things).

സ്വാഭാവികമായും ഭൗതികമായ ഏതൊന്നിനെ എടുത്താലും അവയ്ക്ക് സ്വന്തമായ നിലനിൽപിനെ വിശദീകരിക്കാൻ കഴിയില്ലെന്നുകാണാം. അതിനാൽ സ്വയം നിലനിൽപില്ലാത്ത മറ്റൊന്നിനെ ആശ്രയിച്ചുമാത്രം നിലനിൽക്കുന്നതാണ് ഭൗതികമായതെന്തും എന്ന തീർപ്പിലേക്ക് ഈ വാദം യുക്തിപരമായി ചെന്നെത്തുന്നു.

**പ്രപഞ്ചത്തിന് തുടക്കമുണ്ടോ?**

ദൈവാസ്തിത്വത്തെ സംബന്ധിച്ച ചർച്ചകളിൽ പ്രപഞ്ചത്തിന് തുടക്കമുണ്ടോ എന്ന ചോദ്യം അതിപ്രധാനമാണ്. പ്രപഞ്ചത്തിന് തുടക്കമില്ലെങ്കിൽ പിന്നെയത് അനാദിയായി നിലനിൽക്കുന്നതാണെന്ന് വരും. പ്രപഞ്ചം അനാദിയാണെങ്കിൽ എന്നെന്നും നിലനിൽക്കുന്നതാണെന്നും, എന്നെന്നും നിലനിൽക്കുന്ന പ്രപഞ്ചത്തിന് പ്രത്യേകിച്ച് ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ലെന്നും നിരീശ്വര ചിന്തകർ പൊതുവിൽ വാദിക്കുന്നു. പ്രപഞ്ചത്തിന് തുടക്കമുണ്ടെന്നും അതിനാൽ സ്രഷ്ടാവിന്റെ സാന്നിധ്യം അനിവാര്യമാണെന്നും ആസ്തികപക്ഷവും വാദിച്ചുവരുന്നു. അതിനാൽ നാസ്തിക-ആസ്തിക സംവാദങ്ങളുടെ ഒരു മർമബിന്ദു കൂടിയാണ് ഈ പ്രശ്നം. കലാം കോസ്മോളജിക്കൽ ആർഗ്യുമെന്റിലേക്ക് വന്നാൽ ഇത് ദൈവത്തെ സ്ഥാപിക്കാൻ പ്രധാന തെളിവായി ഉപയോഗിക്കുന്നത് പ്രപഞ്ചോൽപത്തിയെയാണെന്നു കാണാം.

1. ഉൽപത്തിയുള്ള എന്തിനും ഒരു ബാഹ്യകാരണമുണ്ട്.
2. പ്രപഞ്ചത്തിന് ഉൽപത്തിയുണ്ട്.
3. അതിനാൽ പ്രപഞ്ചേതരമായ ഒരു കാരണം പ്രപഞ്ചസൃഷ്ടിപ്പിന് പിറകിൽ ഉണ്ട്.

കലാം കോസ്മോളജിക്കൽ ആർഗ്യുമെന്റിനെ പൊതുവിൽ അവതരിപ്പിക്കാറുള്ള ഒരു രൂപമാണ് മുകളിൽ. ഉൽപത്തിയുള്ള എന്തിനും പിറകിൽ ഒരു കാരണമുണ്ടെന്ന് പറഞ്ഞശേഷം പ്രപഞ്ചത്തിന് തുടക്കമുണ്ടെന്ന് സ്ഥാപിക്കാനാണ് ഇത് ശ്രമിക്കുന്നതെന്ന് കാണാം. അഥവാ പ്രപഞ്ചത്തിന്റെ ഉൽപത്തിയെ തെളിയിക്കേണ്ടത് കലാം കോസ്മോളജിക്കൽ ആർഗ്യുമെന്റ് സ്ഥാപിക്കാനുള്ള അനിവാര്യത കൂടിയാണ്. ആധുനിക ശാസ്ത്രം മനുഷ്യർക്ക് നൽകിയ വലിയ സംഭാവനകളിലൊന്ന് ഈ പ്രശ്നങ്ങളിൽ ഒരുൾക്കാഴ്ച ലഭിക്കുന്നതിന് സഹായിച്ചുവെന്നതാണ്.

പ്രപഞ്ചത്തിന് നിശ്ചിതമായ ഒരു തുടക്കമുണ്ടെന്ന് ഗവേഷണ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട ഒരു യുഗത്തിലാണ് നാം ഉള്ളത്. മഹാവിസ്ഫോടന സിദ്ധാന്തമനുസരിച്ച് (Big Bang Theory) പ്രപഞ്ചത്തിന്റെ തുടക്കത്തെയും പ്രകൃതത്തെയും വിശദീകരിക്കാൻ കഴിയുമെന്ന വീക്ഷണത്തിനാണ് ശാസ്ത്രലോകത്ത് ഇന്ന് മുൻതൂക്കം. വളരെ സൂക്ഷ്മമായ ഒരവസ്ഥയിൽനിന്നും വികസിച്ചുണ്ടായതാണ് പ്രപഞ്ചം എന്നിത് സിദ്ധാന്തിക്കുന്നു. പ്രപഞ്ചത്തെ കൃത്യമായും വിശദീകരിക്കാൻ കഴിയുന്നുവെന്നതാണ് മഹാവിസ്ഫോടന സിദ്ധാന്തത്തെ കൂടുതൽ ആധികാരികമാക്കുന്നത്. ഗ്യാലക്സികൾ തമ്മിൽ പരസ്പരം അകലുകയാണ് എന്ന നിരീക്ഷണമാണ് പ്രപഞ്ചോൽപത്തിക്ക് സൂചന നൽകുന്ന ഒന്നാമത്തെ ഘടകം.

എഡ്വിൻ ഹബ്ബിൾ 1929ൽ ഗ്യാലക്സികൾക്കിടയിൽ ചുവപ്പുനീക്കം (Red Shift) എന്ന പ്രതിഭാസത്തെ നിരീക്ഷിച്ചു. ചുവന്ന നിറത്തിന്റെ പ്രത്യേകത അത് കൂടിയ തരംഗ ദൈർഘ്യമുള്ളതാണെ ന്നാണ്. ഉപരിലോകത്തുനിന്നും ഈ നിറം കൂടുതലായി നിരീക്ഷിക്കാൻ കഴിഞ്ഞാൽ പ്രകാശ സ്രോതസ്സ് നമ്മിൽനിന്നും അകലുന്നുവെന്നാണതിനർഥം. അപ്പോൾ പ്രപഞ്ചത്തിൽ പൊതുവിൽ എല്ലായിടത്തുനിന്നും ഈ പ്രതിഭാസം കാണാൻ കഴിയുന്നുവെന്നത് തെളിയിക്കുന്നത് പ്രപഞ്ചത്തിന്റെ മൊത്തത്തിലുള്ള വികാസത്തെയാണ്. ഈ നിരീക്ഷണം മുന്നേ തിയററ്റിക്കലായി അനുമാനത്തിലുണ്ടായിരുന്ന പ്രപഞ്ചവികാസമെന്ന വീക്ഷണത്തിന് നിരീക്ഷണാത്മകമായ തെളിവുകൾ നൽകി.

പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്നു വന്നാൽ സ്വാഭാവികമായും ഇന്നലെ അതിന്റെ വലിപ്പം ഇതിലും കുറവാണെന്നാകുമല്ലോ. അപ്പോൾ കാലങ്ങളെ പിറകോട്ട് ചലിപ്പിച്ച് സങ്കൽപിച്ചാൽ പ്രപഞ്ചത്തിന്റെ വലിപ്പം കുറഞ്ഞുകുറഞ്ഞു വരും. ഇത് പ്രപഞ്ചസാന്ദ്രതയെല്ലാം കേന്ദ്രീകരിക്കപ്പെട്ടിരിക്കു ന്ന ഒരു സൂക്ഷ്മാവസ്ഥയിലേക്കാണ് ചെന്നവസാനിക്കുക.

അഥവാ പ്രപഞ്ചം അതിസാന്ദ്രമായ ഒരു ബിന്ദുവിൽനിന്നാരംഭിച്ചതാണെന്ന് ഇത് തെളിയിക്കുന്നു. ഇതിന് തെളിവെന്നോണം പ്രപഞ്ചാരംഭ കാലങ്ങളെ തെളിയിക്കുന്ന കോസ്മിക് മൈക്രോവേവ് ബാക്ക്ഗ്രൗണ്ട് റേഡിയേഷൻ 1965ൽ നിരീക്ഷിക്കപ്പെട്ടത് മഹാവിസ്ഫോടന സിദ്ധാന്തത്തിനുള്ള അനുബന്ധ തെളിവായി. പ്രപഞ്ചത്തിൽ ഹൈഡ്രജനും ഹീലിയവും അടങ്ങുന്ന ലളിത മൂലകങ്ങളെക്കാൾ അളവിൽ കുറവ് കാണുന്നതും മഹാവിസ്ഫോടനത്തിനുള്ള മറ്റൊരു തെളിവായി വായിക്കപ്പെടുന്നു.

### തെർമോ ഡൈനാമിക്സിന്റെ രണ്ടാം നിയമവും പ്രപഞ്ചവും

തെർമോ ഡൈനാമിക്സ് മുന്നോട്ടുവെക്കുന്ന പ്രധാന ആശയങ്ങളിലൊന്നാണ് എൻട്രോപ്പി. ക്രമരാഹിത്യത്തെ സംബന്ധിച്ച ഒരു പഠനമാണിതെന്നു പറയാം. തെർമോഡൈനാമിക്സിലെ രണ്ടാം നിയമമനുസരിച്ച് ഒരു അടഞ്ഞ വ്യൂഹത്തിൽ (Closed System) ക്രമത്തിൽനിന്നും ക്രമരാഹിത്യത്തിലേക്കുള്ള പരിണാമമാണ് സംഭവിക്കുക. ഈ ക്രമരാഹിത്യം അതിന്റെ മൂർധന്യാവസ്ഥയിൽ എത്തുന്ന അവസ്ഥയെ ഇക്വിലിബ്രിയം (Equilibrium) എന്നും വിശേഷിപ്പിക്കപ്പെടുന്നു.

പ്രപഞ്ചം നിശ്ചിതമായ സ്ഥലകാല മാനങ്ങൾക്കകത്ത് നിലനിൽക്കുന്നതായതു കൊണ്ടുതന്നെ അത് സ്വയം ഒരടഞ്ഞ വ്യൂഹമാണ്. അതുകൊണ്ട് തന്നെ തെർമോഡൈനാമിക്സിലെ ഈ നിയമം പ്രപഞ്ചത്തിനും ബാധകമാണ്. ഇതാണെങ്കിൽ പ്രപഞ്ചത്തിന് നിശ്ചിതമായ തുടക്കമുണ്ടെന്ന് നേർക്കുനേരെ തെളിയിക്കുകയും ചെയ്യുന്നു. കാരണം നാം കാണുന്ന പ്രപഞ്ചം ഒരിക്കലും പൂർണമായ ക്രമരാഹിത്യത്തിലെത്തിയ ഒരു ഇക്വിലിബ്രിയം അവസ്ഥയിലുള്ളതല്ല. പ്രപഞ്ചം അനാദിയായി നിലനിന്നിരുന്നതാണെങ്കിൽ അത് എൻട്രോപ്പി വർധിച്ച് എന്നോ തന്നെ ക്രമരാഹിത്യത്തിന്റെ മൂർധന്യാവസ്ഥയിൽ എത്തിച്ചേർന്നിരിക്കണം. പൂർണമായ താപമരണം (Heat Death) എന്നുകൂടി വിളിക്കാവുന്ന അത്തരമൊരവസ്ഥയിൽ നക്ഷത്രങ്ങളോ ഗ്യാലക്സികളോ ഒന്നും തന്നെ നിലനിൽക്കുക സാധ്യമല്ല. എന്നാൽ ഇവയെല്ലാം ഇന്നു നിലനിൽക്കുന്നുണ്ട് എന്നത് തന്നെയാണ് പ്രപഞ്ചം അനാദികാലമായി നിലനിൽപുള്ളതല്ല എന്നതിനും അതിനു നിശ്ചിതമായൊരു തുടക്കമുണ്ടെന്നതിനും തെളിവ്.

### അനാദി: ഒരു ഗണിതശാസ്ത്ര വിശകലനം

പ്രപഞ്ചത്തിന് അനാദിയായൊരു ഭൂതകാലമുണ്ട് എന്ന ലോകചിന്തയെയാണ് ദൈവനിരാസത്തിന് നാസ്തികത പ്രധാനമായും ആശ്രയിക്കുന്നത്. ഭൗതികത എന്നെന്നും നിലനിൽക്കുന്നുവെന്ന് സ്ഥാപിച്ചു കഴിഞ്ഞാൽ ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ലായ്മയെ തെളിയിക്കാൻ കൂടിയത് സഹായിക്കും എന്നതാണ് നാസ്തികരെ ഇതിനു പ്രേരിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ അനാദി(Infinity)യെന്ന ഗുണം പ്രപഞ്ചത്തിന് എത്രത്തോളം യോഗ്യമാണ് എന്നതിനെ സംബന്ധിച്ച വിശദമായ ചർച്ചകളും സംവാദങ്ങളും മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടുള്ളത്. യുക്തിപരമായ ഇത്തരം തത്ത്വശാസ്ത്ര സംവാദങ്ങൾ അധികവും പ്രപഞ്ചത്തിന്റെ അനാദിത്വത്തെ നിഷേധിക്കുന്നതിലാണ് ചെന്നെത്തുകയെന്നു കാണാം.

### (എ) അനന്തതയ്ക്ക് അറ്റമില്ല

അനന്തമായ ഒരു ശൃംഖലയ്ക്കും ഒരവസാനമുണ്ടാകില്ല (No infinite sereis can be completed) എന്ന വസ്തുതയെയാണ് പ്രപഞ്ചത്തിന് അനാദിയായ ഭൂതകാലം ഉണ്ടാവുക സാധ്യമല്ലെന്നതിന് പറയാവുന്ന ഒന്നാമത്തെ തെളിവ്. പ്രപഞ്ചത്തിനകത്ത് ചലനങ്ങളും പ്രവർത്തനങ്ങളും നടക്കുന്നുണ്ട് എന്നത് നാം അംഗീകരിക്കുന്ന നിരീക്ഷണമാണ്. എന്നാൽ അനാദിയായ ഭൂതകാലമുള്ള (Eternal Past) പ്രപഞ്ചത്തിൽ ഈ ചലനങ്ങളും മാറ്റങ്ങളും (Motions & Changes) അനാദി തവണതന്നെ നടന്നു കഴിഞ്ഞിട്ടുണ്ടാകണം. ഉദാഹരണത്തിന് അനന്തമായ പ്രപഞ്ചത്തിൽ ഗ്രഹങ്ങളും നക്ഷത്രങ്ങളുമൊക്കെ അനാദി തവണ ഇതിനകം ഭ്രമണം പൂർത്തിയാക്കിയിട്ടുണ്ടാകണം.

അനന്തതയ്ക്ക് അറ്റമില്ലാത്തതു കൊണ്ടുതന്നെ അത് പൂർണതയിലെത്തിയെന്നു വാദിക്കുന്നത് മഹാവൈരുധ്യമാവുകയും ചെയ്യും. കൂടാതെ അനന്തമായ പ്രപഞ്ചത്തിൽ ഇതിനോടകം അനന്തമായ അത്രയും നിമിഷങ്ങൾ ഉണ്ടായിട്ടുണ്ടാകണം. എങ്കിൽ അനന്തമായ

**പ്രപഞ്ചം നിശ്ചിതമായ സ്ഥലകാല മാനങ്ങൾക്കകത്ത് നിലനിൽക്കുന്നതായതു കൊണ്ടുതന്നെ അത് സ്വയം ഒരടഞ്ഞ വ്യൂഹമാണ്. അതുകൊണ്ട് തന്നെ തെർമോഡൈനാമിക്സിലെ ഈ നിയമം പ്രപഞ്ചത്തിനും ബാധകമാണ്. ഇതാണെങ്കിൽ പ്രപഞ്ചത്തിന് നിശ്ചിതമായ തുടക്കമുണ്ടെന്ന് നേർക്കുനേരെ തെളിയിക്കുകയും ചെയ്യുന്നു. കാരണം നാം കാണുന്ന പ്രപഞ്ചം ഒരിക്കലും പൂർണമായ ക്രമരാഹിത്യത്തിലെത്തിയ ഒരു ഇക്വിലിബ്രിയം അവസ്ഥയിലുള്ളതല്ല. പ്രപഞ്ചം അനാദിയായി നിലനിന്നിരുന്നതാണെങ്കിൽ അത് എൻട്രോപ്പി വർധിച്ച് എന്നോ തന്നെ ക്രമരാഹിത്യത്തിന്റെ മൂർധന്യാവസ്ഥയിൽ എത്തിച്ചേർന്നിരിക്കണം.**

(infinite) അത്രയും നിമിഷങ്ങളുടെ ശൃംഖലകൾക്കിപ്പുറം എങ്ങനെയാണ് ലോകം നിലനിൽക്കുക? നിങ്ങൾ ഓരോ പ്രവൃത്തി ചെയ്യുമ്പോഴും അതിനുമുമ്പ് അനാദിയായ നിമിഷങ്ങളുടെ ശൃംഖലകൾ കഴിഞ്ഞ ശേഷമാണ് അത് ചെയ്യുന്നതെന്നു വരും. അറ്റമില്ലാത്ത ഭൂതകാലമുള്ള പ്രപഞ്ചത്തിലാണ് നിങ്ങൾ ജീവിക്കുന്നതെങ്കിൽ ഇതെങ്ങനെയാണ് സംഭവിക്കുക?

ഒരു ചിന്താപരീക്ഷണം നോക്കാം. ഈ ലേഖനം വായിക്കുന്നതിനു നിങ്ങൾക്ക് മറ്റൊരാളുടെ സമ്മതം വേണമെന്ന് കരുതുക. എന്നാൽ അങ്ങനെ അയാൾ സമ്മതം തരുന്നതിന് അദ്ദേഹത്തിന് മറ്റൊരാളുടെ സമ്മതവും അവർക്ക് വേറെ ആളുടെ സമ്മതവും വേണം എന്നിങ്ങനെ ഈ ശൃംഖല അനന്തമായി പുറകോട്ട് നീളുന്നു എന്നും കരുതുക. എങ്കിൽ അനന്തമായ ഈ ആളുകളുടെ പുറകോട്ട് നീളുന്ന ശൃംഖലയെ താണ്ടി എന്നെങ്കിലും നിങ്ങൾക്ക് ഒരു അനുമതി വന്നെത്തുമോ? ഇല്ല എന്നുറപ്പാണ്. അതുപോലെ തന്നെ അനന്തമായ കാര്യകാരണങ്ങളുടെ ഭൂതകാലത്തെ താണ്ടി ഇന്ന് നിങ്ങൾ നിലനിൽക്കുകയും സാധ്യമല്ല.

ചുരുക്കത്തിൽ അറ്റമില്ലായ്മയുടെ അറ്റമെന്ന മഹാവൈരുധ്യത്തിലേക്കാണ് തുടക്കമില്ലാത്ത പ്രപഞ്ചം എന്ന ചിന്ത കൊണ്ടെത്തിക്കുന്നത്. അനന്തതയെ താണ്ടി ഒരു ഫലവും ഉണ്ടാകില്ല എന്നതുകൊണ്ട് ഇത് അസംഭവ്യതയാണ് താനും.

**(ബി) ഇൻഫിനിറ്റ് കൗണ്ടർ**

പ്രപഞ്ചത്തിന് സമാന്തരമായി നിമിഷങ്ങളെ എണ്ണുന്ന ഒരു കൗണ്ടർ നിലനിൽക്കുന്നുവെന്ന് കരുതുക. പൂജ്യത്തിൽനിന്നും അനന്തതയിലേക്ക് എണ്ണുന്നതിനുപകരം നേരേതിരിച്ച് അനന്തതയിൽനിന്നും പൂജ്യത്തിലേക്കാണ് ഇത് എണ്ണുന്നത് എന്നും സങ്കൽപിക്കുക. എങ്കിൽ അനന്ത എണ്ണിത്തീർന്ന് പൂജ്യത്തിലേക്ക് എത്തി നിൽക്കുന്നുണ്ടാകും. കാരണം പ്രപഞ്ചത്തിന് തുടക്കമില്ലെങ്കിൽ ഇന്നിത് മുമ്പ് അനന്തമായ ഭൂതകാലം കടന്നുപോയിട്ടുണ്ടാകുമല്ലോ!

പക്ഷേ, ഇന്നലെ ആ കൗണ്ടർ എടുത്ത് നോക്കിയതാണെങ്കിലും അത് പൂജ്യം ആയിട്ടുണ്ടാകും. കാരണം അനന്തമായ ഭൂതകാലമുള്ള പ്രപഞ്ചത്തിൽ ഇന്നലെയ്ക്ക് മുന്നിലും അനന്തമായ നിമിഷങ്ങൾ ഉണ്ടാകണം. അപ്പോൾ ദശലക്ഷമോ കോടിക്കണക്കിന് വർഷമോ മുമ്പാണ് ആ കൗണ്ടർ പരിശോധിക്കുന്നതെങ്കിലോ? അപ്പോഴും അത് പൂജ്യമായിരുന്നിരിക്കണം. അനന്തമായ ഭൂതകാലമുള്ള പ്രപഞ്ചത്തിലെ ഏതൊരു നിമിഷത്തെ എടുത്താലും അതിനുമുമ്പ് അനന്തമായ നിമിഷങ്ങൾ ഉണ്ടാകും. ഇതാണെങ്കിൽ കൃത്യമായ വൈരുധ്യവും ഒരു അസംഭവ്യതയും കൂടിയാണ്. പ്രപഞ്ചത്തിന്റെ അനാദിത്വം എന്ന ആശയത്തിലെ വൈരുധ്യം മനസ്സിലാക്കിക്കൊടുക്കാൻ സാധാരണയായി ഉപയോഗിക്കാറുള്ളൊരു ചിന്താപരീക്ഷണമാണിത്.



**(സി) ഹിർബർട്ട്സ് ഹോട്ടൽ പാരഡോക്സ്**

ഭൗതികമായ അനന്തത ഒരു അസംഭവ്യതയാണെന്ന് കാണിക്കാൻ ഉപയോഗിക്കുന്ന നിരവധി ചിന്താ പരീക്ഷണങ്ങളിൽ ഒന്നാണ് ഹിർബർട്ട്സ് ഹോട്ടൽ പാരഡോക്സ്. ഇതനുസരിച്ച് അനന്തമായ റൂമുകളുള്ള ഒരു ഹോട്ടൽ സങ്കൽപിക്കുക. അതിന്റെ അനന്തമായ റൂമുകളിലെല്ലാം ഓരോ വ്യക്തികൾ വീതം ഉണ്ടുതാനും. അപ്പോൾ പുതുതായി ഒരു വ്യക്തി വന്ന് തനിക്ക് റൂം വേണമെന്നാവശ്യപ്പെട്ടാലോ? സ്വാഭാവികമായും എല്ലാ അറകളിലും ആളുള്ളതിനാൽ പുതുതായി വന്ന മനുഷ്യന് കൊടുക്കാൻ ഒരു റൂമും ബാക്കിയുണ്ടാകില്ല. എന്നാൽ അനന്തമായ റൂമുകളുള്ള ഹോട്ടലിൽ റൂം കണ്ടെത്താനുള്ള ഗണിതശാസ്ത്ര സാധ്യതയുണ്ട്. അതിന് റൂം ഒന്നിലെ വ്യക്തിയെ രണ്ടിലേക്കും രണ്ടിലെ വ്യക്തിയെ മൂന്നിലേക്കും എന്നിങ്ങനെ തൊട്ടടുത്ത അക്കത്തിലുള്ള അറകളിലേക്ക് ആളുകളെ മാറ്റിയാൽ റൂം ഒന്ന് ഫ്രീ ആയിരിക്കും. പുതുതായി വന്ന ആൾക്ക് ആ റൂം കൊടുക്കാം.

അനന്തതയിലെ (Infinity) ഏതൊരു അക്കത്തിനു ശേഷവും മറ്റൊരു അക്കമുള്ളതുകൊണ്ട് തന്നെ ഈ മാറ്റപ്പെടുന്ന എല്ലാവർക്കും റൂം ലഭിക്കുകയും ചെയ്യും. അപ്പോൾ ഈ ഹോട്ടലിലെ അറകളിലെല്ലാം ആളുകൾ ഉണ്ടെന്നിരിക്കെ അനന്തമായ (Infinite) അത്രയും മറ്റൊരു കൂട്ടർ കൂടി ഹോട്ടലിൽ റൂം ആവശ്യപ്പെട്ട് വന്നുവെന്നു കരുതുക. എങ്കിൽ അതിനെ എങ്ങനെ പരിഹരിക്കും?

അനന്തതയനുസരിച്ച് ഇതിനും പരിഹാരമുണ്ട്. ഓരോ റൂമിലെ വ്യക്തികളെയും അതിനോട് രണ്ടുകൊണ്ട് ഗുണിച്ചാൽ കിട്ടുന്ന അക്കമായ റൂം നമ്പറിലേക്ക് മാറ്റുക. ഉദാഹരണത്തിന് റൂം നമ്പർ ഒന്നിലെ മനുഷ്യനെ രണ്ടിലേക്കും രണ്ടിലെ നാലിലേക്കും മൂന്നിലെ ആളെ ആറിലേക്കും

നാലിലെയാളെ എട്ടിലേക്കും എന്നിങ്ങനെ റൂം മാറ്റുക. അപ്പോൾ സംഭവിക്കുക, ഒറ്റ അക്ക നമ്പറിലുള്ള (Odd numbers)റൂമിലെ മനുഷ്യരെല്ലാം ഇരട്ട അക്കത്തിലുള്ള (even numbers)റൂമുകളിലേക്ക് മാറ്റപ്പെടും എന്നതാണ്. അപ്പോൾ സ്വാഭാവികമായും ഹോട്ടലിലെ ഒറ്റയക്ക നമ്പറുള്ള റൂമുകളെല്ലാം കാലിയായിരിക്കും. ഇനി അനന്തതയിൽ എത്ര ഒറ്റ സംഖ്യയുണ്ടെന്ന് ചോദിച്ചാലോ, അനന്തമായത്രയും തന്നെയുണ്ട്. അഥവാ അനന്തമായ അത്രയും ഒറ്റസംഖ്യയിലുള്ള റൂമുകൾ ആ ഹോട്ടലിൽ ഇപ്പോൾ ബാക്കി കിടക്കുന്നുണ്ട്. പുതുതായി വന്ന അനന്തമായ അത്രയും ആളുകൾക്ക് ആ റൂമുകൾ നൽകി ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ. എല്ലാ അറകളും മുഴുവനായിരിക്കെതന്നെ വീണ്ടും വരുന്ന എത്രയും ആളുകൾക്ക് അതിൽ ഒഴിഞ്ഞ അറകൾ കണ്ടെത്തുകയെന്നത് ഒരു അസംഭവ്യതയാണെന്ന കാര്യത്തിൽ സംശയമില്ല. ഭൗതിക ലോകത്തിൽ അനന്തതയെന്ന ആശയം അപ്രായോഗികമാണെന്ന് തെളിയിക്കുകയാണ് ഈ ചിന്താപരീക്ഷണം. അതിനാൽ ഇങ്ങനെ അനന്തമായ നിലനിൽപാണ് പ്രപഞ്ചം എന്നു കരുതുന്നതും തീർത്തും ശരിയല്ലാത്ത, വൈരുധ്യമാണെന്ന് ഈ ചിന്താപരീക്ഷണം തെളിയിക്കുന്നു.

### (ഡി) പ്രപഞ്ച ചലനങ്ങളുടെ അനന്തത

നാസ്തികർ കരുതുംപോലെ ഈ പ്രപഞ്ചം അനാദികാലമായി നിലനിൽപുള്ളതാണെന്ന് കരുതുക. എങ്കിൽ പ്രപഞ്ചത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചലനങ്ങളും (motions)അനാദി തൊട്ടേ നടന്നു കൊണ്ടിരിക്കുന്നതാകണം. എന്നാൽ ഇവിടെ ഗണിതശാസ്ത്രപരമായി അനന്തതയ്ക്ക് ഒരബദ്ധം പറ്റുന്നുണ്ട്. അത് മനസ്സിലാക്കാൻ മറ്റൊരു ചിന്താ പരീക്ഷണത്തിലേക്ക് വരാം. ഭൂമി സൂര്യനെ ചുറ്റി ചലിച്ചുകൊണ്ടിരിക്കുകയാണെന്ന് നമുക്കറിയാം. അപ്പോൾ ഇതെത്ര തവണ സൂര്യനെ വലംവെച്ച് കഴിഞ്ഞുവെന്ന് ചോദിച്ചാലോ? അതിന്റെ എണ്ണം കൃത്യമായി അറിയില്ലെങ്കിലും സൂര്യനെ ഭൂമി വലംവെച്ച അത്രയും എണ്ണത്തെ കാണിക്കാൻ സൂചിപ്പിക്കുന്ന സംഖ്യയുടെ സാധ്യതകൾ നോക്കാം.

1. അതൊരു ഒറ്റ സംഖ്യ ആയിരിക്കാം (Odd number).
2. അതൊരു ഇരട്ട സംഖ്യ ആയിരിക്കാം (Even Number).
3. അതൊരു ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും ആയിരിക്കാം (Both Even and Odd).
4. അത് ഒറ്റ സംഖ്യയോ ഇരട്ട സംഖ്യയോ അല്ല.

**സംഖ്യാപരമായി അനന്തത പൂർണതയുൾക്കൊള്ളുന്നത് ആയതുകൊണ്ടുതന്നെ അതെങ്ങനെയാണ് മറ്റൊന്നിനെ ചേർക്കാവുന്നതും അതനുസരിച്ച് മൂല്യവും പ്രകൃതവും മാറ്റാവുന്നതും ആവുക? ഇനി അനാദി തവണയായി നടക്കുന്ന ഒരു പ്രതിഭാസം സംഖ്യാപരമായി ഇരട്ടസംഖ്യയാണെന്ന് വാദിച്ചാലും ഈ പ്രശ്നം ആവർത്തിക്കും. അഥവാ ഒരു സംഖ്യ കൂടി ചേർത്താൽ അത് ഒറ്റ സംഖ്യയായി മാറും. അപ്പോൾ ഇത് പൂർണമല്ലെന്നാണ് വീണ്ടും തെളിയുന്നത്. പൂർണമല്ലെങ്കിൽ അത് അനന്തതയും അല്ല. കാരണം അനന്തത നിർവചനപ്രകാരം തന്നെ സ്വയം സമ്പൂർണമായതും മറ്റൊന്നിന്റെ കുറവില്ലാത്തതും ആണ്. ചുരുക്കത്തിൽ അനന്തമായ ഒരു പ്രപഞ്ചത്തിലെ ഒരു ചലനത്തെയും സംഖ്യാപരമായി മൂല്യം രേഖപ്പെടുത്താൻ കഴിയില്ലെന്ന മറ്റൊരു വൈരുധ്യം കൂടിയുണ്ടാകുന്നു.**

ഗണിത ശാസ്ത്രപരമായി ഇതിലെ അവസാനത്തെ രണ്ട് സാധ്യതയും സംഭവ്യമല്ല. ഒരിക്കലും ഒരു സംഖ്യയും ഒരേസമയം ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും ആവുകയില്ല. അപ്പോൾ പ്രപഞ്ചത്തിലെ ഒരു ചലനം ഒറ്റ സംഖ്യയോ അതല്ലെങ്കിൽ ഇരട്ട സംഖ്യയോ ആകാൻ മാത്രമാണ് സാധ്യത. ഇനി ഈ യുക്തിയനുസരിച്ച് നാസ്തികർ പ്രബോധനം ചെയ്യുന്ന അനന്ത പ്രപഞ്ചത്തെ വിശകലനം ചെയ്തുനോക്കാം. എങ്കിൽ പ്രപഞ്ചത്തിൽ നടക്കുന്ന ഒരു ചലനത്തെ സംഖ്യാപരമായി ഒറ്റയെന്നോ അതോ ഇരട്ടയെന്നോ ഏതാണ് വിളിക്കാൻ കഴിയുക? അനാദി കാലമായി നടക്കുന്ന ഏതൊരു ചലനത്തെയും ഒറ്റയെന്നോ ഇരട്ടയെന്നോ വിളിക്കാൻ കഴിയില്ല എന്നതാണ് ഇവിടെ സംഭവിക്കുന്ന പ്രധാന വെല്ലുവിളി.

ഒറ്റയെന്നു വിളിച്ചുകഴിഞ്ഞാൽ അതിനോട് ഒന്നു ചേർത്താൽ ഇരട്ട സംഖ്യയാവുമത്. സംഖ്യാപരമായി അനന്തത പൂർണതയുൾക്കൊള്ളുന്നത് ആയതുകൊണ്ടുതന്നെ അതെങ്ങനെയാണ് മറ്റൊന്നിനെ ചേർക്കാവുന്നതും അതനുസരിച്ച് മൂല്യവും പ്രകൃതവും മാറ്റാവുന്നതും ആവുക? ഇനി അനാദി തവണയായി നടക്കുന്ന ഒരു പ്രതിഭാസം സംഖ്യാപരമായി ഇരട്ട സംഖ്യയാണെന്ന് വാദിച്ചാലും ഈ പ്രശ്നം ആവർത്തിക്കും. അഥവാ ഒരു സംഖ്യ കൂടി ചേർത്താൽ അത് ഒറ്റ സംഖ്യയായി മാറും. അപ്പോൾ ഇത് പൂർണമല്ലെന്നാണ് വീണ്ടും തെളിയുന്നത്. പൂർണമല്ലെങ്കിൽ അത് അനന്തതയും അല്ല. കാരണം അനന്തത നിർവചനപ്രകാരം തന്നെ സ്വയം സമ്പൂർണമായതും മറ്റൊന്നിന്റെ കുറവില്ലാത്തതും ആണ്. ചുരുക്കത്തിൽ അനന്തമായ ഒരു പ്രപഞ്ചത്തിലെ ഒരു ചലനത്തെയും സംഖ്യാപരമായി മൂല്യം രേഖപ്പെ

**നാം നിലനിൽക്കുന്ന പ്രപഞ്ചം അനാദിയായി നിലനിൽക്കുക സാധ്യമല്ലെന്ന ബോധ്യം കുറച്ചെങ്കിലും നാസ്തികരെ ബാധിച്ചു തുടങ്ങിയിരിക്കുന്നതു കൊണ്ടാകണം, ചിലരെങ്കിലും പ്രപഞ്ചം അനാദിയല്ലെന്ന് സമ്മതിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ പ്രപഞ്ചത്തിനപ്പുറം മറ്റൊരു പ്രപഞ്ചം നിലനിന്നിരുന്നുവെന്നും അത് നശിച്ചപ്പോൾ ബാക്കി വന്നതിൽനിന്ന് നമ്മുടെ പ്രപഞ്ചമുണ്ടായിയെന്നും, അതല്ല ചില ക്വാണ്ടം ചാഞ്ചാട്ടങ്ങൾ (quantum fluctuations) കൊണ്ട് ഇങ്ങനെ വെറുതെ പ്രപഞ്ചങ്ങൾ ഉണ്ടാവുകയാണെന്നും ഒക്കെ പറയുന്ന നിരവധി നാസ്തിക ന്യായങ്ങൾ വേറെയും ഉണ്ട്. ഇവയൊന്നും ശാസ്ത്രീയമായി സാധ്യമല്ല എന്നതുപോട്ടെ, യുക്തിപരമായി പോലും ശരിയാകില്ല എന്നതിന് നിരവധി തെളിവുകളും ന്യായങ്ങളുമാണ് മുകളിൽ ഉന്നയിച്ചിട്ടുള്ളത്.**

ടുത്താൻ കഴിയില്ലെന്ന മറ്റൊരു വൈരുധ്യം കൂടിയുണ്ടാകുന്നു. ഇതൊരു അസംഭ്യവ്യതയായതു കൊണ്ടുതന്നെ അനാദിയായ പ്രപഞ്ചം എന്ന വാദത്തെ ഒരിക്കൽ കൂടിയിത് ഖണ്ഡിക്കുന്നു.

**(ഇ) ഇൻഫിനിറ്റി സമം ചെറിയ ഇൻഫിനിറ്റി**

അനന്തമായ പ്രപഞ്ചത്തിൽ സംഭവിക്കുന്ന മറ്റൊരു വൈരുധ്യത്തിലേക്ക് വരാം. ഭൂമി ഒരു വർഷം കൊണ്ടും, ശനി നാം കണക്കാക്കുന്ന 30 വർഷം കൊണ്ടുമാണ് സൂര്യനെ ഒരുവട്ടം വലയം ചെയ്തു തീർക്കുന്നതെന്ന് അറിയാമല്ലോ. അനന്തമായ പ്രപഞ്ചത്തിൽ ഇങ്ങനെ അനന്തമായി എന്തെങ്കിലും സംഭവിക്കുമോ എന്നു നോക്കാം.

പ്രപഞ്ചത്തിൽ അനാദികാലമായി ഈ ഭ്രമണങ്ങൾ (Orbits) നടക്കുന്നുണ്ടെങ്കിൽ സംഖ്യാപരമായി അവ നടത്തിയിട്ടുള്ള ഭ്രമണങ്ങളുടെ എണ്ണവും അനന്തമാകണമല്ലോ. അപ്പോൾ അനന്തമായാണ് ഭൂമിയും ശനിയുമൊക്കെ സൂര്യനെ ചുറ്റിക്കൊണ്ടിരിക്കുന്നത് എങ്കിൽ ഇവ രണ്ടിന്റെയും ഭ്രമണങ്ങളുടെ എണ്ണവും അനന്തമാണ്. ഇതിനെ ഇങ്ങനെ അടയാളപ്പെടുത്താം:

ഭൂമിയുടെ ഭ്രമണം = 8 (ഇൻഫിനിറ്റി).

ശനിയുടെ ഭ്രമണം =8 (ഇൻഫിനിറ്റി).

എങ്കിൽ അനന്തതയ്ക്ക് അനന്തത തുല്യമായതിനാൽ ഭൂമിയുടെ ഭ്രമണസംഖ്യയും ശനിയുടെ ഭ്രമങ്ങളുടെ എണ്ണവും തുല്യമാണെന്നു വരും.

എന്നാൽ ഇതൊരിക്കലും സംഭവ്യമല്ല. കാരണം ശനി ഒരു തവണ ഭ്രമണം ചെയ്യുന്ന നേരം കൊണ്ട് ഭൂമി 30 തവണ ഭ്രമണം തീർക്കുന്നു. ഈ അവസ്ഥയിൽ ശനിയുടെ ഭ്രമണങ്ങളുടെ എണ്ണത്തിന്റെ മുപ്പത് ഇരട്ടിയായിരിക്കണം ഭൂമിയുടെ ഭ്രമണങ്ങളുടെ എണ്ണം. അഥവാ ഇവയുടെ ഭ്രമണങ്ങളുടെ എണ്ണം ഒരിക്കലും തുല്യമാവില്ല. ഈ പറഞ്ഞ രണ്ട് കാര്യങ്ങളെയും കൂടി ഇങ്ങനെ ചേർക്കാം:

1) ഭൂമിയുടെ ഭ്രമണങ്ങളുടെ എണ്ണം x 30 = ശനിയുടെ ഭ്രമണങ്ങളുടെ എണ്ണം.
   (ഇതനുസരിച്ച് ശനിയുടെയും ഭൂമിയുടെയും ഭ്രമണങ്ങളുടെ എണ്ണം തുല്യമല്ല)
2) ഭൂമിയുടെ ഭ്രമണങ്ങൾ = 8 (അനന്തത).

ശനിയുടെ ഭ്രമണങ്ങളുടെ എണ്ണം =8 (അനന്തത). 8=8 ആയതിനാൽ ശനിയുടെയും ഭൂമിയുടെയും ഭ്രമണങ്ങളുടെ എണ്ണം തുല്യമാണ്.

അഥവാ ഇവകളുടെ ഭ്രമണങ്ങളുടെ എണ്ണങ്ങൾ ഒരേസമയം തുല്യമാണെന്നും അതേസമയം തുല്യമല്ലെന്നും ഉള്ള ആശയത്തിലേക്കാണ് ഈ അനന്തതയെന്ന യുക്തി കൊണ്ടെത്തിക്കുന്നത്. ഒരു സംഖ്യയും ഒരേസമയം തുല്യമാവുകയും തുല്യമാകാതിരിക്കുകയും ചെയ്യുന്ന അവസ്ഥയില്ല. അതിനാൽ ഈ കാരണം കൊണ്ടും പ്രപഞ്ചത്തിന്റെ ഭൂതകാലം അനന്തമാണെന്ന് വിശേഷിപ്പിക്കാൻ കഴിയില്ല.

**അനാദിയായ പ്രതിസന്ധി**

നാം നിലനിൽക്കുന്ന പ്രപഞ്ചം അനാദിയായി നിലനിൽക്കുക സാധ്യമല്ലെന്ന ബോധ്യം കുറച്ചെങ്കിലും നാസ്തികരെ ബാധിച്ചു തുടങ്ങിയിരിക്കുന്നതു കൊണ്ടാകണം, ചിലരെങ്കിലും പ്രപഞ്ചം അനാദിയല്ലെന്ന് സമ്മതിച്ചു തുടങ്ങിയിട്ടുണ്ട്. എന്നാൽ പ്രപഞ്ചത്തിനപ്പുറം മറ്റൊരു പ്രപഞ്ചം നിലനിന്നിരുന്നുവെന്നും അത് നശിച്ചപ്പോൾ ബാക്കി വന്നതിൽനിന്ന് നമ്മുടെ പ്രപഞ്ചമുണ്ടായിയെന്നും, അതല്ല ചില ക്വാണ്ടം ചാഞ്ചാട്ടങ്ങൾ (quantum fluctuations) കൊണ്ട് ഇങ്ങനെ വെറുതെ പ്രപഞ്ചങ്ങൾ ഉണ്ടാവുകയാണെന്നും ഒക്കെ പറയുന്ന നിരവധി നാസ്തിക ന്യായങ്ങൾ വേറെയും ഉണ്ട്. ഇവയൊന്നും ശാസ്ത്രീയമായി സാധ്യമല്ല എന്നതുപോട്ടെ, യുക്തിപരമായി പോലും ശരിയാകില്ല എന്നതിന് നിരവധി തെളിവുകളും ന്യായങ്ങളുമാണ് മുകളിൽ ഉന്നയിച്ചിട്ടുള്ളത്. ഭൗതികമായ ചലനങ്ങൾ കൊണ്ടോ സമയംകൊണ്ടോ മാറ്റങ്ങൾ (changes) കൊണ്ടോ കാര്യകാരണങ്ങളുടെ ശൃംഖലകൾ കൊണ്ടോ ഒന്നും തന്നെ അനന്തമായ ഭൂതാവസ്ഥ (infinite past) പ്രപഞ്ചത്തിനു പിറകിൽ സാധ്യമല്ലെന്ന് ഇവിടെ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു തരത്തിലുള്ള ഭൗതിക പ്രതിഭാസത്തെയും അതുകൊണ്ട് തന്നെ പ്രപഞ്ചത്തിനുള്ള കാരണമായി വാദിക്കാൻ കഴിയില്ലെന്ന കൃത്യമായ വസ്തുതയാണ് ഇത് നാസ്തികർക്ക് മുന്നിലേക്ക് നീട്ടുന്നത്.

*(തുടരും)*



# മരണപ്പെട്ടവരുടെ ആഗ്രഹങ്ങൾ!

ഡോ. ടി. കെ യൂസുഫ്
: 9349798262

**മരണം എന്നത് സുനിശ്ചിതമായ ഒരു കാര്യമാണ്. അതിനെ കുറിച്ച് എല്ലാവർക്കും ഉത്തമ ബോധ്യമുണ്ടായിരിക്കും. എന്നാൽ മരണശേഷമുള്ള മനുഷ്യന്റെ ആഗ്രഹങ്ങളെ കുറിച്ച് ശരിക്കും മനസ്സിലാക്കിയവർ ജീവിതത്തിൽ ഒരുനിമിഷം പോലും പാഴാക്കുകയില്ല. നമ്മൾ വ്യഥാ ചെലവഴിക്കുന്ന നിമിഷങ്ങൾ തിരിച്ച് കിട്ടിയിരുന്നുവെങ്കൽ എന്ന് മരണശേഷം അഗ്രഹിക്കുന്ന അവസ്ഥ വരാതിരിക്കാൻ നന്മയിൽ ബോധപൂർവം സമയം വിനിയോഗിക്കുക, അല്ലെങ്കിൽ നാളെ ഖേദിക്കേണ്ടിവരും.**

അനവധി ആഗ്രഹങ്ങളും സ്വപ്നങ്ങളുമായിട്ടാണ് ഓരോ മനുഷ്യനും ജീവിക്കുന്നത്. എന്നെങ്കിലും പൂവണിയുമെന്ന് കരുതുന്ന അഭിലാഷങ്ങളാണ് പലരെയും ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. ഒരു ദരിദ്രനെ സംബന്ധിച്ചേടത്തോളം സമ്പത്തും സുഖസൗകര്യങ്ങളുമുള്ള ഒരാളാകാനായിരിക്കും അവൻ ആഗ്രഹിക്കുന്നത്. രോഗം കാരണം ഭക്ഷണവും നിദ്രയും നിഷേധിക്കപ്പെട്ട ഒരു രോഗിക്ക് ശാരീരിക സൗഖ്യമായിരിക്കും ഏറ്റവും പ്രധാനപ്പെട്ടത്. എല്ലാം തികഞ്ഞവനെന്ന് നാം ധരിക്കുന്ന സമ്പന്നൻ ലോക സമ്പന്നരുടെ പട്ടികയിൽ ഒന്നാമനാകാൻ മത്സരിക്കുകയായിരിക്കും. ഐഹിക ജീവിതത്തിൽ ആരുടെയും ആഗ്രഹങ്ങൾ അവസാനിക്കുകയില്ല എന്നാണ് തിരുനബിവചനങ്ങൾ സൂചിപ്പിക്കുന്നത്.

നബി(സ്വ) പറഞ്ഞു: 'ആദമിന്റെ സന്തതിക്ക് സ്വർണത്തിന്റെ ഒരു താഴ്‌വരയുണ്ടായിരുന്നാൽ രണ്ട് താഴ്‌വരകളുണ്ടാകാൻ അവൻ ആഗ്രഹിക്കും. മണ്ണ



**ജീവിതം എന്നത് ആഗ്രഹങ്ങൾ സഫലീകരിക്കാനുള്ള പോരാട്ടമാണെങ്കിലും അധിക ജനങ്ങളും മോഹങ്ങൾ എങ്ങും എത്താതെ പെട്ടെന്ന് മരിക്കുകയാണ് ചെയ്യുന്നത്. ഒടുങ്ങാത്ത ജീവിതാഭിഷാങ്ങ ളുമായി മരണപ്പെടുന്നവർ മരണശേഷം എന്തായിരിക്കും ആഗ്രഹിക്കുക? മരണാന്തരം അവർക്ക് നമ്മോടും നമുക്ക് അവരോടും ആശയവിനിമയം നടത്താനുള്ള മാർഗങ്ങൾ അവസാനിച്ച സ്ഥിതിക്ക് അവരുടെ ഉള്ളുകള്ളികൾ അറിയാൻ പ്രമാണങ്ങൾ അവലംബിക്കുക മാത്രമെ നിർവാഹമുള്ളൂ. മരണശേഷം മനുഷ്യൻ പാരത്രിക ജീവിതത്തിലെ പല കാര്യങ്ങളും ബർസഖിൽ വെച്ച് അറിയുകയും ഒരു വമ്പിച്ച ദിവസം താൻ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്ന് ബോ ധ്യപ്പെടുകയും ചെയ്യുന്നതോടുകൂടി ദുനിയാവിലേക്ക് മടങ്ങിവന്ന് ഭൗതിക നേട്ടങ്ങൾ വാരിപ്പുണരാൻ വെമ്പൽ കൊള്ളുമോ, അതോ വെട്ടിപ്പിടിച്ചത് നിഷ്ഫലമായി കാണുമ്പോൾ ഖേദിക്കുമോ?**

ല്ലാതെ അവന്റും വായ നിറക്കുകയില്ല' (ബുഖാരി). മരിച്ച് മണ്ണടിയുന്നതുവരെ മനുഷ്യന്റെ ആഗ്രഹങ്ങൾ അവസാനിക്കുകയില്ലെന്നാണ് ഈ ഹദീസ് സൂചിപ്പിക്കുന്നത്.

ജീവിതം എന്നത് ആഗ്രഹങ്ങൾ സഫലീകരിക്കാനുള്ള പോരാട്ടമാണെങ്കിലും അധിക ജനങ്ങളും മോഹങ്ങൾ എങ്ങും എത്താതെ പെട്ടെന്ന് മരിക്കുകയാണ് ചെയ്യുന്നത്. ഒടുങ്ങാത്ത ജീവിതാഭിഷാങ്ങളുമായി മരണപ്പെടുന്നവർ മരണശേഷം എന്തായിരിക്കും ആഗ്രഹിക്കുക? മരണാന്തരം അവർക്ക് നമ്മോടും നമുക്ക് അവരോടും ആശയവിനിമയം നടത്താനുള്ള മാർഗങ്ങൾ അവസാനിച്ച സ്ഥിതിക്ക് അവരുടെ ഉള്ളുകള്ളികൾ അറിയാൻ പ്രമാണങ്ങൾ അവലംബിക്കുക മാത്രമെ നിർവാഹമുള്ളൂ. മരണശേഷം മനുഷ്യൻ പാരത്രിക ജീവിതത്തിലെ പല കാര്യങ്ങളും ബർസഖിൽ വെച്ച് അറിയുകയും ഒരു വമ്പിച്ച ദിവസം താൻ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നതോടുകൂടി ദുനിയാവിലേക്ക് മടങ്ങിവന്ന് ഭൗതിക നേട്ടങ്ങൾ വാരിപ്പുണരാൻ വെമ്പൽ കൊള്ളുമോ, അതോ വെട്ടിപ്പിടിച്ചത് നിഷ്ഫലമായി കാണുമ്പോൾ ഖേദിക്കുമോ?

ഐഹിക ജീവിതത്തിൽ ആളുകളുടെ ആഗ്രഹങ്ങൾ ഉയർന്ന ശമ്പളമുള്ള ജോലി, സൗന്ദര്യമുള്ള ഇണ, ആഡംബരപൂർണമായ വീട്, വാഹനം... തുടങ്ങിയവയായിരിക്കും. എന്നാൽ ദുനിയാവിലേക്ക് തിരിച്ച് വരാത്തവിധം യാത്രപറഞ്ഞവരുടെ ആഗ്രഹങ്ങൾ എന്തായിരിക്കും? പുണ്യവാന്മാരുടെയും പാപികളുടെയും മരണാനന്തര ആഗ്രഹങ്ങളെക്കുറിച്ച് ക്വുർആനിലും ഹദീസുകളിലും വന്ന ചില കാര്യങ്ങളാണ് ഇവിടെ വിവരിക്കുന്നത്.

### സജ്ജനങ്ങളുടെ ആഗ്രഹങ്ങൾ

ഒരു വിശ്വസി മരണശേഷം മഞ്ചലിൽ വഹിക്കപ്പെടുമ്പോൾ തനിക്ക് വാഗ്ദാനം നൽകപ്പെട്ട അനുഗ്രഹങ്ങൾ ആസ്വദിക്കാൻ വേഗത്തിൽ ക്വബ്റിടത്തിലേക്ക് എത്തിക്കാനാണ് വിളിച്ച് പറയുക.

നബി(സ്വ) പറഞ്ഞു: "മയ്യിത്തിനെ ശവമഞ്ചത്തിലാക്കി ആളുകൾ അവരുടെ ചുമലുകളിൽ അതിനെ വഹിച്ചാൽ അത് നല്ലവനാണെങ്കിൽ പറയും: 'എന്നെ മുന്നോട്ട് എടുക്കുവിൻ, എന്നെ മുന്നോട്ട് എടുക്കുവിൻ.' അത് നല്ലവനല്ലെങ്കിൽ പറയും: 'അതിന്റെ നാശം! അതുമായി നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്?' അതിന്റെ ശബ്ദം മനുഷ്യനല്ലാത്ത എല്ലാവരും കേൾക്കും. മനുഷ്യൻ അത് കേട്ടിരുന്നെങ്കിൽ അവൻ ബോധരഹിതനാകും" (ബുഖാരി).

വിശ്വാസിയെ ക്വബ്റിൽ വെക്കുകയും അവന് സ്വർഗത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുകയും ചെയ്താൽ അവൻ ദുനിയാവിലേക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുകയില്ല എന്ന് മാത്രമല്ല, അനശ്വരവും അനന്തവുമായ സ്വർഗം ലഭിക്കുവാൻ അന്ത്യദിനം വന്നെത്താനാകും ആഗ്രഹിക്കുക. ക്വബ്റിലെ ചോദ്യങ്ങൾക്ക് ശേഷമുള്ള വിശ്വാസിയുടെ അവസ്ഥ ഇപ്രകാരമാണ് ഹദീസുകളിൽ വിവരിക്കുന്നത്:

"അപ്പോൾ വാനലോകത്ത് നിന്നും ഒരു വിളിച്ച് പറയുന്നവൻ ഇപ്രകാരം വിളിച്ച് പറയും: 'എന്റെ ദാസൻ പറഞ്ഞത് സത്യമാണ്. നിങ്ങൾ അവന് സ്വർഗത്തിൽ നിന്നുള്ള വിരിപ്പും സ്വർഗത്തിൽനിന്നുള്ള വസ്ത്ര

വും ധരിപ്പിക്കുക. സ്വർഗത്തിൽ നിന്നുള്ള ഒരു വാതിൽ നിങ്ങൾ അവന് തുറന്ന് കൊടുക്കുക. അതിന്റെ സുഗന്ധവും ചൈതന്യവും അവനിലേക്ക് എത്തട്ടെ. അവന്റെ ദൃഷ്ടി പതിയുന്ന അത്രയും ദൂരം അവന് തന്റെ ക്വബ്റ് വിശാലമാക്കിക്കൊടുക്കുക. അപ്പോൾ സുഗന്ധവും സുന്ദരവദനവുമുള്ള ഒരാൾ അവന്റെ അടുക്കൽ വരും. എന്നിട്ട് പറയും: 'നിന്നെ സന്തോഷിപ്പിക്കുന്നതുകൊണ്ട് നീ സന്തോഷിച്ച് കൊള്ളുക ഇതാണ് നിനക്ക് വാഗ്ദാനം ചെയ്യപ്പെട്ട ദിവസം.' അവൻ ചോദിക്കും: 'നിങ്ങൾ ആരാണ്? നിങ്ങളുടെ മുഖം നന്മയുമായി വരുന്ന ഒരാളുടെ മുഖമാണ്.' അദ്ദേഹം പറയും: 'ഞാൻ നിന്റെ സൽകർമമാണ്.' അപ്പോൾ അവൻ പറയും: 'എന്റെ രക്ഷിതാവേ, എനിക്ക് എന്റെ കുടുംബത്തിലേക്ക് മടങ്ങാനാകുംവിധം നീ അന്ത്യദിനം നടപ്പിലാക്കുക, അന്ത്യദിനം നടപ്പിലാക്കുക'' (അഹ്മദ്, അബൂദാവൂദ്).

ഒരു നല്ല മനുഷ്യൻ മരണശേഷം അന്ത്യദിനം വാരാനാണ് ആഗ്രഹിക്കുക. എന്നാൽ അവിശ്വാസികളും കപട വിശ്വാസികളും അന്ത്യദിനം സംഭവിക്കാതിരിക്കാനാകും ആഗ്രഹിക്കുക. കാരണം ക്വബ്റിൽ വെച്ച് അവൻ അനുഭവിക്കുന്നതിനെക്കാൾ അതികഠിനമായതാണ് അവരെ കാത്തിരിക്കുന്നത് എന്ന് അവർക്ക് അറിയാം. അത് പോലെ വിശ്വാസി താൻ നരകത്തിൽനിന്ന് മോചിതനായി സ്വർഗം കൊണ്ട് വിജയിച്ച കാര്യം തന്റെ കുടുംബത്തെ അറിയിക്കാൻ ആഗ്രഹിക്കുമെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്.

'...അല്ലാഹു നിന്നെ സംരക്ഷിക്കുകയും നിന്നോട് കരുണ കാണിക്കുകയും നിനക്ക് സ്വർഗത്തിൽ ഒരു വീട് പകരമാക്കുകയും ചെയ്തു.' അപ്പോൾ അവൻ പറയും: 'നിങ്ങൾ എന്നെ അനുവദിക്കൂ, ഞാൻ പോയി എന്റെ കുടുംബത്തിന് സന്തോഷവർത്തയറിയിക്കട്ടെ.' അവനോട് പറയപ്പെടും: 'നീ ഇവിടെ താമസിക്കുക' (അഹ്മദ്, അബൂദാവൂദ്).



സ്വന്തം ജനതയെ വിശ്വാസത്തിലേക്ക് ക്ഷണിച്ചതു കാരണം കൊല്ലപ്പെട്ട ഒരു വ്യക്തി സ്വർഗം കൊണ്ട് വിജയിച്ചപ്പോൾ തന്റെ ജനതയെ അത് അറിയിക്കാൻ വെമ്പൽ കൊള്ളുന്ന സംഭവം സൂറതു യാസീനിൽ വിവരിക്കുന്നുണ്ട്.

''സ്വർഗത്തിൽ പ്രവേശിച്ച് കൊള്ളുക. എന്ന് പറയപ്പെട്ടു. അദ്ദേഹം പറഞ്ഞു: എൻെറ ജനത അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു! എന്റെ രക്ഷിതാവ് എനിക്ക് പൊറുത്തുതരികയും ആദരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ എന്നെ ഉൾപെടുത്തുകയും ചെയ്തതിനെ പറ്റി'' (യാസീൻ 27)

അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദായവർ ദുനിയാവിലേക്ക് തിരിച്ചുവന്ന് വീണ്ടും അനവധി തവണ ശഹീദാകാൻ ആഗ്രഹിക്കുന്നുവെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്.

നബി(സ്വ) പറഞ്ഞു: ''സ്വർഗത്തിൽ പ്രവേശിക്കുന്ന ആരും ദുനിയാവിലേക്ക് തിരിച്ചുവരാൻ

**ഒരു നല്ല മനുഷ്യൻ മരണശേഷം അന്ത്യദിനം വാരാനാണ് ആഗ്രഹിക്കുക. എന്നാൽ അവിശ്വാസികളും കപട വിശ്വാസികളും അന്ത്യദിനം സംഭവിക്കാതിരിക്കാനാകും ആഗ്രഹിക്കുക. കാരണം ക്വബ്റിൽ വെച്ച് അവൻ അനുഭവിക്കുന്നതിനെക്കാൾ അതികഠിനമായതാണ് അവരെ കാത്തിരിക്കുന്നത് എന്ന് അവർക്ക് അറിയാം. അത് പോലെ വിശ്വാസി താൻ നരകത്തിൽനിന്ന് മോചിതനായി സ്വർഗം കൊണ്ട് വിജയിച്ച കാര്യം തന്റെ കുടുംബത്തെ അറിയിക്കാൻ ആഗ്രഹിക്കുമെന്നും ഹദീസുകളിൽ വന്നിട്ടുണ്ട്.**

ഇഷ്ടപ്പെടുകയില്ല; അവന് ഭൂമിയിലുള്ളത് മുഴുവനും ഉണ്ടെങ്കിലും ശരി. എന്നാൽ രക്തസാക്ഷി അങ്ങനെയല്ല. അവൻ ദുനിയാവിലേക്ക് തിരിച്ചുവരാൻ ആഗ്രഹിക്കും, എന്നിട്ട് പത്ത് പ്രാവശ്യം കൊല്ലപ്പെടാനും; അവന് ലഭിക്കുന്ന ബഹുമതി കാണുന്നത് കാരണം''(ബുഖാരി).

**ദുർജനങ്ങളുടെ ആഗ്രഹങ്ങൾ**

ഐഹിക ജീവിതത്തിൽ മതിമറന്ന് ജീവിക്കുന്നവർ മരണം വന്നെത്തുന്നതുവരെ പാരത്രിക ജീവിതത്തെക്കുറിച്ച് ചിന്തിക്കാറില്ല. ക്വബ്ർ ജീവിതത്തിൽ ഖേദവും നഷ്ടബോധവുമായിരിക്കും അവരെ വേട്ടയാടുന്നത്. കർമങ്ങളിൽ വീഴ്ച വരുത്തിയവർ തനിക്ക് ജീവിതം തിരിച്ച് കിട്ടിയിരുന്നുവെങ്കിൽ എനിക്ക് രണ്ട് റക്അത് നമസ്കരിക്കാമായിരുന്നു എന്നായിരിക്കും ആഗ്രഹിക്കുക.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ്വ) ഒരു ക്വബ്റിന്റെ അരികിലൂടെ നടന്നുപോയി. അദ്ദേഹം ചോദിച്ചു: 'ആരാണ് ഈ ക്വബ്റിൻന്റെ ഉടമ?' അവർ പറഞ്ഞു: 'ഇന്ന ആളുടെതാണ്.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'രണ്ട് റക്അത്തായിരിക്കും ഇദ്ദേഹത്തിന് നിങ്ങളുടെ ദുൻയാവിലെ സമ്പാദ്യത്തെക്കാളും ഏറ്റവും പ്രിയപ്പെട്ടത്' (ജാമിഉസ്സ്വഹീഹ്).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ്വ) പുതിയതായി മറമാടിയ ഒരു ക്വബ്റിന്റെ അരികിലൂടെ നടന്നു പോയി. നബി(സ്വ) പറഞ്ഞു: 'നിങ്ങൾ ഐഹികമായി നിസ്സാരമായി കാണുന്ന ലഘുവായ രണ്ട് റക്അത്തുകൾ, അത് രണ്ടും ഇവന്റെ കർമത്തിൽ വർധനവ് നൽകും. നിങ്ങളുടെ ഇഹലോകത്തിലെ സമ്പാദ്യത്തെക്കാളും ഇവന് അത് ഇഷ്ടപ്പെട്ടതാണ്' (ജാമിഉസ്സ്വഹീഹ്).


കർമങ്ങളിൽ വീഴ്ച വരുത്തിയവർ രണ്ട് റക്അത്തെങ്കിലും നമസ്കരിച്ചുകൊണ്ട് നന്മകൾ വർധിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്!

നബി(സ്വ) പറഞ്ഞു: 'നമസ്കാരമാണ് ഉത്തമ വിഷയം, ആർക്കെങ്കിലും അത് അധികരിപ്പിക്കാൻ സാധിക്കുമെങ്കിൽ അവൻ അത് അധികരിപ്പിക്കട്ടെ' (ജാമിഉസ്സ്വഹീഹ്).

നമസ്കാരത്തിന്റെ പ്രതിഫലം നേരിൽ കാണുമ്പോൾ അലസതയിലും അവഗണയിലും സമയം കളഞ്ഞതിൽ ഖേദിക്കുകയും ഏതാനും നിമിഷനേരത്തേക്ക് ദുനിയാവിലേക്ക് തിരിച്ചുവരാൻ കഴിഞ്ഞാൽ രണ്ട് റക്അത്ത് നമസ്കരിക്കാമായിരുന്നു എന്ന് ആഗ്രഹിക്കുകയും ചെയ്യും. മരണം ആസന്നമായവൻ അടുത്ത അവധിവരെ അവനെ പിന്തിപ്പിക്കാനാണ് ആവശ്യപ്പെടുന്നത് മരണപ്പെട്ടവനോ അല്പനേരമെങ്കിലും ജീവിതത്തിലേക്ക് മടങ്ങിവരുന്നതിനും അനേകായിരം മണിക്കൂറുകൾ അശ്രദ്ധയിലും അധാർമികതയിലും ചെലവഴിക്കുന്നവർ ക്വബ്റിൽ വെച്ച് നമസ്ക്കാരത്തിന്റെ പ്രതിഫലം മനസ്സിലാക്കുമ്പോഴാണ് ബാങ്ക് വിളിയിലെ 'വിജയത്തിലേക്ക് വരൂ' എന്ന വിളംബരം അവന് ബോധ്യപ്പെടുന്നത്.

നമസ്കാരത്തിന് പുറമെ, മരണപ്പെട്ടവർ ദുൻയാവിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്നത് ദാനധർമങ്ങൾ ചെയ്യുന്നതിന് വേണ്ടിയായിരിക്കും. ഇക്കാര്യം

**ഐഹിക ജീവിതത്തിൽ മതിമറന്ന് ജീവിക്കുന്നവർ മരണം വന്നെത്തുന്നതുവരെ പാരത്രിക ജീവിതത്തെക്കുറിച്ച് ചിന്തിക്കാറില്ല. ക്വബ്ർ ജീവിതത്തിൽ ഖേദവും നഷ്ടബോധവുമായിരിക്കും അവരെ വേട്ടയാടുന്നത്. കർമങ്ങളിൽ വീഴ്ച വരുത്തിയവർ തനിക്ക് ജീവിതം തിരിച്ച് കിട്ടിയിരുന്നുവെങ്കിൽ എനിക്ക് രണ്ട് റക്അത് നമസ്കരിക്കാമായിരുന്നു എന്നാ യിരിക്കും ആഗ്രഹിക്കുക. കർമങ്ങളിൽ വീഴ്ച വരുത്തിയവർ രണ്ട് റക്അത്തെങ്കിലും നമസ്കരിച്ചുകൊണ്ട് നന്മകൾ വർധിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്! നമസ്കാരത്തിന് പുറമെ, മരണപ്പെട്ടവർ ദുൻയാവിലേക്ക് മടങ്ങിവരാൻ ആഗ്രഹിക്കുന്നത് ദാനധർമങ്ങൾ ചെയ്യുന്നതിന് വേണ്ടിയായിരിക്കും.**



ക്വുർആൻ തന്നെ വ്യക്തമാക്കുന്നുണ്ട്:

"നിങ്ങളിൽ ഓരോരുത്തർക്കും മരണം വരുന്നതിനു മുമ്പായി നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുകയും ചെയ്യുക. അന്നേരത്ത് അവൻ ഇപ്രകാരം പറഞ്ഞേക്കും: എന്റെ രക്ഷിതാവേ, അടുത്ത ഒരു അവധിവരെ നീ എനിക്ക് എന്താണ് നീട്ടിത്തരാത്തത്? എങ്കിൽ ഞാൻ ദാനം നൽകുകയും സജ്ജനങ്ങളുടെ കൂട്ടത്തിലാവുകയും ചെയ്യുന്നതാണ്" (അൽമുനാഫിക്വൂൻ 11)

സമ്പത്ത് എവിടെനിന്ന് സമ്പാദിച്ചു, എന്തിന് വേണ്ടി ചെലവഴിച്ചു എന്ന ചോദ്യം അഭിമുഖീകരിക്കാതെ മുന്നോട്ട് പോകാനാകില്ല. അനാവശ്യത്തിനും അന്യായമാർഗത്തിലും പണം ചെലവഴിച്ചവർ അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി ചെലവഴിക്കാൻ ഒരു അവസരം ലഭിച്ചിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കും. കർമങ്ങളിൽ ഏറ്റവും ഉത്തമമായ ദാനധർമത്തിന് ലഭിക്കുന്ന പ്രതിഫലവും അതിൽ വീഴ്ച വരുത്തിയവർക്കുള്ള ശിക്ഷയും കാണുമ്പോൾ ഇഹലോകത്തേക്ക് തിരിച്ചുവന്ന് വല്ലതും ദാനം ചെയ്യാനായിരിക്കും പലരും ആഗ്രഹിക്കുന്നത്.

നമസ്കാരം നിർവഹിക്കാനും ദാനധർമങ്ങൾ ചെയ്യാനും തിരിച്ചുവരാൻ ആഗ്രഹിക്കുന്നത് പോലെ സൽകർമങ്ങൾ ചെയ്യാൻ അവസരം ലഭിച്ചിരുന്നുവെങ്കിൽ എന്നാണ് മരണത്തെ മുന്നിൽ കാണുന്നവരുടെ മറ്റൊരു ആഗ്രഹം. ഇക്കാര്യം ക്വുർആൻ സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്:

"അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറയും: എന്റെ രക്ഷിതാവേ, എന്നെ (ജീവിതത്തിലേക്ക്) തിരിച്ചയക്കേണമേ. ഞാൻ ഉപേക്ഷ വരുത്തിയിട്ടുള്ള കാര്യത്തിൽ എനിക്ക് നല്ല നിലയിൽ പ്രവർത്തിക്കുവാൻ കഴിയത്തക്കവിധം. ഒരിക്കലുമില്ല! അതൊരു വെറും വാക്കാണ്.



അതവൻ പറഞ്ഞുകൊണ്ടിരിക്കും. അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരെ ഒരു മറയുണ്ടായിരിക്കുന്നതാണ്" (മുഅ്മിനൂൻ 100).

അല്ലാഹുവിന്റെ കൽപനകളെ ധിക്കരിക്കുകയും അവന്റെ ദൃഷ്ടാന്തങ്ങളെ കളവാക്കുകയും ചെയ്തവർ ശിക്ഷ കാണുന്ന സമയത്ത് ഒരു തിരിച്ചുപോക്ക് ആഗ്രഹിക്കുമെന്ന് ക്വുർആൻ വ്യക്തമാക്കുന്നുണ്ട്:

"അല്ലെങ്കിൽ ശിക്ഷ നേരിൽ കാണുന്ന സന്ദർഭത്തിൽ എനിക്കൊന്ന് മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെ ങ്കിൽ ഞാൻ സദ്‌വൃത്തരുടെ കൂട്ടത്തിൽ ആകുമായിരുന്നു എന്ന് പറഞ്ഞേക്കുമെന്നതിനാൽ ന്റെ" (സുമർ 58).

നശ്വരവും നൈമിഷികവുമായ ഐഹിക ജീവിതത്തിന് വേണ്ടി കഠിനാദ്ധ്വാനം ചെയ്ത് ജീവിതം തുലച്ചവർ അനന്തവും അനശ്വരവുമായ പാരത്രിക ലോകത്തന് വേണ്ടി പ്രയോജനകരമായ എന്തെങ്കിലും ചെയ്യാൻ ഒരു അവസരം കൂടി ലഭിച്ചിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കുന്നത് മരണവും ശിക്ഷയും മുന്നിൽ

**കർമങ്ങളിൽ ഏറ്റവും ഉത്തമമായ ദാനധർമത്തിന് ലഭിക്കുന്ന പ്രതിഫലവും അതിൽ വീഴ്ചവരുത്തിയവർക്കുള്ള ശിക്ഷയും കാണുമ്പോൾ ഇഹലോകത്തേക്ക് തിരിച്ചുവന്ന് വല്ലതും ദാനം ചെയ്യാനായിരിക്കും പലരും ആഗ്രഹിക്കുന്നത്. നമസ്കാരം നിർവഹിക്കാനും ദാനധർമങ്ങൾ ചെയ്യാനും തിരിച്ചുവരാൻ ആഗ്രഹിക്കുന്നത് പോലെ സൽകർമങ്ങൾ ചെയ്യാൻ അവസരം ലഭിച്ചിരുന്നുവെങ്കിൽ എന്നാണ് മരണത്തെ മുന്നിൽ കാണുന്നവരുടെ മറ്റൊരു ആഗ്രഹം.**

**മരണശേഷം പുണ്യം ചെയ്യാൻ കഴിയില്ലെങ്കിലും മരണാനന്തരം പുണ്യം ലഭിക്കാനുള്ള ചില വഴികൾ പ്രവാചകൻ(സ്വ) പഠിപ്പിച്ച് തന്നിട്ടുണ്ട്. ''നാല് വിഭാഗം ആളുകൾ; മരണശേഷവും പ്രതിഫലം അവരുടെ മേൽ ഒഴുകിക്കൊണ്ടിരിക്കും. അല്ലാഹുവിന്റെ മാർഗത്തിൽ സൈന്യം സജ്ജീകരിച്ചവൻ, ആരെങ്കിലും ഒരു കർമം ചെയ്തു, അവൻ ചെയ്തത് പോലെ അത് നടപ്പിലാക്കപ്പെട്ടു. ആരെങ്കിലും ഒരു ദാനധർമം ചെയ്തു, അത് എത്തിയതിന്റെയെല്ലാം പ്രതിഫലം അവനുണ്ട്. ഒരാൾ ഒരു നല്ല സന്താനത്തെ വിട്ടേച്ച് പോയി. അവൻ ഇവന് വേണ്ടി പ്രാർഥിക്കുന്നു. ഈ നാല് കൂട്ടരും ജീവിച്ചിരിക്കുന്നില്ലെങ്കിലും മരണശേഷവും അവർക്ക് പ്രതിഫലം എത്തിക്കൊണ്ടിരിക്കും'' (അഹ്മദ്)**

കാണുമ്പോൾ മാത്രമാണ്.

നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ രണ്ട് അനുഗ്രഹങ്ങളാണ് ആരോഗ്യവും ഒഴിവ് സമയവും. അധിക ജനങ്ങളും ഇവയിൽ വഞ്ചിതരാകുന്നുവെന്ന് പ്രവാചകൻ പറഞ്ഞത് ഇവ പാരത്രിക നേട്ടങ്ങൾക്ക് വേണ്ടി പ്രയോജനപ്പെടുത്താത്ത ആളുകളെ കുറിച്ചാണ്. പരലോകത്ത് പ്രതിഫലം ലഭിക്കുന്ന ധാരാളം പ്രവർത്തനങ്ങളെ കുറിച്ച് പ്രവാചകൻ വിശദീകരിച്ചിട്ടുണ്ട്. ഒട്ടും ശാരീരികാദ്ധ്വാനമോ സാമ്പത്തിക ബാധ്യതയോ ഇല്ലാതെ അനുഷ്ഠിക്കാൻ കഴിയുന്ന ധാരാളം പ്രാർഥനകളും പ്രകീർത്തനങ്ങളുമുണ്ട്. മരണശേഷം ജീവിതത്തിലേക്ക് തിരിച്ചുവരാൻ സാധ്യമല്ല എന്ന് മാത്രമല്ല കർമങ്ങൾ ചെയ്ത് പ്രതിഫലം വർധിപ്പിക്കാനും സാധ്യമല്ല. മരണത്തെ കുറിച്ച് പലരും ചിന്തിക്കാറുണ്ട് എന്നാൽ മരണപ്പെട്ടവരുടെ ആഗ്രഹങ്ങളെ കുറിച്ച് ചിന്തിക്കുമ്പോൾ മാത്രമാണ് ആലസ്യം വെടിഞ്ഞ് നമുക്ക് കർമനിരതരാകാൻ കഴിയുക.

മരണശേഷം പുണ്യം ചെയ്യാൻ കഴിയില്ലെങ്കിലും മരണാനന്തരം പുണ്യം ലഭിക്കാനുള്ള ചില വഴികൾ പ്രവാചകൻ(സ്വ) പഠിപ്പിച്ച് തന്നിട്ടുണ്ട്.

നബി(സ്വ) പറഞ്ഞു: "നാല് വിഭാഗം ആളുകൾ; മരണശേഷവും പ്രതിഫലം അവരുടെ മേൽ ഒഴുകി ക്കൊണ്ടിരിക്കും. അല്ലാഹുവിന്റെ മാർഗത്തിൽ സൈന്യം സജ്ജീകരിച്ചവൻ, ആരെങ്കിലും ഒരു കർമം ചെയ്തു, അവൻ ചെയ്തത് പോലെ അത് നടപ്പിലാക്കപ്പെട്ടു. ആരെങ്കിലും ഒരു ദാനധർമം ചെയ്തു, അത് എത്തിയതിന്റെയെല്ലാം പ്രതിഫലം അവനുണ്ട്. ഒരാൾ ഒരു നല്ല സന്താനത്തെ വിട്ടേച്ച് പോയി. അവൻ ഇവന് വേണ്ടി പ്രാർഥിക്കുന്നു. ഈ നാല് കൂട്ടരും ജീവിച്ചിരിക്കുന്നില്ലെങ്കിലും മരണശേഷവും അവർക്ക് പ്രതിഫലം എത്തിക്കൊണ്ടിരിക്കും" (അഹ്മദ്)

മക്കളുടെ പ്രാർഥന മരണശേഷം ഒരാൾക്ക് ആത്മീയ നേട്ടമുണ്ടാക്കുന്ന കാര്യമാണെന്ന് വേറെയും ഹദീസുകൾ വ്യക്തമാക്കുന്നുണ്ട്.

നബി(സ്വ) പറഞ്ഞു: "ഒരാൾക്ക് സ്വർഗത്തിൽ തന്റെ പദവി ഉയർത്തപ്പെടും. അപ്പോൾ അവൻ ചോദിക്കും: 'എവിടെ നിന്നാണ് ഇത്?' അപ്പോൾ പറയപ്പെടും: 'നിന്റെ മകൻ നിനക്ക് വേണ്ടി പാപമോചനം തേടിയതുകൊണ്ട്" (ഇബ്നു മാജ).

മരണത്തോടുകൂടി ജീവിതം അവസാനിക്കുമെങ്കിലും ജീവിത കാലത്ത് ചെയ്ത തെറ്റുകുറ്റങ്ങളുടെ പാപവിഹിതം മരണശേഷവും പിന്തുടരുന്ന ഒരു വിഭാഗമുണ്ട്. അവരുടെ കാര്യമാണ് ഏറ്റവും ദയനീയമായിട്ടുള്ളത്. ജനങ്ങളെ തോന്നിവാസത്തിലേക്കും വഴികേടിലേക്കും നയിക്കുന്ന കണ്ണികൾ ആഗോളവലയിൽ നെയ്യുന്നവരുടെ അവസ്ഥ ഇതിനുദാഹരണമാണ്. സമൂഹ മാധ്യമങ്ങളിലെ നമ്മുടെ വരകളും വാക്കുകളും വിടുവായിത്തങ്ങളും ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുന്നതാണെന്ന് നാം തിരിച്ചറിയണം. നാം ചെയ്യുന്ന നല്ല കാര്യങ്ങൾ പിൻപറ്റുന്നവരുടെ പ്രതിഫലവും ചീത്ത കാര്യങ്ങൾ പിൻപറ്റുന്നവരുടെ ശിക്ഷയും മരണാനന്തരം നമുക്ക് വന്നെത്തുമെന്ന് ഹദീസുകൾ വ്യക്തമാക്കുന്നുണ്ട്.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു നന്മ ചര്യയാക്കുകയും അവന് ശേഷം അത് അനുഷ്ഠിക്കപ്പെടുകയും ചെയ്താൽ അവരുടെ പ്രതിഫലം കുറയാതെ അവരുടെ പ്രതിഫലത്തിന് സമാനമായ പ്രതിഫലം അവനുമുണ്ടാകും. ആരെങ്കിലും ഒരു ചീത്ത കാര്യം ചര്യയാക്കുകയും അവന് ശേഷം അത് അനുഷ്ഠിക്കപ്പെടുകയും ചെയ്താൽ അവരുടെ കുറ്റത്തിൽ കുറവ് വരാതെ സമാനമായ ഒരു പാപവിഹിതം അവനുമുണ്ടാകും. ഒരാൾ മരണപ്പെട്ടതിന് ശേഷവും അവന്റെ പാപങ്ങൾ മുറിഞ്ഞ് പോകുന്നില്ലെങ്കിൽ അവൻ ഏറ്റവും വലിയ ദൗർഭാഗ്യവാനായിരിക്കും" (ഇബ്നു മാജ).

മരണം എന്നത് സുനിശ്ചിതമായ ഒരു കാര്യമാണ്. അതിനെ കുറിച്ച് എല്ലാവർക്കും ഉത്തമ ബോധ്യമുണ്ടായിരിക്കും. എന്നാൽ മരണശേഷമുള്ള മനുഷ്യന്റെ ആഗ്രഹങ്ങളെ കുറിച്ച് ശരിക്കും മനസ്സിലാക്കിയവർ ജീവിതത്തിൽ ഒരുനിമിഷം പോലും പാഴാക്കുകയില്ല. നമ്മൾ വൃഥാ ചെലവഴിക്കുന്ന നിമിഷങ്ങൾ തിരിച്ച് കിട്ടിയിരുന്നുവെങ്കിൽ എന്ന് മരണശേഷം ആഗ്രഹിക്കുന്ന അവസ്ഥ വരാതിരിക്കാൻ നന്മയിൽ ബോധപൂർവം സമയം വിനിയോഗിക്കുക, അല്ലെങ്കിൽ നാളെ ഖേദിക്കേണ്ടിവരും. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
41

# സൂറ: ഫുസ്സ്വിലത്
## (വിശദീകരിക്കപ്പെട്ടു)
(മക്കയിൽ അവതരിച്ചത്)

25. അവർക്ക് നാം ചില കൂട്ടുകാരെ ഏർപെടുത്തിക്കൊടുത്തു. എന്നിട്ട് ആ കൂട്ടാളികൾ അവർക്ക് തങ്ങളുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അലംകൃതമായി തോന്നിച്ചു. ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും അവർക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ ഇവരുടെ മേലും (ശിക്ഷയെപറ്റിയുള്ള) പ്രഖ്യാപനം സ്ഥിരപ്പെടുകയുണ്ടായി. തീർച്ചയായും അവർ നഷ്ടം പറ്റിയവരായിരുന്നു.

26. സത്യനിഷേധികൾ പറഞ്ഞു: നിങ്ങൾ ഈ ക്വുർആൻ ശ്രദ്ധിച്ചു കേൾക്കരുത്. അത് പാരായണം ചെയ്യുമ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുക. നിങ്ങൾക്ക് അതിനെ അതിജയിക്കാൻ കഴിഞ്ഞേക്കാം.

27. എന്നാൽ ആ സത്യനിഷേധികൾക്ക് നാം കഠിനമായ ശിക്ഷ ആസ്വദിപ്പിക്കുക തന്നെ ചെയ്യും. അവർ പവർത്തിച്ച് കൊണ്ടിരുന്നതിൽ അതിനീചമായതിന്നുള്ള പ്രതിഫലം നാം അവർക്ക് നൽകുകതന്നെ ചെയ്യും.

28. അതത്രെ അല്ലാഹുവിന്റെ ശത്രുക്കൾക്കുള്ള പ്രതിഫലമായ നരകം. അവർക്ക് അവിടെയാണ് സ്ഥിരവാസത്തിന്നുള്ള വസതി. നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചുകളഞ്ഞിരുന്നതിനുള്ള പ്രതിഫലമത്രെ അത്.

29. സത്യനിഷേധികൾ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ പിഴപ്പിച്ചവരായ ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നുമുള്ള രണ്ടുവിഭാഗത്തെ നീ ഞങ്ങൾക്ക് കാണിച്ചുതരേണമേ. അവർ അധമന്മാരുടെ കൂട്ടത്തിലാകത്തക്കവണ്ണം ഞങ്ങൾ അവരെ ഞങ്ങളുടെ പാദങ്ങൾക്ക് ചുവട്ടിലിട്ട് ചവിട്ടട്ടെ.

وَقَيَّضْنَا لَهُمْ قُرَنَاءَ فَزَيَّنُوا لَهُم مَّا بَيْنَ
أَيْدِيهِمْ وَمَا خَلْفَهُمْ وَحَقَّ عَلَيْهِمُ الْقَوْلُ فِي
أُمَمٍ قَدْ خَلَتْ مِن قَبْلِهِم مِّنَ الْجِنِّ وَالْإِنسِ ۖ
إِنَّهُمْ كَانُوا خَاسِرِينَ ﴿٢٥﴾

وَقَالَ الَّذِينَ كَفَرُوا لَا تَسْمَعُوا لِهَٰذَا الْقُرْآنِ
وَالْغَوْا فِيهِ لَعَلَّكُمْ تَغْلِبُونَ ﴿٢٦﴾

فَلَنُذِيقَنَّ الَّذِينَ كَفَرُوا عَذَابًا شَدِيدًا
وَلَنَجْزِيَنَّهُمْ أَسْوَأَ الَّذِي كَانُوا يَعْمَلُونَ ﴿٢٧﴾

ذَٰلِكَ جَزَاءُ أَعْدَاءِ اللَّهِ النَّارُ ۖ لَهُمْ فِيهَا دَارُ الْخُلْدِ ۖ
جَزَاءً بِمَا كَانُوا بِآيَاتِنَا يَجْحَدُونَ ﴿٢٨﴾

وَقَالَ الَّذِينَ كَفَرُوا رَبَّنَا أَرِنَا الَّذَيْنِ أَضَلَّانَا
مِنَ الْجِنِّ وَالْإِنسِ نَجْعَلْهُمَا تَحْتَ أَقْدَامِنَا
لِيَكُونَا مِنَ الْأَسْفَلِينَ ﴿٢٩﴾

25) (അവർക്ക് നാം ഏർപ്പെടുത്തിക്കൊടുത്തു) സത്യം നിഷേധിക്കുന്ന ഈ അക്രമികൾക്ക്. (ചില കൂട്ടുകാരെ) പിശാചുക്കളായ. അല്ലാഹു പറഞ്ഞതുപോലെ:

أَلَمْ تَرَ أَنَّا أَرْسَلْنَا الشَّيَاطِينَ عَلَى الْكَافِرِينَ تَؤُزُّهُمْ أَزًّا ﴿٨٣﴾

"സത്യനിഷേധികളുടെ നേർക്ക് അവരെ ശക്തിയിൽ ഇളക്കിവിടാൻവേണ്ടി നാം പിശാചുക്കളെ അയച്ചുവിട്ടിരിക്കുകയാണെന്ന് നീ കണ്ടില്ലേ?"(19:83).

തെറ്റിലേക്ക് അവരെ ഇളക്കിവിടാനും അതിന്നവരെ പ്രേരിപ്പിക്കാനും. (എന്നിട്ട് ആ കുട്ടാളികൾ അവർക്ക് തങ്ങളുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അലംകൃതമായിത്തോന്നിച്ചു). ഭൗതിക ജീവിതത്തെ അവരുടെ കണ്ണുകളിൽ പിശാചുക്കൾ അലങ്കാരമായി കാണിച്ചു. നിഷിദ്ധമായ അതിനെ തിന്മകളിലേക്കും ആസ്വാദനങ്ങളിലേക്കും അവരെ അവർ ക്ഷണിച്ചു.

അങ്ങനെ അവർ കുഴപ്പങ്ങളിലായി. അല്ലാഹുവിന് എതിരു പ്രവർത്തിക്കാൻ അവർ മുന്നോട്ടുവന്നു. അവർക്കിഷ്ടപ്പെട്ടപോലെ അല്ലാഹുവിനും അവന്റെ ദൂതനും എതിരിൽ അവരെ തിരിച്ചു. പരലോകം അവർക്ക് വിദൂരമായിത്തോന്നി. അതിനെ അവർ വിസ്മരിച്ചും ചില സന്ദർഭങ്ങളിൽ അവരെ അവർ സംശയത്തിലാക്കി; പരലോകത്തിന്റെ സംഭവ്യതകളെക്കുറിച്ച്. അങ്ങനെ ഹൃദയത്തിലെ ഭയം നീങ്ങി. അതവരെ അവിശ്വാസത്തിലേക്കും അനാചാരത്തിലേക്കും തിന്മയിലേക്കും നയിച്ചു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽനിന്നും സ്മരണയിൽനിന്നും തിരിഞ്ഞുകളഞ്ഞതിനാൽ നിഷേധികൾക്ക് അല്ലാഹുവിൽനിന്നുള്ള പിശാചുക്കളായ കൂട്ടുകാരെ ഏർപ്പെടുത്തുകയും അവരുടെ ആധിപത്യം അവരുടെമേൽ ഉണ്ടാക്കുകയും ചെയ്യുന്നു. സത്യത്തെ നിഷേധിച്ചതുകൊണ്ടുകൂടിയാണിത്.

وَمَن يَعْشُ عَن ذِكْرِ ٱلرَّحْمَٰنِ نُقَيِّضْ لَهُۥ شَيْطَٰنًا فَهُوَ لَهُۥ قَرِينٌ ﴿٣٦﴾ وَإِنَّهُمْ لَيَصُدُّونَهُمْ عَنِ ٱلسَّبِيلِ وَيَحْسَبُونَ أَنَّهُم مُّهْتَدُونَ ﴿٣٧﴾

“പരമകാരുണികന്റെ ഉദ്ബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധതനടിക്കുന്ന പക്ഷം അവന് നാം ഒരു പിശാചിനെ ഏർപ്പെടുത്തിക്കൊടുക്കും. എന്നിട്ട് അവൻ-പിശാച്-അവന് കൂട്ടാളിയായിരിക്കും. തീർച്ചയായും അവർ-പിശാചുക്കൾ-അവരെ നേർമാർഗത്തിൽനിന്ന് തടയും. തങ്ങൾ സന്മാർഗം പ്രാപിച്ചവരാണെന്ന് അവർ വിചാരിക്കുകയും ചെയ്യും”(43:36,37).

(ഇവരുടെ മേലും പ്രഖ്യാപനം സ്ഥിരപ്പെടുകയുണ്ടായി) അവരുടെ മേൽ അനിവാര്യമായി ശിക്ഷയുടെ വിധി ഇറങ്ങുകയും ചെയ്തു. (ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും അവർക്കു മുമ്പ് കഴിഞ്ഞുപോയിട്ടുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ. തീർച്ചയായും അവർ നഷ്ടം പറ്റിയവരായിരുന്നു) അവരുടെ മതകാര്യങ്ങളിലും പരലോകത്തിലും നഷ്ടം പറ്റുകയും ഭാഗ്യം കെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യൽ അനിവാര്യമാണ്.

26) ക്വുർആനിൽനിന്ന് അവിശ്വാസികൾ തിരിഞ്ഞുകളയുന്നതിനെക്കുറിച്ചാണ് അല്ലാഹു തുടർന്ന് പറയുന്നത്. ക്വുർആനിന്റെ കാര്യത്തിൽ അവർ പരസ്പരം നൽകുന്ന ഉപദേശവും. (സത്യനിഷേധികൾ പറഞ്ഞു: നിങ്ങൾ ഈ ക്വുർആൻ ശ്രദ്ധിച്ചുകേൾക്കരുത്) നിങ്ങളുടെ കേൾവികളെ നിങ്ങൾ തിരിച്ചുകളയണം. അതിലേക്ക് തിരിഞ്ഞുനോക്കുന്നതിനെ നിങ്ങൾ സൂക്ഷിക്കണം. അത് കൊണ്ടുവന്നവനിലേക്കോ അതിലേക്കോ നിങ്ങൾ ശ്രദ്ധിക്കരുത്. നിങ്ങൾ അത് കേട്ടുപോയാൽ, അല്ലെങ്കിൽ അതിലെ വിധിവിലക്കുകളിലേക്കുള്ള ക്ഷണമുണ്ടായാൽ നിങ്ങൾ തിരിഞ്ഞുകളയണം. (അതിൽ നിങ്ങൾ ബഹളമുണ്ടാക്കുക) അതായത് ഉപകാരമില്ലാത്ത എന്തെങ്കിലും സംസാരിക്കുക, ഉപദ്രവമുള്ളതാവുകകൂടി ചെയ്യുക. നിങ്ങൾക്ക് കഴിവുകൾ ഉണ്ടെങ്കിലും സംസാരംകൊണ്ട് അതിനുമേൽ സ്വാധീനം ചെലുത്താൻ നിങ്ങളിൽ ഒരാൾക്കുമാകില്ല; അതിന്റെ പദങ്ങൾ പാരായണം ചെയ്യുന്നതിലും ആശയത്തിലും. ഇതാണ് അവരുടെ സംസാരത്തിൽനിന്നും ക്വുർആനിൽനിന്ന് തിരിഞ്ഞുകളയുന്നതിൽനിന്നും വ്യക്തമാകുന്നത്.

(നിങ്ങൾക്കായേക്കാം) അങ്ങനെ നിങ്ങൾ ചെയ്താൽ. (അതിജയിക്കുന്നവർ) ഇത് ശത്രുക്കളുടെ സാക്ഷ്യമാണ്. ക്വുർആനിൽനിന്ന് തിരിഞ്ഞുകളയുകയും അതിന് പരസ്പരം നിർദേശിക്കുകയും ചെയ്തുകൊണ്ടല്ലാതെ സത്യംകൊണ്ടുവന്നവനെ അതിജയിക്കാനാവില്ലെന്ന് അവർ വിധിപറയുന്നു.

അവരുടെ സംസാരത്തിന്റെ ആകെത്തുക ബഹളമുണ്ടാക്കാതിരിക്കുകയോ, ക്വുർആൻ ശ്രദ്ധിച്ചുപോവുകയോ അതിന് ശ്രദ്ധകൊടുക്കുകയോ ചെയ്താൽ അവർക്ക് വിജയിക്കാനാവില്ലെന്നാണ്. സത്യം വിജയിക്കുന്നതാണ്, പരാജയപ്പെടുന്നതല്ല. അത് സത്യത്തിന്റെ ആളുകൾക്കും ശത്രുക്കൾക്കും അറിയാം.

27-28) (അതത്രെ അല്ലാഹുവിന്റെ ശത്രുക്കൾക്കുള്ള പ്രതിഫലമായ നരകം) അല്ലാഹുവോടും അവന്റെ മിത്രങ്ങളോടും നിഷേധിച്ചും കളവാക്കിയും ഏറ്റുമുട്ടിയവർ, തർക്കിച്ചും വാദിച്ചും കൊണ്ടിരിക്കുന്നവർ. (അവർക്ക് അവിടെയാണ് സ്ഥിരവാസത്തിനുള്ള വസതി) നിത്യശാശ്വതം, ഒരു സമയത്തുപോലും ശിക്ഷ അവരെ വിട്ടൊഴിയാത്തത്. അവരാകട്ടെ, സഹായിക്കപ്പെടുകയുമില്ല. അതാവട്ടെ (നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചുകളഞ്ഞതിനുള്ള പ്രതിഫലമത്രെ അത്) തീർച്ചയായും അത് വ്യക്തമായ ദൃഷ്ടാന്തങ്ങളും ദൃഢബോധ്യം നൽകുന്ന ഖണ്ഡിതമായ തെളിവുകളുമാണ്. അതിനെ നിഷേധിക്കലും കളവാക്കലും വലിയ ധിക്കാരവും വമ്പിച്ച അക്രമവുമാണ്.

29). (സത്യനിഷേധികൾ പറയും) പിന്നീട് കാര്യം മനസ്സിലാകുമ്പോൾ. തങ്ങളെ വഴിപിഴപ്പിച്ചവരോടുള്ള ദേഷ്യത്താൽ അനുയായികൾ പറയും: (ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ വഴിപിഴപ്പിച്ചവരായ ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നുമുള്ള രണ്ട് വിഭാഗത്തെ നീ ഞങ്ങൾക്ക് കാണിച്ചുതരേണമേ) ശിക്ഷയിലേക്കും വഴികേടിലേക്കും ഞങ്ങളെ നയിച്ച ഈ രണ്ട് വിഭാഗങ്ങളെ നരകത്തിലേക്ക് ക്ഷണിക്കുന്നു; ജിന്നിലെയും മനുഷ്യരിലെയും പിശാചുക്കളായ. (അവർ അധമന്മാരുടെ കൂട്ടത്തിലാകത്തക്കവണ്ണം ഞങ്ങൾ അവരെ ഞങ്ങളുടെ പാദങ്ങൾക്ക് ചുവട്ടിലിട്ട് ചവിട്ടട്ടെ) ഞങ്ങളുടെ ഈ അവസ്ഥയ്ക്ക് കാരണക്കാരായ, ഞങ്ങളെ കുഴപ്പത്തിലാക്കുകയും വഴികേടിലാക്കുകയും ചെയ്തവരെ അതുപോലെ നിന്ദ്യരും നികൃഷ്ടരുമാക്കാൻ. ഇതിൽ അവർ തമ്മിലുള്ള അമർഷവും പരസ്പരം ഒഴിഞ്ഞുമാറാനുള്ള ശ്രമവും വ്യക്തമാണ്.

ലേഖനം



# കേരളത്തിൽ ട്രാൻസ്ജൻഡർ ആത്മഹത്യകൾ തുടർക്കഥയാകുമ്പോൾ

**ഡോ. അബ്ദുല്ല ബാസിൽ സി.പി**
: 87141 74330

കേരളത്തിൽ ഇക്കഴിഞ്ഞ ആഴ്ച ഒരു ട്രാൻസ്ജൻഡർ ആത്മഹത്യകൂടി റിപ്പോർട്ട് ചെയ്യപ്പെട്ടിരി ക്കുകയാണ്. എണ്ണത്തിൽ ന്യൂനാൽ ന്യൂനപക്ഷമായിരിക്കുമ്പോഴും ഇടയ്ക്കിടെ കേൾക്കേണ്ടിവരുന്ന ആത്മഹത്യാ വാർത്തകൾ ഗൗരവകരമായ ചിന്തകളിലേക്ക് നമ്മെ നയിക്കേണ്ടതുണ്ട്.

എന്തുകൊണ്ടാണ് ഈ വിഭാഗത്തിൽ പെട്ടവർ നിരന്തരം ആത്മഹത്യാശ്രമങ്ങൾ നടത്തുന്നതും വിഷാദരോഗത്തിന് അടിമപ്പെടുന്നതും? ആരാണ് ഇവരുടെ ജീവിതം ദുസ്സഹമാക്കുന്നത്? ആരാണിവരെ ദുരിതക്കയങ്ങളിലേക്ക് തള്ളിവിടുന്നത്? ഈ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാൻ ആരാണ് ട്രാൻസ്ജൻഡറുകൾ എന്നും എന്താണ് ഇപ്പോൾ ഇവരെ വെച്ച് സമൂഹത്തിൽ സംഭവിക്കുന്നത് എന്നുമുള്ള ചോദ്യത്തിന് ഉത്തരം വ്യക്തമാകണം.

മനസ്സും ശരീരവും തമ്മിൽ പൊരുത്തക്കേട് അനുഭവിക്കുന്നവരെയാണ് 'ട്രാൻസ്ജൻഡർ' എന്ന് പൊതുവിൽ വിശേഷിപ്പിക്കപ്പെടാറുള്ളത്. ശരീരം പൂർണമായും ആണിന്റേതായിരിക്കെ തന്നെ, പെണ്ണായി അനുഭവപ്പെടുകയോ അല്ലെങ്കിൽ തിരിച്ചോ ഉള്ള അവസ്ഥയാണത്. ഏറെ പ്രയാസകരമായ ഒരു അവസ്ഥ!

ഇത്തരം ആളുകൾക്കുള്ള പരിഹാരമെന്ത് എന്നത് വലിയൊരു തർക്കവിഷയമാണ്. ശരീരം പുരുഷന്റേതായിരിക്കെ മനസ്സിനെ അതിലേക്ക് കൊണ്ടുവരാനാവശ്യമായ ശ്രമങ്ങളാണ് കൂടുതൽ ഫലപ്രദം,

മനസ്സിലെ തോന്നലുകൾക്കനുസ രിച്ച് ശരീരത്തെ കീറിമുറിച്ചാലാണ് പരിഹരമാവുക എന്നിങ്ങനെ രണ്ട് തരത്തിലുള്ള പരിഹാരനിർദേശങ്ങളുണ്ട്.

പൊതുവിൽ മതം ഇതിൽ ആദ്യത്തെ പരിഹരമാണ് മുന്നോട്ടു വെക്കുന്നത്. കൃത്യമായ അടിസ്ഥാനമുള്ളതും ഇടയ്ക്കിടെ മാറ്റങ്ങൾക്ക് വിധേയമാകാത്തതും ശരീരമാണ്. അതിനാൽതന്നെ ആ ശരീരത്തെ അവലംബമാക്കുകയും അതിനനുസരിച്ച് മനസ്സിനെ മാറ്റിയെടുക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത് എന്ന് ചുരുക്കം. അഥവാ പെൺശരീരമുള്ള ഒരാൾക്ക് താൻ ആണാണെന്ന് തോന്നുകയാണെങ്കിലും ആ തോന്നലിനപ്പുറം തന്റെ യഥാർഥ സ്വത്വമായ പെൺസ്വത്വത്തിലേക്ക് മനസ്സിനെ കൊണ്ടുവരാനാണ് ആ വ്യക്തി ശ്രമിക്കേണ്ടത്. മനസ്സിനെ മാറ്റൽ ശരീരത്തെ മാറ്റുന്നതിനെക്കാൾ എത്രയോ എളുപ്പമാണ്.

എന്നാൽ ഇതിനു വിരുദ്ധമായി ഒരാൾക്ക് എന്താണോ തോന്നുന്നത്, അത് അയാളുടെ ലിംഗ സ്വത്വമായി അംഗീകരിക്കണം എന്നാണ് ഈ വിഭാഗത്തിന് വേണ്ടി വാദിക്കുന്നു എന്ന പേരിൽ സമൂഹത്തിൽ പ്രവർത്തിക്കുന്ന എൽ. ജി. ബി. റ്റി ആക്റ്റിവിസം പറയുന്നത്. അഥവാ ഒരാളുടെ ശരീരം പുരുഷന്റെതാണെങ്കിലും മനസ്സിൽ പെണ്ണായിത്തോന്നുന്നെങ്കിൽ അയാളുടെ ശരീരം കീറിമുറിച്ച് ശസ്ത്രക്രിയ ചെയ്ത് അയാളെ പെണ്ണാക്കണം! അയാളെ പെണ്ണായി സമൂഹം അംഗീകരിക്കണം! പെണ്ണിന്റെ സ്വത്വം വകവെച്ചു നൽകണം!

ഇത് അങ്ങേയറ്റം യാഥാർഥ്യവിരുദ്ധവും ശാസ്ത്രവിരുദ്ധവുമായ പരിഹാരനിർദേശമാണ് എന്നുമാത്രമല്ല, ഈ പരിഹാരശ്രമം ഇത്തരക്കാരെ കൂടുതൽ പ്രയാസകരമായ ശാരീരിക-മാനസിക പ്രശ്നങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യുന്നുണ്ട്. ലിംഗഭിന്നമനസ്കരുടെ വിഷാദത്തെപ്പറ്റിയും ആത്മഹത്യാ നിരക്കിലെ വർധനവിനെപ്പറ്റിയും ചർച്ച ചെയ്യുമ്പോൾ ഈ

**കൃത്യമായ അടിസ്ഥാനമുള്ളതും ഇടയ്ക്കിടെ മാറ്റങ്ങൾക്ക് വിധേയമാകാത്തതും ശരീരമാണ്. അതിനാൽതന്നെ ആ ശരീരത്തെ അവലംബമാക്കുകയും അതിനനുസരിച്ച് മനസ്സിനെ മാറ്റിയെടുക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത് എന്ന് ചുരുക്കം. അഥവാ പെൺശരീരമുള്ള ഒരാൾക്ക് താൻ ആണാണെന്ന് തോന്നുകയാണെങ്കിലും ആ തോന്നലിനപ്പുറം തന്റെ യഥാർഥ സ്വത്വമായ പെൺസ്വത്വത്തിലേക്ക് മനസ്സിനെ കൊണ്ടുവരാനാണ് ആ വ്യക്തി ശ്രമിക്കേണ്ടത്. മനസ്സിനെ മാറ്റൽ ശരീരത്തെ മാറ്റുന്നതിനെക്കാൾ എത്രയോ എളുപ്പമാണ്. എന്നാൽ ഇതിനു വിരുദ്ധമായി ഒരാൾക്ക് എന്താണോ തോന്നുന്നത്, അത് അയാളുടെ ലിംഗ സ്വത്വമായി അംഗീകരിക്കണം എന്നാണ് ഈ വിഭാഗത്തിന് വേണ്ടി വാദിക്കുന്നു എന്ന പേരിൽ സമൂഹത്തിൽ പ്രവർത്തിക്കുന്ന എൽ. ജി. ബി. റ്റി ആക്റ്റിവിസം പറയുന്നത്. അഥവാ ഒരാളുടെ ശരീരം പുരുഷന്റെതാണെങ്കിലും മനസ്സിൽ പെണ്ണായിത്തോന്നുന്നെങ്കിൽ അയാളുടെ ശരീരം കീറിമുറിച്ച് ശസ്ത്രക്രിയ ചെയ്ത് അയാളെ പെണ്ണാക്കണം! അയാളെ പെണ്ണായി സമൂഹം അംഗീകരിക്കണം! പെണ്ണിന്റെ സ്വത്വം വകവെച്ചു നൽകണം!**

ആക്ടിവിസത്തിന്റെ പങ്ക് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

ഇതിന്റെ മൂലകാരണം ഒരാളുടെ ലിംഗം നിർണയിക്കപ്പെടുന്നത് കേവലം ലൈംഗിക അവയവം കൊണ്ടാണ് എന്ന അശാസ്ത്രീയമായ നിഗമനമാണ്. ആണിനെയും പെണ്ണിനെയും വേർതിരിക്കുന്നത് കേവലം അരയ്ക്കു താഴെയുള്ള അവയവത്തിന്റെ വ്യത്യാസം മാത്രമല്ല. ആയിരുന്നെങ്കിൽ അവ പരസ്പരം മുറിച്ചുമാറ്റിവെച്ചാൽ പ്രശ്നം തീരുമായിരുന്നു. പക്ഷേ, ഒരാൾ ആണാണോ പെണ്ണാണോ എന്ന് അയാളുടെ കോടിക്കണക്കിനു കോശങ്ങളിലോരോന്നിലും രേഖപ്പെട്ടുകിടക്കുകയാണ്. ഒരാളുടെ ജന്മത്തിന് കാരണമാകുന്ന ആദ്യപ്രക്രിയയായ ബീജസങ്കലനത്തിന്റെ സമയത്തുതന്നെ ആണോ പെണ്ണോ എന്ന് നിർണയിക്കപ്പെടുന്നുണ്ട്. മാതാവിന്റെ X ക്രോമസോമും പിതാവിന്റെ Y ക്രോമസോമും തമ്മിലാണ് യോജിക്കുന്നതെങ്കിൽ കുട്ടി ആണും, രണ്ടു പേരുടെയും X ക്രോമസോമുകൾ തമ്മിലാണ് കൂടിച്ചേരുന്നത് എങ്കിൽ കുട്ടി പെണ്ണുമായിരിക്കും. ആദ്യത്തെ കോശമായ സൈഗോട്ട് മുതൽ എല്ലാ കോശങ്ങളിലും ഈ വ്യത്യാസം രേഖപ്പെട്ട് കിടക്കും. ഇതിനെയാണ് കേവലം ഒരു അവയവം മുറിച്ചുമാറ്റി മാറ്റാൻ സാധിക്കുമെന്ന് ഇക്കൂട്ടർ കരുതുന്നത്!

ഇങ്ങനെ ഒരാളുടെ മനസ്സിലെ തോന്നലനുസരിച്ച് ലിംഗം മുറിച്ചുമാറ്റി പരിഹാരത്തിന് ശ്രമിച്ചാൽ സംഭവിക്കുന്നത് വലിയ ദുരന്തമാണ്. അല്ലെങ്കിലേ മാനസികമായി ഈ പ്രയാസം അനുഭവിക്കുന്ന ഇക്കൂട്ടർ ശാരീരികമായി കൂടി പ്രയാസങ്ങൾ അനുഭവിച്ചുതുടങ്ങും. ഇത്തരം ശസ്ത്രക്രിയ നടത്തി ജീവിതം പൊലിഞ്ഞുപോയ കേരളത്തിലെ അവസാനത്തെ ഇരയായിരുന്നു അനന്യ അലക്സ് എന്ന ട്രാൻസ്ജെൻഡർ. ആത്മഹത്യ ചെയ്യുന്നതിന് മുമ്പ് നൽകിയ ഇന്റർവ്യൂവിൽ അവർ ഇക്കാര്യം തുറന്നു പറയുന്നുണ്ട്. ഈ സർജറി ചെയ്തതിനുശേഷം തനിക്ക് മൂത്രമൊഴിക്കാൻ പോലും പറ്റുന്നില്ലെന്നും, ലൈംഗിക അവയവത്തിന്റെ സ്ഥാനത്ത് വല്ലതുമിട്ട് വലുതാക്കിവേണം പ്രാഥമിക കാര്യങ്ങൾ പോലും ചെയ്യാനെന്നും, വേദനകൊണ്ട് നിൽക്കാനോ ഇരിക്കാനോ കിടക്കാനോ സാധിക്കുന്നില്ലെന്നും അവർ പറഞ്ഞു. ഇത് ഒരാളുടെ മാത്രം അനുഭ

വമല്ല. ലോകത്തെമ്പാടും ഇത്തരം ലിംഗമാറ്റ ശസ്ത്രക്രിയകൾ നടത്തി ജീവിതം തുലഞ്ഞവർ ചേർന്ന് സംഘടനകളും ഓൺലൈൻ ഫോറങ്ങളും പോലും രൂപീകരിച്ചിട്ടുണ്ട്.

ഒന്നാലോചിച്ചു നോക്കുക, ഇത്തരമാളുകളുടെ പ്രയാസങ്ങൾ ഇല്ലാതാക്കാൻ വേണ്ടിയും അവരുടെ അവകാശങ്ങൾക്ക് വേണ്ടിയും പോരാടുന്നു എന്ന് പറഞ്ഞ് മഴവിൽ പതാകകളുമായി രംഗത്തുവരുന്ന എൽജിബിറ്റി ആക്റ്റിവിസ്റ്റുകൾ അവസാനം എന്താണ് ഫലത്തിൽ ചെയ്യുന്നത്? മാനസികമായി പ്രയാസമനുഭവിക്കുന്നവർക്ക് ഒരു നൂറുക്കൂട്ടം ശാരീരിക പ്രശ്നങ്ങൾക്കൂടി നൽകി അവരെ നരകയാതന അനുഭവിപ്പിക്കുന്നു! എന്തൊരു വിരോധാഭാസം!

ഇതോടൊപ്പം തന്നെ ഏറെ അപകടകരമാണ് ഈ ആളുകൾക്ക് ഇവർ നൽകുന്ന ഹോർമോൺ ഇഞ്ചക്ഷനുകളും. ആണിന്റെ ശരീരമുള്ളവനെ സ്ത്രീത്വം ഉള്ളവനാക്കാൻ സ്ത്രീ ഹോർമോണുകളും, പെണ്ണിന്റെ ശരീരമുള്ളവളെ പൗരുഷമുള്ളവളാക്കാൻ പുരുഷഹോർമോണുകളും ഇവർ വ്യാപകമായി കുത്തിവെക്കും. ഇതുവഴി സംഭവിക്കുന്നത് ഈയാളുകൾ വലിയ രൂപത്തിലുള്ള ആത്മസംഘർഷങ്ങളിലേക്ക് തള്ളിവിടപ്പെടുന്നു എന്നതാണ്. കാരണം, നേരത്തെ പറഞ്ഞതുപോലെ ആൺശരീരമുള്ളവരുടെ കോടിക്കണക്കിനു കോശങ്ങളിൽ അവർ ആണാണ്, അങ്ങനെയുള്ള കോശങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ട ശരീരത്തിലേക്കാണ് നേർവിപരീത ലിംഗഹോർമോൺ അടിച്ചുകയറ്റുന്നത്! ഇത് ഇവരെ അതിഭീകരമായ മാനസിക പ്രയാസങ്ങളിലേക്ക് തള്ളിവിടുന്നു..

ഇതുകൊണ്ടാണ് ഇങ്ങനെയുള്ളവർ നിരന്തരം വിഷാദമനുഭവിക്കുന്നതും, ചെറിയ കാര്യങ്ങൾക്കുപോലും മാനസികമായി തകർച്ച നേരിട്ട് പെട്ടെന്ന് ആത്മഹത്യയെ പറ്റി ചിന്തിക്കുന്നതും. തീർത്തും യാഥാർഥ്യവിരുദ്ധമായ വാഗ്ദാനങ്ങൾ നൽകി അശാസ്ത്രീയമായി അവരുടെ ശരീരം കീറിമുറിക്കുകയും എതിർലിംഗഹോർമോണുകൾ കുത്തിവെപ്പിക്കുകയും ചെയ്യുന്ന ഈ ആക്റ്റിവിസമല്ലാതെ മറ്റാരാണ് ഇതിന്റെ പ്രതികൾ?!

**ട്രാൻസ്ജൻഡർ ആത്മഹത്യകൾ പെരുകുമ്പോൾ അതിന്റെ യഥാർഥ കാരണങ്ങൾ മൂടിവെക്കാനും ഇവർ പറയുന്ന കാരണം 'സമൂഹം ഇത്തരക്കാരോട് കാണിക്കുന്ന വിവേചനം കൊണ്ടാണ് ആത്മഹത്യകൾ കൂടുന്നത്' എന്നാണ്. ഒന്നാമതായി ഇതിനു യാതൊരു തെളിവുമില്ല. ജീവനൊടുക്കുന്നവരുടെ കുറിപ്പുകളിലാക്കട്ടെ അവരുടെ ശാരീരകവും മാനസികവും വ്യക്തിപരവുമായ കാരണങ്ങളാണ് കാണാനാകുന്നതും. ഇനി വാദത്തിന് വേണ്ടി കേരളത്തിലെ സമൂഹം 'ട്രാൻസ്ഫോബിക്' ആണെന്നും അതുകൊണ്ടാണ് ഇവിടെയുള്ള ട്രാൻസ്ജൻഡറുകൾ തുടരെ ആത്മഹത്യ ചെയ്യുന്നത് എന്നും വെക്കുക, എങ്കിൽ പോലും എങ്ങനെയാണ് കേരളത്തിന് പുറത്തും നമുക്ക് കാണാവുന്ന ഇതേരൂപത്തിലുള്ള കണക്കുകൾ വിശദീകരിക്കാനാവുക?**

ട്രാൻസ്ജൻഡർ ആത്മഹത്യകൾ പെരുകുമ്പോൾ അതിന്റെ യഥാർഥ കാരണങ്ങൾ മൂടിവെക്കാനും ഇവർ പറയുന്ന കാരണം 'സമൂഹം ഇത്തരക്കാരോട് കാണിക്കുന്ന വിവേചനം കൊണ്ടാണ് ആത്മഹത്യകൾ കൂടുന്നത്' എന്നാണ്. ഒന്നാമതായി ഇതിനു യാതൊരു തെളിവുമില്ല. ജീവനൊടുക്കുന്നവരുടെ കുറിപ്പുകളിലാക്കട്ടെ അവരുടെ ശാരീരകവും മാനസികവും വ്യക്തിപരവുമായ കാരണങ്ങളാണ് കാണാനാകുന്നതും.

ഇനി വാദത്തിന് വേണ്ടി കേരളത്തിലെ സമൂഹം 'ട്രാൻസ്ഫോബിക്' ആണെന്നും അതുകൊണ്ടാണ് ഇവിടെയുള്ള ട്രാൻസ്ജൻഡറുകൾ തുടരെ ആത്മഹത്യ ചെയ്യുന്നത് എന്നും വെക്കുക, എങ്കിൽ പോലും എങ്ങനെയാണ് കേരളത്തിന് പുറത്തും നമുക്ക് കാണാവുന്ന ഇതേരൂപത്തിലുള്ള കണക്കുകൾ വിശദീകരിക്കാനാവുക? ഇവർ പുരോഗമനസ്വർഗമായി വിശേഷിപ്പിക്കുന്ന യൂറോപ്യൻ-അമേരിക്കൻ ജനതയിലും ഇതേരൂപത്തിൽ ട്രാൻസ് ആത്മഹത്യകളും വിഷാദരോഗങ്ങളും കാണാനാകും. ഉദാഹരണത്തിന് എൽജിബിറ്റി ആശയങ്ങൾ ഏറെ പ്രചരിച്ച, ലിബറൽ ആശയങ്ങൾക്ക് വലിയ വളക്കൂറുള്ള മണ്ണായ കാനഡയെ എടുക്കാം. കനേഡിയൻ മെഡിക്കൽ അസോസിയേഷൻ ജേർണൽ പ്രകാരം ട്രാൻസ്ജൻഡറുകളിൽ 64% പേരും ഒരു വർഷത്തിൽ ഒരിക്കലെങ്കിലും ആത്മത്യയെ പറ്റി ചിന്തിക്കുമത്രെ! ട്രാൻസ്ജൻഡർ കൗമാരക്കാർക്കിടയിൽ ആത്മഹത്യാശ്രമം മറ്റുള്ളവരെക്കാൾ ഏഴു മടങ്ങ് അധികമാണ് എന്നും കാണാം.

അഥവാ, സമൂഹത്തിന്റെ ചിന്താഗതിയുടെയോ ഫോബിയയുടെയോ തലയിലിട്ട് ഈ കണക്കുകൾ വിശദീകരിക്കാനാവില്ല. തീർത്തും അശാസ്ത്രീയവും അപ്രായോഗികവുമായ പരിഹാര വാഗ്ദാനങ്ങൾ നൽകി ഇവരെ ദുരിതക്കയത്തിലേക്ക് തള്ളിവിടുന്ന എൽജിബിറ്റിക്കാർക്ക് ഈ രക്തക്കറ തങ്ങളുടെ കൈകളിൽ നിന്ന് മായ്ക്കാനാവില്ല. ഇനിയുമെത്ര ജീവനുകൾ തൂങ്ങിയാടിയാലാണ്, ഇനിയുമെത്ര ജന്മങ്ങൾ പിടഞ്ഞുവീണൊടുങ്ങിയാലാണ് നമുക്കീ മഴവിൽഭ്രാന്ത് തുടച്ചുനീക്കാൻ സാധിക്കുക എന്ന ചോദ്യം മാത്രംബാക്കി! ■



ഖാദിയാനി വേദപുസ്തകം 'തദ്കിറ'യിലൂടെ ഒരു യാത്ര 15

# വഹ്‌യുകൾ തിരുത്തുന്ന അനുയായികൾ!

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

**ജീവിതത്തിന്റെ മൂലരേഖ**

അല്ലാഹു അറബി ഭാഷയിൽ അവതരിപ്പിച്ച വഹ്‌യുകളുടെ സമാഹാരം പതിനാല് നൂറ്റാണ്ടുകളായി നമ്മുടെ മുമ്പിലുണ്ട്. മുസ്‌ലിംകളും അല്ലാത്തവരുമായ, പൗരാണികരും ആധുനികരുമായ ഗവേഷകരും വിദ്വാന്മാരും ഭാഷാ വിശാരദന്മാരുമൊക്കെ അതിനെ വിവിധതലങ്ങളിൽ പഠനവിധേയമാക്കിയിട്ടുണ്ട്. ചരിത്രാന്വേഷണങ്ങളും ശാസ്ത്രഗവേഷണങ്ങളും പര്യവേക്ഷണങ്ങളും വഴി കണ്ടെത്തുന്ന പല വസ്തുതകളുടെയും ആത്യന്തിക സ്രോതസ്സ് വിശുദ്ധ ക്വുർആനാണെന്നത് ആരെയും അത്ഭുതപ്പെടുത്തുന്ന ഒരു യാഥാർഥ്യമാണ്. അതുവഴി പലരും വിശ്വാസികളായി മാറിയതും ചരിത്രം തന്നെ.

സയ്യിദ് ഖുതുബ് തന്റെ 'ക്വുർആനിന്റെ തണലിൽ' എന്ന ക്വുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ സൂറതുദ്ദുഖാനിലെ ആദ്യ ആയത്തുകളുടെ

വിശദീകരണത്തിൽ ക്വുർആനിന്റെ സവിശേഷതകൾ വിവരിക്കുന്നത് കാണുക:

'മനുഷ്യ ജീവിതത്തിന് അതിന്റെ വിജയത്തിലേക്കുള്ള വഴി തുറന്നുകിട്ടിയ ആ രാത്രി എത്രയും അനുഗൃഹീതമാണ് എന്നത് നിസ്തർക്കമാണ്. അതിലൂടെയാണ് മനുഷ്യൻ ഈ മഹാ പ്രാപഞ്ചികനിയമങ്ങളുമായി ബന്ധം പുലർത്താൻ തുടങ്ങിയത്. ക്വുർആൻ ഈ പ്രപഞ്ചത്തിന്റെ ഏറ്റവും ലളിതമായ വ്യാഖ്യാനമാണ്. മനുഷ്യപ്രകൃതത്തിന് അതിന്റെ വിളി കേൾക്കാൻ കഴിയും. അതിന്റെ അടിസ്ഥാനത്തിൽ സുസ്ഥിരമായ ഒരു ലോകം കെട്ടിപ്പടുക്കാൻ കഴിയും. ഈ പ്രപഞ്ചവുമായി സഹകരിച്ചുകൊണ്ടും സമരസപ്പെട്ടുകൊണ്ടും ജീവിക്കാൻ കഴിയും; സംശുദ്ധവും സ്വസ്ഥവും മാന്യവുമായ ഒരു ജീവിതം. അത്യധ്വാനമോ പ്രയാസമോ ഇല്ലാത്ത ജീവിതം, സദാസമയവും ആകാശവുമായി ബന്ധം പുലർത്തിക്കൊണ്ടുള്ള ഭൂമിയിലെ ജീവിതം!'

'ക്വുർആൻ ആദ്യമായി അവതരിച്ചു കിട്ടിയവർക്ക് അത്തരമൊരു അത്ഭുതജീവിതം നയിക്കാനുള്ള അവസരമുണ്ടായിട്ടുണ്ട്. അല്ലാഹുവുമായി നിരന്തര ബന്ധം കാത്തുസൂക്ഷിച്ചുകൊണ്ട് ദിവ്യരക്ഷയുടെ തണലിൽ അവർ ജീവിച്ചു. ഏറ്റവുമാദ്യം അല്ലാഹുവിന്റെ ദൃഷ്ടിക്കു മുന്നിലാണ് തങ്ങളെന്ന് വിചാരത്തോടെയാണ് അവർ ജീവിച്ചത്. അവന്റെ നിരീക്ഷണത്തിലാണ് തങ്ങൾ; തദടിസ്ഥാനത്തിലുള്ള സുരക്ഷയിലുമാണ്. ഓരോ ചലനത്തിലും എന്നല്ല ഓരോ ഹൃദയമന്ത്രണത്തിലും ആ ബോധം അവർക്കനുഭവപ്പെട്ടു. ആദ്യമായി അവർ അവനിൽ അഭയം തേടി; ഏറ്റവും അടുത്തുനിന്ന് അവൻ ഉത്തരം നൽകുന്നു എന്ന ദൃഢബോധ്യത്തോടെ.'

'ആ തലമുറ കടന്നുപോയി. എന്നാൽ ക്വുർആൻ ഇപ്പോഴും തുറന്ന പുസ്തകമായി നമ്മുടെ മുമ്പിൽ തന്നെയുണ്ട്; അതിനായി

> **അല്ലാഹു അറബി ഭാഷയിൽ അവതരിപ്പിച്ച വഹ്‌യുകളുടെ സമാഹാരം പതിനാല് നൂറ്റാണ്ടുകളായി നമ്മുടെ മുമ്പിലുണ്ട്. മുസ്‌ലിംകളും അല്ലാത്തവരുമായ, പൗരാണികരും ആധുനികരുമായ ഗവേഷകരും വിദ്വാന്മാരും ഭാഷാവിശാരദന്മാരുമൊക്കെ അതിനെ വിവിധതലങ്ങളിൽ പഠനവിധേയമാക്കിയിട്ടുണ്ട്. ചരിത്രാന്വേഷണങ്ങളും ശാസ്ത്രഗവേഷണങ്ങളും പര്യവേക്ഷണങ്ങളും വഴി കണ്ടെത്തുന്ന പല വസ്തുതകളുടെയും ആത്യന്തിക സ്രോതസ്സ് വിശുദ്ധ ക്വുർആനാണെന്നത് ആരെയും അത്ഭുതപ്പെടുത്തുന്ന ഒരു യാഥാർഥ്യമാണ്. അതുവഴി പലരും വിശ്വാസികളായി മാറിയതും ചരിത്രം തന്നെ.**

ഹൃദയം തുറന്നാൽ പഴയ ആ ദിവ്യാത്ഭുതം കാണിച്ചുതരാനുള്ള കരുത്തോടെ. പലപ്പോഴും ഐതിഹാസികം എന്ന് വിശേഷിപ്പിക്കാവുന്ന വിധത്തിലുള്ള പരിവർത്തനങ്ങൾ സൃഷ്ടിക്കാനുള്ള പ്രാപ്തിയോടെ.'

'ഏതു സാഹചര്യത്തിലും ഏതുകാലത്തുമുള്ള മനുഷ്യജീവിതത്തെ മാതൃകാപരമാക്കാൻ പോന്ന സുവ്യക്തവും സുന്ദരവും സമ്പൂർണവുമായ ഒരു വ്യവസ്ഥിതിയുടെ മൂലരേഖയായി ക്വുർആൻ ഇപ്പോഴും അവശേഷിക്കുന്നു; അതിന്റെ എല്ലാ സവിശേഷതകളോടും കൂടി, യാതൊരു മാറ്റവുമില്ലാതെ. ഇത് ദൈവിക വ്യവസ്ഥയുടെ മാത്രം പ്രത്യേകതയാണ്...'

'ഈ ക്വുർആനിലൂടെ എല്ലാ കാര്യങ്ങൾക്കും തീരുമാനമായി. സുസ്ഥിരമായ സത്യത്തെയും അസ്ഥിരമായ മിഥ്യയെയും അത് വേർതിരിച്ചു. എല്ലാത്തിനും പരിധികൾ നിർണയിച്ചു. സുഗമമായ മനുഷ്യജീവിതയാത്രക്ക് അന്ത്യനാൾവരെ ആവശ്യമായ വഴിയടയാളങ്ങൾ സ്ഥാപിച്ചു...!'

'ഇതൊക്കെ അല്ലാഹുവിന്റെ ഹിതമായിരുന്നു. കാര്യങ്ങൾ തീരുമാനിക്കാൻ ദൈവദൂതരെ അയക്കുന്നതുൾപ്പെടെ അന്ത്യനാൾവരേക്കും മനുഷ്യന് ലഭിച്ച ദൈവകാരുണ്യമായിരുന്നു അവ. ഈ കാരുണ്യം അവതരണത്തിൽ മാത്രമല്ല മനുഷ്യഹൃദയത്തെ അതിവേഗം സ്പർശിക്കുന്ന അതിന്റെ ലാളിത്യത്തിലും തെളിഞ്ഞുനിൽക്കുന്നു. സിരകളിൽ രക്തം പ്രവഹിക്കുന്നതുപോലെ അത് മനുഷ്യരിലൂടെ പ്രസരിക്കുന്നു. അങ്ങനെ ആ സൃഷ്ടിയെ ഒരു ഉത്തമ മനുഷ്യനായി പരിവർത്തിപ്പിക്കുന്നു. മനുഷ്യസമൂഹത്തെ ആർക്കും കണ്ണുകൊണ്ട് കാണാവുന്ന ഒരു സ്വപ്നമാക്കി മാറ്റുന്നു' (വാള്യം 10, പേജ് 779-781)

**ക്വുർആനിന്റെ അജയ്യത**

ക്വുർആനിലേതുപോലെ ഒരു അധ്യായം രചിക്കാനുള്ള അതിന്റെ വെല്ലുവിളി പതിനാല് നൂറ്റാണ്ടുകൾക്ക് ശേഷവും സ്വീകരിക്കപ്പെടാനാവാതെ നിലനിൽക്കുകയാണ്. പുനരുദ്ധാനദിനംവരെ അതിന്റെ സുരക്ഷ അല്ലാഹുവിന്റെ കൈകളിൽ ഭദ്രമാണ്.

ക്വുർആൻ സൂക്തങ്ങളുടെതുപോലെയുള്ള അറബി വചനങ്ങൾ നിർമിക്കാനുള്ള ശ്രമം പ്രവാചകന്റെ ജീവിതകാലത്ത് തുടങ്ങി ഏറ്റവുമൊടുവിൽ കൊറോണാ സൂക്തങ്ങളിൽ എത്തിനിൽക്കുന്നു. ഇടക്ക് കഴിഞ്ഞ നൂറ്റാണ്ടിൽ മിർസാഗുലാം അഹ്മദ് ഖാദിയാനിയും ഒരു ശ്രമം നടത്തുകയുണ്ടായി. അതിനെക്കുറിച്ചാണ് നാം പറഞ്ഞു വരുന്നത്.

'തദ്കിറ'യിൽ ഒരു വചനം മാത്രം ഉള്ളതും നിരവധി വചനങ്ങൾ ഉള്ളതുമായ കുറെ അധ്യായങ്ങൾ കാണാം. അവയിൽ 103 സൂക്തങ്ങളുള്ള ഒരു അധ്യായത്തിന്റെ ആദ്യ ഭാഗമാണ് നാം പരിശോ



*പ്രവാചകത്വവാദത്തിന്
മുമ്പുള്ള വഹ്‌യുകൾ*

നൂറിലേറെ വചനങ്ങളുള്ള ചില അധ്യായങ്ങൾ പോലും മിർസാ ഖാദിയാനിക്ക് ആ കാലത്ത് അവതരിച്ചുവത്രെ! അവയിലൊന്ന് ഇങ്ങനെയാണ് തുടങ്ങുന്നത്:

'ക്ഷമയും നമസ്കാരവും കൊണ്ട് സഹായം തേടുക. ഇബ്റാഹീമിന്റെ സ്ഥാനത്തെ നമസ്കാരസ്ഥലം ആക്കുക. അല്ലാഹു തന്റെ അനുഗ്രഹം കൊണ്ട് നിനക്ക് തണലേകും. നിന്റെ വിലാപം കേൾക്കും. നിന്നിൽ കരുണ കാണിക്കും. നിന്നെ രക്ഷിക്കാൻ ആരുമില്ലെങ്കിലും അല്ലാഹു നിന്നെ രക്ഷിക്കും. അവൻ തന്റെ സഹായത്താൽ നിന്നെ സംരക്ഷിക്കും.'

'നിഷേധി നിനക്കെതിരെ കുതന്ത്രം പ്രയോഗിച്ചപ്പോൾ; ഹാമാനേ, എനിക്ക് നിർമിച്ചു താ, ഞാൻ മൂസയുടെ ദൈവത്തെ ഒന്ന് എത്തിനോക്കട്ടെ. അവൻ കളവു പറയുന്നവരിൽ പെട്ടവനാണെന്ന് ഞാൻ കരുതുന്നു.'

ധിക്കുന്നത്. ഇത് അവതരിച്ചത് 1883ലാണ്. അന്ന് അയാൾ പ്രവാചകത്വമോ മസീഹ് വാദമോ ഉന്നയിച്ചിരുന്നില്ല. എത്രത്തോളമെന്നാൽ മുജദ്ദിദോ കാലത്തിന്റെ ഇമാമോ ആണെന്ന് പോലും പറഞ്ഞിരുന്നില്ല. അഹ്മദിയ്യ ജമാഅത്ത് സ്ഥാപിച്ചിരുന്നുമില്ല. തന്റെ രചനയായ ബറാഹീനെ അഹ്മദിയ്യയിലൂടെ തനിക്ക് കുറെ വെളിപാടുകൾ ലഭിക്കുന്നു എന്നതായിരുന്നു അക്കാലത്ത് മിർസയുടെ വാദം.

താൻ പ്രവാചകനായി നിയോഗിക്കാത്ത ഒരാൾക്ക് അല്ലാഹു വഹ്‌യ് നൽകുമോ എന്നത് പ്രസക്തമായ ചോദ്യമാണ്. എന്നാൽ ഖാദിയാനി വിഭാഗത്തിന്റെ നേതാക്കൾ യോഗം ചേർന്ന് ഭൂരിപക്ഷാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന ഖലീഫമാർക്ക് അല്ലാഹു വഹ്‌യ് നൽകുന്നുവെന്ന് വിശ്വസിക്കുന്നവരെ ഈ ചോദ്യം അലോസരപ്പെടുത്തുകയില്ല. തന്റെ അനുയായി ചിറാഗുദ്ദീന് ലഭിച്ച വഹ്‌യുകളെപ്പറ്റി മിർസാ ഖാദിയാനി പറഞ്ഞതും ശ്രദ്ധേയമാണ്. 'നായ്ക്കൾക്ക് എല്ലിൻകഷണം ഇട്ട് കൊടുക്കുന്ന പോലെ ചില വഹ്‌യുകൾ അല്ലാഹു ചിറാഗുദ്ദീന് നൽകിയിട്ടുണ്ട്' എന്നായിരുന്നു ആ കമന്റ്! അത്തരം എല്ലിൻ കഷ്ണങ്ങളായിരിക്കാം ഈ ആദ്യകാല വചനങ്ങൾ.

**താൻ പ്രവാചകനായി നിയോഗിക്കാത്ത ഒരാൾക്ക് അല്ലാഹു വഹ്‌യ് നൽകുമോ എന്നത് പ്രസക്തമായ ചോദ്യമാണ്. എന്നാൽ ഖാദിയാനി വിഭാഗത്തിന്റെ നേതാക്കൾ യോഗം ചേർന്ന് ഭൂരിപക്ഷാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന ഖലീഫമാർക്ക് അല്ലാഹു വഹ്‌യ് നൽകുന്നുവെന്ന് വിശ്വസിക്കുന്നവരെ ഈ ചോദ്യം അലോസരപ്പെടുത്തുകയില്ല. തന്റെ അനുയായി ചിറാഗുദ്ദീന് ലഭിച്ച വഹ്‌യുകളെപ്പറ്റി മിർസാ ഖാദിയാനി പറഞ്ഞതും ശ്രദ്ധേയമാണ്. 'നായ്ക്കൾക്ക് എല്ലിൻകഷണം ഇട്ട് കൊടുക്കുന്ന പോലെ ചില വഹ്‌യുകൾ അല്ലാഹു ചിറാഗുദ്ദീന് നൽകിയിട്ടുണ്ട്' എന്നായിരുന്നു ആ കമന്റ്! അത്തരം എല്ലിൻ കഷ്ണങ്ങളായിരിക്കാം ഈ ആദ്യകാല വചനങ്ങൾ.**

'അബൂലഹബിന്റെ രണ്ടുകൈകളും നശിച്ചു. അവനും നാശമടഞ്ഞു. ഭയപ്പെടാതെ അവന് അതിലേക്ക് പ്രവേശിക്കാൻ ആവുമായിരുന്നില്ല. അല്ലാഹുവിങ്കൽ നിന്നല്ലാതെ നിന്നിലേക്ക് ഒന്നും ചെല്ലുകയില്ല.'

'ഈ ഇടം പരീക്ഷണമാണ്. ദൃഢചിത്തരായവർ ക്ഷമിച്ചതുപോലെ നീയും ക്ഷമ കൈക്കൊള്ളുക. ഈ പരീക്ഷണം അല്ലാഹുവിൽനിന്നാണ്. അവനെ സർവത്ര സ്നേഹിക്കാൻ വേണ്ടി അല്ലാഹുവിൽ നിന്നുള്ള പരീക്ഷണമാണിത്. മാന്യനും മഹാനുമായ അല്ലാഹുവിൽനിന്നുള്ള അനശ്വരമായ സമ്മാനമാണിത്.'

'രണ്ട് ആടുകൾ അറുക്കപ്പെടും. എല്ലാവർക്കും മരണം നിശ്ചിതമാകുന്നു.'

'നിങ്ങൾ ഖേദിക്കരുത്, ദുഃഖിക്കരുത്. തന്റെ ദാസനെ അല്ലാഹു മതിയാവില്ലേ? നിശ്ചയമായും അല്ലാഹു എല്ലാറ്റിനും കഴിവുള്ളവനാണെന്ന് നിനക്കറിയില്ലേ? അവർക്കെതിരെ സാക്ഷിയായി നാം നിന്നെ കൊണ്ടുവരും.'

'അല്ലാഹു പൂർണമായി നിന്റെ പ്രതിഫലം നൽകി. നിന്നെ തൃപ്തിപ്പെട്ടു നിന്റെ പേര് പൂർണമാക്കി. നീ ഏതൊന്നിനെ ഇഷ്ടപ്പെടുന്നുവോ അത് നിനക്ക് തിന്മയിയേക്കാം. നീ വെറുക്കുന്ന ഒരു കാര്യം നിനക്ക് ഗുണകരവുമാവാം. അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല.'

'ഞാൻ മറക്കപ്പെട്ട നിധിയായിരുന്നു. അറിയപ്പെടണം എന്ന് ഞാൻ ഉദ്ദേശിച്ചു. ആകാശഭൂമികൾ എല്ലാം ഒട്ടിച്ചേർന്ന പിണ്ഡമായിരുന്നു. നാം അതിനെ വേർപ്പെടുത്തി. അവർ നിന്നെ പരിഹസിക്കുകയാണ് ഇവനെയാണോ അല്ലാഹു

നിയോഗിച്ചത്? പറയുക, നിശ്ചയം നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ്. തീർച്ചയായും നിങ്ങളുടെ ഇലാഹ് ഏകനാണെന്ന് എനിക്ക് വഹ്‌യ് ലഭിക്കുന്നു' (പേജ് 89-92).

ആദ്യത്തെ 24 വചനങ്ങളാണിവ. എട്ടു വർഷങ്ങൾക്ക് ശേഷം വാഗ്ദത്ത മസീഹും പിന്നെയും പത്ത് വർഷങ്ങൾ കഴിഞ്ഞു പ്രവാചകനുമായി 'നിയമിക്കപ്പെടാൻ പോകുന്ന' ഒരു വ്യക്തിക്ക് മുൻകൂറായി അവതരിപ്പിച്ചു കൊടുത്ത നൂറുകണക്കിന് വചനങ്ങളിൽ ചില മാതൃകകൾ! ഈ നമ്പറിൽ താഴെ കൊടുത്ത അറബി മൂലം പരിശോധിക്കുക. ഇടക്ക് വിശുദ്ധ ക്വുർആനിൽ നാം വായിച്ചിട്ടുള്ള വചനങ്ങൾ അതേപോലെ എടുത്തു ചേർത്തതും ചിലത് ചെത്തിമിനുക്കി തന്റേതാക്കിയതും കാണാം. ക്വുർആൻ സൂക്തങ്ങളും മിർസാ ഖാദിയാനിക്ക് സ്വന്തമായി അവതരിച്ചതും താരതമ്യം ചെയ്തു നോക്കുക (നഊദു ബില്ലാഹ്), ഒരേ സ്രോതസ്സിൽ നിന്നാണോ അല്ലേ എന്ന് എളുപ്പം കണ്ടെത്താനാവും.

ഇയാളെ അല്ലാഹു നിയോഗിച്ചിട്ടുണ്ടോ? തന്നെ നിയോഗിച്ചതായി അദ്ദേഹം ആരോടും പറഞ്ഞിട്ടുമില്ല. 'ബറാഹീനെ അഹ്മദിയ്യ'യിലാണ് ആദ്യമായി ഈ വചനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. അതിലൂടെ അദ്ദേഹം പിൽക്കാലത്ത് പ്രവാചകത്വം വാദിക്കാൻ മനഃവൂർയം കളമൊരുക്കുകയായിരുന്നു എന്നാണ് ആർക്കും മനസ്സിലാക്കാനാവുക.

ആധുനിക കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന മനുഷ്യസമൂഹത്തിന് ഈ സൂക്തങ്ങളിലൂടെ എന്ത് സന്ദേശമാണ് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്? ലോകാവസാനം വരെയുള്ള വിശ്വാസികൾക്ക് എന്ത് പാഠമാണ് ഇതിൽനിന്ന് ലഭിക്കുക? ഇത് വായിച്ചു മനസ്സിലാക്കി ആശയം ഗ്രഹിച്ച് സ്വീകരിച്ചവനും സ്വീകരിക്കാതെ പുല്ലുവില കൽപിച്ചവനും തമ്മിൽ എന്ത് വ്യത്യാസമാണുണ്ടാവുക? നേരത്തെ വിശദീകരിച്ച പോലെ വിശുദ്ധ ക്വുർആൻ സ്വീകരിച്ചവനും തിരസ്കരിച്ചവനും തമ്മിലുള്ളത് പോലെ വ്യത്യാസം ഇവിടെ കാണാനാകുമോ?

**ഇയാളെ അല്ലാഹു നിയോഗിച്ചിട്ടുണ്ടോ? തന്നെ നിയോഗിച്ചതായി അദ്ദേഹം ആരോടും പറഞ്ഞിട്ടുമില്ല. 'ബറാഹീനെ അഹ്മദിയ്യ'യിലാണ് ആദ്യമായി ഈ വചനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. അതിലൂടെ അദ്ദേഹം പിൽക്കാലത്ത് പ്രവാചകത്വം വാദിക്കാൻ മനഃവൂർയം കളമൊരുക്കുകയായിരുന്നു എന്നാണ് ആർക്കും മനസ്സിലാക്കാനാവുക. ആധുനിക കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന മനുഷ്യസമൂഹത്തിന് ഈ സൂക്തങ്ങളിലൂടെ എന്ത് സന്ദേശമാണ് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്? ലോകാവസാനം വരെയുള്ള വിശ്വാസികൾക്ക് എന്ത് പാഠമാണ് ഇതിൽനിന്ന് ലഭിക്കുക? ഇത് വായിച്ചു മനസ്സിലാക്കി ആശയം ഗ്രഹിച്ച് സ്വീകരിച്ചവനും സ്വീകരിക്കാതെ പുല്ലുവില കൽപിച്ചവനും തമ്മിൽ എന്ത് വ്യത്യാസമാണുണ്ടാവുക?**

പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അവതീർണമായ വിശുദ്ധ ക്വുർആനിലെ ചെറുതും വലുതുമായ 114 അധ്യായങ്ങളിൽ ആറായിരത്തിലധികമുള്ള സൂക്തങ്ങളിൽ ഒന്നെങ്കിലും ആശയസമ്പന്നമല്ലാത്തതായി നമുക്ക് കാണാൻ പറ്റുമോ? അവയുടെ ആശയഗരിമയുടെ ആഴം കണ്ടെത്താൻ മനുഷ്യർ ശ്രമിച്ചു കൊണ്ടിരിക്കുന്നു, അന്നും ഇന്നും.

ആ ദിവ്യഗ്രന്ഥത്തോട് ഇതിനെ താരതമ്യം ചെയ്യുകയല്ല; അത് അവിവേകമാണെന്ന് അറിയാം. ഈ ക്ഷുദ്രകൃതി 'നിഴൽക്വുർആൻ' ആണെന്നും വിശുദ്ധ ക്വുർആനിന്റെ രണ്ടാം വാല്യമാണെന്നും അവകാശപ്പെടുന്നവരുടെ തൊലിക്കട്ടിയെപ്പറ്റിയാണ് നാം അത്ഭുതപ്പെടുന്നത്.

**ഒടിയൻ!**


ഇനി ചരിത്രവസ്തുതകളുമായി ഏറ്റുമുട്ടുന്ന ചില ഖാദിയാനി വഹ്‌യുകളും ദർശനങ്ങളും കാണുക:

'1903 ജനുവരി 22. ഒരു ദർശനത്തിൽ റഷ്യയിലെ സാർ ചക്രവർത്തിയുടെ ചെങ്കോലും അവിസന്ന (ബൂ അലി സീന)യുടെ സമകാലികനും രാജനീതിയിൽ സുപ്രസിദ്ധനുമായ ഖുവാരിസ്മി രാജാവിന്റെ അമ്പും വില്ലും തന്റെ കൈയിൽ കിട്ടിയെന്നും ചെങ്കോൽ തോക്ക് പോലെ തോന്നിച്ചെന്നും സിംഹത്തെ വേട്ടയാടി എന്നുമൊക്കെ പിച്ചും പേയും പറയുന്നത് കാണാം' (പേജ് 470).

1956ലെ പതിപ്പിൽ നിന്നാണ് ഇത് എടുത്തെഴുതിയത്. അവിസന്നയും ഖുവാരിസ്മി രാജാവും ഒന്നിച്ചാണ് കശ്ഫിൽ പ്രത്യക്ഷപ്പെടുന്നത്!

ക്രി: 1152 മുതൽ 1231 വരെ ഭരണം നടത്തിയ ഖുവാരിസ്മി രാജവംശത്തിലെ നീതിമാനായ രാജാവും 980ൽ ഉസ്ബകിസ്ഥാനിൽ ജനിച്ച് 1037ൽ ഇറാനിലെ ഹമദാനിൽ നിര്യാതനായ അബൂ അലി സീനയും സമകാലികരായിരുന്നുവെന്ന് ബോധനം ലഭിച്ചത് അല്ലാഹുവിൽനിന്നല്ലെന്ന് സുതരാം വ്യക്തമാണല്ലോ!

2004ലെ പുതിയ പതിപ്പിൽ ഖുവാരിസ്മി എന്ന പേര് ഒഴിവാക്കി ഒരു രാജാവ് എന്നാണ് പറയുന്നത്. തങ്ങളുടെ പ്രവാചകന്റെ വിവരക്കേട് പുതിയ തലമുറയെ അറിയിക്കേണ്ട എന്ന് കരുതിയാവാം ഖാദിയാനി ഖലീഫമാർ വഹ്‌യിലെ ആ ഭാഗം എഡിറ്റ് ചെയ്തത്.



*വ്യത്യസ്ത പതിപ്പുകളിൽ ഒരേ വഹ്‌യ് ആവശ്യാനുസരണം എഡിറ്റ് ചെയ്തത്*

പുതിയ പതിപ്പിൽ ഈ 'ദിവ്യ ബോധന'ത്തിന്റെ തീയതിയിലും വ്യത്യാസമുണ്ട്. അതിൽ 1903 ജനുവരി 30നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വഹ്‌യുകളിലും ഇൽഹാമുകളിലും കടന്നുകൂടിയ തെറ്റുകൾ ഖലീഫമാർ തിരുത്തുകയാണ്. ഗുരുതരമായ തെറ്റുകൾ ആരെങ്കിലും ചൂണ്ടിക്കാണിക്കുമ്പോൾ തിരുത്തേണ്ടത് തന്നെ. പക്ഷേ, തിരുത്തപ്പെടുന്നത് അല്ലാഹുവിന്റെ വഹ്‌യാണെന്നതാണ് രസകരം!

**സ്വപ്നം കാണുന്നത് കുറ്റകരമല്ല**

'ഖുസ്രുവിന്റെ കാലത്തിന് തുടക്കമായി. മുസ്‌ലിംകളെ വീണ്ടും മുസ്‌ലിംകളാക്കുന്ന പ്രവർത്തിയും തുടങ്ങി.' 1906 മാർച്ച് 11ന് അവതരിച്ച ഒരു പേർഷ്യൻ കവിതാ വഹ്‌യാണിത്. തുടർന്നു പറയുന്നു:

'ഖുസ്രുവിന്റെ കാലം എന്നതിന്റെ വിവക്ഷ എന്റെ പ്രബോധനകാലമാകുന്നു. ഇതിൽ ലൗകികമായ ഭരണം ഉദ്ദേശ്യമല്ല. മറിച്ച്, ദൈവികമായ ഭരണമാണ് എനിക്ക് നൽകപ്പെട്ടത്. വഹ്‌യിന്റെ അർഥമിതാണ്. ഖുസ്രൂ കാലഘട്ടം അഥവാ അല്ലാഹുവിന്റെയടുത്ത് ആത്മീയഭരണം എന്ന് പറയുന്ന മസീഹിന്റെ ഭരണകാലം ആറായിരാമാണ്ടിന്റെ അവസാനത്തോടെ ആരംഭിച്ചു. അതാണ് അല്ലാഹുവിന്റെ വിശുദ്ധരായ ദൂതൻമാർ പ്രവചിച്ചത്. പ്രത്യക്ഷത്തിൽ മുസ്‌ലിംകൾ എന്ന് വാദിക്കുന്നവരെ യഥാർഥ മുസ്‌ലിംകളാക്കുന്ന പ്രക്രിയ ആരംഭിച്ചു. ഇപ്പോൾ നാല് ലക്ഷത്തിനടുത്തായി അവരുടെ ജനസംഖ്യ' (പേജ് 514).

ലോകത്ത് ഇസ്‌ലാമിക ഖിലാഫത്ത് അഥവാ ദൈവികഭരണം സ്ഥാപിക്കുന്നതിനു കൂടിയാണ് ഈസാനബി(അ)യെ അല്ലാഹു വീണ്ടും നിയോഗിക്കുക എന്നാണ് സ്വഹീഹായ ഹദീസുകളുടെ പാഠം. പകരം വന്ന ആൾക്ക് അ സ്വപ്നത്തിൽ മാത്രം സാധിക്കുന്ന കാര്യമായിരുന്നു അത്. തന്റെ പിതാമഹന്മാർക്കുണ്ടായിരുന്ന 'നാട്ടുരാജാവ്' പദവി പോലും നഷ്ടപ്പെട്ടതോടെ ഒരു 'വത്തിക്കാൻ' പോലും ഭരിക്കാൻ ഇല്ലാത്ത ദുരവസ്ഥയിൽ അദ്ദേഹത്തിന് മരിക്കേണ്ടിവന്നു! അപ്പോൾ കണ്ടെത്തിയ വ്യാഖ്യാനമാണ് ഖിലാഫത്ത് കൊണ്ട് ഉദ്ദേശിക്കുന്നത് ആത്മീയഭരണമാണെന്നത്! അതിലെ പ്രജകളുടെ എണ്ണമാണ് ഈ പറയുന്ന 'നാല് ലക്ഷം.' പിൽക്കാലത്ത് ഇത് പച്ചനുണയാണെന്ന് തെളിയുകയും ചെയ്തു. ളില്ലി (നിഴൽ) പ്രവാചകനും സദൃശമസീഹിനും 'നിഴൽ ഭരണം' മതിയാകുമല്ലോ. കുറച്ചുകാലമായി ഖലീഫമാരുടെ ലോകഭരണം ലണ്ടനിലെ രണ്ടേക്കറിലെ 'ഇസ്‌ലാമാബാദ്' തലസ്ഥാനമാക്കിയാണ്!

വെളിപാടുകളിലും ദർശനങ്ങളിലും കിസ്രായും ഖുസ്രുവും സാർ ചക്രവർത്തിയും മുഗൾ ഷഹിൻഷായും ഒക്കെയായി ഒടിമറിയുന്നതിന് പ്രയാസമൊന്നുമില്ല. ഇപ്പോഴത്തെ ഖലീഫക്ക് അമേരിക്കൻ പ്രസിഡന്റോ സൗദി രാജാവോ ആണെന്നൊക്കെ സ്വപ്നം കാണുന്നത് ശിക്ഷാർഹമായ കുറ്റവുമല്ല. 'നബി'യുടെയും 'ഖലീഫ'മാരുടെയും കിരീടം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. അനുയായികളിൽനിന്ന് 'ചന്ദ' പിരിച്ചാണ് ജീവിക്കുന്നത് എന്നത് വേറെ കാര്യം. ■

**ലോകത്ത് ഇസ്‌ലാമിക ഖിലാഫത്ത് അഥവാ ദൈവികഭരണം സ്ഥാപിക്കുന്നതിനു കൂടിയാണ് ഈസാനബി(അ)യെ അല്ലാഹു വീണ്ടും നിയോഗിക്കുക എന്നാണ് സ്വഹീഹായ ഹദീസുകളുടെ പാഠം. പകരം വന്ന ആൾക്ക് അ സ്വപ്നത്തിൽ മാത്രം സാധിക്കുന്ന കാര്യമായിരുന്നു അത്. തന്റെ പിതാമഹന്മാർക്കുണ്ടായിരുന്ന 'നാട്ടുരാജാവ്' പദവി പോലും നഷ്ടപ്പെട്ടതോടെ ഒരു 'വത്തിക്കാൻ' പോലും ഭരിക്കാൻ ഇല്ലാത്ത ദുരവസ്ഥയിൽ അദ്ദേഹത്തിന് മരിക്കേണ്ടിവന്നു! അപ്പോൾ കണ്ടെത്തിയ വ്യാഖ്യാനമാണ് ഖിലാഫത്ത് കൊണ്ട് ഉദ്ദേശിക്കുന്നത് ആത്മീയഭരണമാണെന്നത്! അതിലെ പ്രജകളുടെ എണ്ണമാണ് ഈ പറയുന്ന 'നാല് ലക്ഷം.' പിൽക്കാലത്ത് ഇത് പച്ചനുണയാണെന്ന് തെളിയുകയും ചെയ്തു.**



# രക്ഷിതാക്കൾ മാതൃകയാവുക

ഡോ.യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

അടുത്തിടെ ഒരു റെസ്റ്റോറന്റിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ഇടമുറിയാതെയുള്ള കാർട്ടൂൺ ശബ്ദം വരുന്ന ദിശയിലേക്ക് കണ്ണോടിച്ചു നോക്കിയപ്പോൾ, ഒരു കുരുന്നുബാലിക തന്റെ ചുറ്റിലുള്ളതൊന്നും ശ്രദ്ധിക്കാതെ തന്റെ വായിലേക്ക് വരുന്ന ഉരുളകളെ യാന്ത്രികമായി വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്...! അടുത്ത ഒരു ബന്ധുവിന്റെ വീടുകൂടൽ ചടങ്ങിൽ പങ്കെടുത്ത വേളയിൽ ഒരു കൗമാരക്കാരൻ താൻ മറ്റൊരു വീട്ടിലാണെന്നോ തന്റെ ചുറ്റും അനേകം അതിഥികൾ ഇരിക്കുന്നുണ്ടെന്നോ ഉള്ള ഭാവം പോലുമില്ലാതെ വീഡിയോ ഗെയിമിൽ മുഴുകിയിരിക്കുകയാണ്...!

ഈ പറഞ്ഞതൊന്നും ഒറ്റപ്പെട്ട സംഭവങ്ങളല്ല. ദിനേനയെന്നോണം നമ്മുടെയെല്ലാം ശ്രദ്ധയിൽ പെടുന്ന കാഴ്ചകളാണ് ഇവ. യാതൊരുവിധ നിയന്ത്രണങ്ങളുമില്ലാതെ മക്കളുടെ കൈകളിൽ മൊബൈൽ ഫോൺ നൽകുന്ന രക്ഷിതാക്കൾ എത്ര ലാഘവത്തോടെയാണ് ഇതെല്ലാം നോക്കിക്കാണുന്നത്! മറ്റുള്ളവരുമായി, വിശിഷ്യാ രക്ഷിതാക്കളും കുട്ടികളും പരസ്പരം ഇടപഴകുന്ന സമയമാണ് മൊബൈൽ ഫോൺ ഉപയോഗത്തിലൂടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്.

മൊബൈൽ ഫോൺ വ്യാപകമാകുന്നതിനു മുമ്പുള്ള അവസ്ഥയെക്കുറിച്ചൊന്ന് ആലോചിച്ചു നോക്കുക. മുറ്റത്തിറങ്ങി കാക്കയെയും പൂച്ചയെയും പൂമ്പാറ്റയെയും അമ്പിളിമാമനെയും കാണിച്ചു കഥപറഞ്ഞ് മക്കൾക്ക് ഭക്ഷണം കൊടുത്തിരുന്ന ഉമ്മമാരെ അന്ന് കാണാമായിരുന്നു. ഇന്ന് ഭക്ഷണം കഴിക്കണമെങ്കിൽ കുട്ടികൾക്ക് ഫോൺ കൈയിൽ കിട്ടണം. ആ ഉമ്മമാരോട് മക്കൾക്ക് ഒരുപാടൊരുപാട് സംശയങ്ങൾ ചോദിക്കാനുണ്ടായിരുന്നു. ഉമ്മമാർ അവരുടെ ചോദ്യങ്ങൾ കൗതുകത്തോടെ കേൾക്കുകയും താൽപര്യത്തോടെ മറുപടി നൽകുകയും ചെയ്തിരുന്നു. ഇന്ന് അത്തരം സംശയങ്ങളില്ല, മറുപടികളുമില്ല. അവധി ദിവസങ്ങളിൽ അയൽപക്കത്തെ കുട്ടികളുമായി ഒത്തുകൂടുകയും പലവിധ കളികളിൽ ഏർപ്പെടുകയും ചെയ്യുമായിരുന്നു. പരാതികളും പിണക്കങ്ങളും ഇണക്കങ്ങളും കാണാമായിരുന്നു.

പഠന വിഷയങ്ങളിലും പാഠ്യേതര വിഷയങ്ങളിലും തനിക്കുണ്ടാകുന്ന സംശയങ്ങൾ വീട്ടുകാരോടും അധ്യാപകരോടും പങ്കുവെക്കുന്നത് കാണാമായിരുന്നു. യഥാർഥത്തിൽ ഇത്തരം സഹവാസങ്ങൾ കുട്ടികളുടെ ശരിയായ മാനസിക വളർച്ചയെ വളരെയധികം സ്വാധീനിക്കുന്നവയാണ്. എന്നാൽ, മൊബൈൽ ഫോൺ ഉപയോഗത്തിന്റെ ആധിക്യം ഇത്തരം സാഹചര്യങ്ങളിൽനിന്നെല്ലാം കുട്ടികളെ അകറ്റിനിർ ത്തുകയും അത് സാമൂഹികമായ അടുപ്പം ഇല്ലാതാക്കുകയും ഭാവി ജീവിതത്തെ പ്രതികൂലമായി ബാധിക്കു കയും ചെയ്യുന്നു എന്നത് നാം തിരിച്ചറിയേണ്ടതുണ്ട്.

കൂട്ടുകാരുമായോ അധ്യാപകരുമായോ വീട്ടുകാരുമായോ ഒക്കെ ഉണ്ടാകുന്ന ചെറിയ വഴക്കുകൾ പോലും പുതുതലമുറയെ വളരെയധികം അസ്വസ്ഥരാക്കുന്നതും അവഗണിക്കപ്പെടുന്ന വൃദ്ധമാതാപിതാക്കളുമെല്ലാം ഇതിന്റെ അനന്തര ഫലങ്ങളിൽ ചിലത് മാത്രമാണ്. വീട്ടിലുള്ള പ്രായം ചെന്ന തന്റെ മാതാപിതാക്കളെ വേണ്ടവിധം പരിഗണിച്ച് മക്കൾക്ക് മാതൃക കാണിക്കാൻ രക്ഷിതാക്കൾക്ക് പോലും ഇന്ന് സമയം കണ്ടെത്താൻ കഴിയുന്നില്ല എന്നത് മറ്റൊരു വാസ്തവമാണ്.

മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കുവാൻ ആദ്യം രക്ഷിതാക്കൾ ശീലിക്കണം. വീട്ടിലെ എല്ലാ അംഗങ്ങളും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന അവസ്ഥയുണ്ടാകണം. പരസ്പരം ആശയവിനിമയം നടത്തണം. കുട്ടികൾക്ക് മൊബൈൽ ഫോണിൽ സമയം ചെലവഴിക്കുന്നതിനെക്കാൾ ഇഷ്ടം മാതാപിതാക്കളുമായുള്ള സഹവാസത്തോടും കൊച്ചു വർത്തമാനത്തോടുമായിരിക്കണം. അതിനുള്ള അന്തരീക്ഷം ഒരുക്കേണ്ട ഉത്തരവാദിത്തം രക്ഷിതാക്കൾക്കു തന്നെയാണ്.




**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
13 MAY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

**രണ്ട് വാല്യങ്ങൾ**




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478